MADRAS

# ഗുരുനാഥൻ.

പുസ്തകം 7. | 1103 ധനു | ലക്കം 5.

## *"അദ്ധ്യക്ഷപ്രസംഗം"

(മൂക്കോത്തു കുമാരൻ)

കവികുഞ്ജരന്മാരും വിമർശകകേസരികളും പണ്ഡിതവ്യാഘ്രങ്ങളും അടങ്ങിയ ഈ മഹാസദസ്സിനെ ഞാൻ ഭക്തിബഹുമാനപൂർവ്വം അഭിവാദ്യം ചെയ്യുന്നു.

ഇങ്ങിനെയുള്ള ഒരു മഹാസഭയിൽ അദ്ധ്യക്ഷത വഹിപ്പാനുള്ള യോഗ്യത ഒന്നുകൊണ്ടും എനിക്കില്ലെന്നു മററുള്ളവർ അറിയുന്നതിനെക്കാളം വ്യക്തമായി ഞാൻ അറിയുന്നു. എന്നാൽ ഈ സ്ഥാനം വഹിക്കേണമെന്നു് അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ആവശ്യപ്പെട്ടതിനെ, ഒരിക്കലും ലംഘിപ്പാൻ പാടില്ലാത്ത ഒരു കല്പനയായിട്ടു കരുതിയാണു ഞാൻ അതിന്നു് അനുകൂലിച്ചതു്. കേരളഭാഷയെ മാതൃനിർവ്വിശേഷമായ യഥാർത്ഥഭക്തിയോടുകൂടി ആദരിക്കുകയും അതിന്റെ അഭിവൃദ്ധിക്കായി നിർവ്യാജം പരിശ്രമിക്കുകയും ചെയ്യുന്നവർ നമ്മുടെ വല്ല രാജകോവിലകങ്ങളെയും ഇക്കാലത്തു് അലങ്കരിക്കുന്നവരായി ഉണ്ടെങ്കിൽ അവരിൽ പ്രഥമഗണനീയൻ നമ്മളൊക്കെ സ്നേഹത്തോടും ആദരവോടുംകൂടി ബഹുമാനിക്കുന്ന സാഹിത്യനായകൻ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടാണല്ലൊ. ഭാഷാസാഹിത്യത്തിന്റെ അഭിവൃദ്ധിയെ പുരസ്കരിച്ചു് അവിടുന്നു് എന്തു ചെയ്യുന്നതും ഉത്തമവിശ്വാസത്തോടും ഗാഢമായ മുന്നാലോചനയോടുംകൂടി ആയിരിക്കുമെന്നു് എനിക്കു നേരിട്ടു് അനുഭവമായ പരമാർത്ഥമാണു്. അതുകൊണ്ടു് ഒരു സേനാനായകൻ കല്പിക്കുന്ന കല്പനക്കു കീഴിലുള്ള ഭടന്മാരിൽ ഒരാൾ വഴങ്ങി പ്രവർത്തിപ്പാൻ എപ്പോഴും സന്നദ്ധനായിരിക്കേണ്ടുന്ന അനുസരണബുദ്ധിയോടുകൂടിയാണു ഞാൻ ഇന്നു് ഈ അദ്ധ്യക്ഷത വഹിക്കുന്നതു്. എന്റെ കൃത്യം നിറവേററുന്നതിൽ വല്ല തെററുവ്യത്യാസങ്ങളും വന്നുപോകുന്നുണ്ടെങ്കിൽ അതിനുള്ള കാരണം എന്റെ അജ്ഞതയും അപ്രാപ്തിയും ആണെന്നു മനസ്സിലാക്കി നിങ്ങളൊക്കെ സദയം ക്ഷമിക്കേണ

* 1927 ഡിസമ്പർ 30-ാംനു- തൃശ്ശിവപേരൂരിൽവെച്ചു നടന്ന സമസ്തകേരള സാഹിത്യപരിഷത്തിന്റെ ആദ്യസമ്മേളനത്തിൽ അദ്ധ്യക്ഷന്റെ നിലയിൽ ശ്രീമാൻ മൂക്കോത്തു കുമാരൻ ചെയ്ത പ്രസംഗം.

മെന്ന് അപേക്ഷിക്കുകയും, അതിൽ വല്ല ഗുണഭാഗവും ഉണ്ടെങ്കിൽ അത് ഇവിടെ പ്രദർശിപ്പിക്കുവാൻ കാരണമായത് എന്നിൽനിന്ന് അത് അനുഭവമാകുവാൻ ഇടയുണ്ടെന്നു കണ്ടറിഞ്ഞ തിരുമനസ്സിലെ നിരീക്ഷണസാമർത്ഥ്യമാണെന്നു നിങ്ങൾ മനസ്സിലാക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ഏതായാലും ഇന്നത്തെ ഈ സഭയിൽ അദ്ധ്യക്ഷസ്ഥാനം നൽകി എന്നെ ബഹുമാനിച്ചതിന്ന് അപ്പൻതമ്പുരാൻ തിരുമനസ്സോടും നിങ്ങളെല്ലാവരോടും എനിക്കുള്ള കൃതജ്ഞതയെ സവിനയം അറിയിച്ചുകൊള്ളുന്നു.

കേരളഭാഷാഭിവൃദ്ധിയെ പുരസ്കരിച്ച്, പല സഭകളും സമാജങ്ങളും ഉണ്ടായിരുന്നു. അവയൊക്കെ അവയുടെ ആയുഷ്കാലത്ത്, അതാതിന്റെ യോഗബലമനുസരിച്ച് സാധിപ്പാൻ കഴിയുന്നതു സാധിച്ചു നശിച്ചു. അവയെ പോററിവളർത്താൻ തക്ക ബന്ധുക്കൾ ഇല്ലാഞ്ഞിട്ടോ, അവയ്ക്ക് അതിനുവേണ്ടുന്ന ധനമില്ലാഞ്ഞിട്ടോ, യോഗ്യതയില്ലാഞ്ഞിട്ടോ അല്ല, അവയൊക്കെ അകാലകാലധർമ്മം പ്രാപിച്ചത്. കേരളത്തിലെ മരുമക്കത്തായത്തറവാടുകളിലെ അനന്തിരവന്മാർക്കുള്ള അനുഭവമാണ് ആ സമാജങ്ങൾക്കും ഉണ്ടായത്. സാഹിത്യത്തറവാട്ടിലെ കാരണവന്മാരുടെ ഹൃദയം അവയ്ക്ക് അനുകൂലമായിരുന്നുവെങ്കിലും അവരുടെ മനസ്സു പ്രതികൂലമായിരുന്നു. എല്ലാവരും ചെയ്യാൻ ബാധ്യതപ്പെട്ട പണി ആരും ചെയ്യാതെ ഒഴിച്ചുവിടുകയെന്നതു ലോകസ്വഭാവമാണല്ലോ. ഭാഷാഭിവൃദ്ധിക്കായി ധനം ചിലവഴിക്കുവാൻ എല്ലാവരും കടപ്പെട്ടവരാണ്. പക്ഷേ അതിന്നടുക്കുമ്പോൾ ഓരോരുത്തരും കടപ്പെട്ടിരിക്കയാണെന്നു പറഞ്ഞു ഒഴിഞ്ഞുകളയുന്നു.

ശരിയായ മൂലധനമില്ലാതെ,—ധാരാളം മൂലധനമില്ലാതെ—ഭാഷാഭിവൃദ്ധിക്കായി ചെയ്യുന്ന പരിശ്രമം ആഗ്രഹിക്കുംപോലെ ഫലപ്രദമാകയില്ലെന്ന് എല്ലാവർക്കും അറിയാം. കവികളെയും വിദ്വാന്മാരെയും പ്രോത്സാഹിപ്പിച്ചും ഗ്രന്ഥങ്ങൾ അച്ചടിച്ചു പ്രചരിപ്പിച്ചും മററും യഥാർത്ഥത്തിൽ ഭാഷാപോഷണമാർഗ്ഗത്തിൽ പ്രവർത്തിച്ചിരുന്നവരിൽ മുഖ്യനായ ഒരാൾ, പരേതനായ കെ. ഐ. വർഗ്ഗീസ്സുമാപ്പിള അവർകളായിരുന്നു. "മലയാളമനോരമ" എന്ന പത്രം വഴിയായും, "ഭാഷാപോഷിണി" എന്ന മാസികാപുസ്തകം വഴിയായും, ആ പേരിൽത്തന്നെ അറിയപ്പെട്ട സഭവഴിയായും വർഗ്ഗീസ്സുമാപ്പിള അവർകൾ ഭാഷാഭിവൃദ്ധിക്കായി ചെയ്ത പരിശ്രമം നമ്മളൊക്കെ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതായിരുന്നു. അദ്ദേഹം ഭാഷാഭിവൃദ്ധി തന്റെ ജീവിതോദ്ദേശമായി കരുതുകയും അതിലേക്കായി സ്വന്തം കൈയ്യിൽനിന്നു ധാരാളം പണം ചിലവഴിക്കുകയും ചെയ്തിരുന്നുവെന്നു നമ്മളിൽ പലരും നേരിട്ട് അറിഞ്ഞതും അനുഭവിച്ചതും ആണ്. ആ മാന്യന്റെ ദേഹവിയോഗത്തിന്നുശേഷം, അദ്ദേഹത്തിന്റെ പരിശ്ര

മത്തെ ഏററെടുത്തു തുടൎന്നു പ്രവൎത്തിക്കാൻ നിൎഭാഗ്യവശാൽ ആരും ഇല്ലാതായി. കണ്ണശ്ശപ്പണിക്കർ, ചെറുശ്ശേരിനമ്പൂതിരി, തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പിയാർ, കോട്ടയത്തുതമ്പുരാൻ, വെണ്മണിനമ്പൂതിരിപ്പാടന്മാർ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വലിയകോയിത്തമ്പുരാൻ, ചാത്തുക്കുട്ടിമന്നാടിയാർ, കുമാരനാശാൻ, മുതലായ പരേതരായ അനേകം മഹാന്മാരെപ്പററി പറയുന്നതുപോലെയല്ല, വൎഗ്ഗീസ്സുമാപ്പിളയെപ്പററി ഭാഷാഭിമാനിയെന്നു പറയുന്നത്. അവരും അവരെപ്പോലെ, ഇന്നു ജീവിക്കുന്ന മഹാകവികളും ഗ്രന്ഥകാരന്മാരും കാവ്യങ്ങളും ഗ്രന്ഥങ്ങളും നിൎമ്മിച്ചു പരസ്യപ്പെടുത്തി ഭാഷയെ അഭിവൃദ്ധിപ്പെടുത്തിവന്നുവെന്നുള്ളതു നേരുതന്നെ. കവിതാവാസനയുള്ളവരെയും ഗ്രന്ഥരചനക്കു സാമൎത്ഥ്യമുള്ളവരെയും അന്വേഷിച്ചു കണ്ടറിഞ്ഞു, ധനംകൊണ്ടും സ്തുതികൊണ്ടും അവരെ പ്രോത്സാഹിപ്പിച്ചുപോരികയും അങ്ങിനെ ചെയ്യുന്നതിൽ ദേശവ്യത്യാസമോ, ജാതിവ്യത്യാസമോ, മതവ്യത്യാസമോ, അശേഷം ഗണിക്കാതെയിരിക്കുകയും ആയിരുന്നു വൎഗ്ഗീസ്സുമാപ്പിള അവർകൾ ചെയ്തുപോന്നത്. വൎഗ്ഗീസ്സുമാപ്പിള അവർകളുടെ പ്രോത്സാഹനം ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഭാഷാസാഹിത്യത്തിൽ പ്രവേശിച്ചു പ്രവൎത്തിക്കാൻ സംഗതിവരികയില്ലായിരുന്നുവെന്നുള്ള പരമാൎത്ഥം അറിഞ്ഞുകഴിഞ്ഞാൽ, എത്രമേൽ കൃതജ്ഞതയോടുകൂടിയാണ് ആ മഹാനെപ്പററി പ്രസ്താവിക്കുവാൻ ഈ അവസരത്തെ ഞാൻ വിനിയോഗിക്കുന്നതെന്നു നിങ്ങൾക്കു മനസ്സിലാകും.

വൎഗ്ഗീസ്സുമാപ്പിള അവർകളെപ്പോലുള്ളവരാണ് ഈ അവസരത്തിൽ എന്നല്ല, ഏതവസരത്തിലും ഭാഷാഭിവൃദ്ധിയെസ്സംബന്ധിച്ച് ഒരു രാജ്യത്തിൽ അത്യാവശ്യമായിട്ടുള്ളത്. ആ സ്ഥാനം വഹിപ്പാനും പൂൎവ്വാധികം ഭംഗിയിൽ അതിന്റെ ഉദ്ദേശം നിറവേററാനും എല്ലാം വിധസൌകൎയ്യവും സ്വാധീനമായിട്ടുള്ള അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു നായകസ്ഥാനം വഹിക്കുന്ന ഈ പരിഷത്തിന്നു ഞാൻ സൎവ്വവിജയവും ആശംസിക്കുന്നു.

ഈ സമ്മേളനത്തിന്റെ ഒരു വിശേഷവിധി അതിനോടു സംബന്ധിച്ചുള്ള പ്രദൎശനമാകുന്നു. പ്രാചീനകൃതികളും പ്രാചീനകലകളും ഇങ്ങിനെ പ്രദൎശിപ്പിക്കുവാൻ തോന്നിയതു വലിയൊരു ശുഭലക്ഷണമാണെന്നുള്ളതിന്നു സംശയമില്ല. അതു് ഈ അവസരത്തിൽ, പ്രതീക്ഷിച്ചതുപോലെ വിജയകരമാകുന്നില്ലെങ്കിൽ അതു നിമിത്തം ആരും ഭഗ്നോത്സാഹികളായിത്തീരേണ്ടതില്ല. ഈവക ഏൎപ്പാടുകളെപ്പററി ആരംഭത്തിൽ ഉണ്ടാകുന്ന തെററിദ്ധാരണകളും ആശങ്കകളും ക്രമേണ നശിച്ചുകഴിഞ്ഞാൽ, അവക്ക് ആദ്യം വിചാരിച്ചതിലും അധികം വിജയം സിദ്ധിക്കാതെ ഇരിക്കയില്ല.

പരിഷത്തിന്റെ പ്രവൎത്തകന്മാർ പഴയ കാവ്യങ്ങളെയും പഴയ കൃ

ലാവിദ്യകളേയും ബഹുമാനിച്ചു കാണുന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. പ്രാചീനകൃതികളുടെ വില ജനങ്ങൾ ശരിയായി മനസ്സിലാക്കീട്ടില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. കാലം കഴിയുന്നതിന്നനുസരിച്ചു ശാസ്ത്രങ്ങൾക്കും ശാസ്ത്രജ്ഞന്മാർ ഉണ്ടാക്കുന്ന യന്ത്രങ്ങൾക്കും സിദ്ധിക്കുന്ന അഭിവൃദ്ധിപോലെതന്നെ കാവ്യങ്ങളിലെ ആശയങ്ങൾക്കും ഉണ്ടാകുമെന്നു തെററിദ്ധരിക്കുന്നതുകൊണ്ടാണു പഴയ കാവ്യങ്ങളോടു ജനങ്ങൾക്കു് ആദരവു കുറയുന്നതു്. വിദ്യുച്ഛക്തിയെപ്പററിയുള്ള അറിവിന്നും ഇപ്പഴത്തെ വിമാനയന്ത്രങ്ങൾക്കും ഉണ്ടായ അഭിവൃദ്ധിയും പരിഷ്ക്കാരവുംപോലെ കാവ്യങ്ങൾക്കും ഉണ്ടായിരുന്നുവെങ്കിൽ, കാളിദാസന്നും ഷേക്സ്പീയർക്കും ശേഷം കാവ്യം അഭിവൃദ്ധി പ്രാപിച്ചു് ഇന്നു് ഏതു നിലയിൽ എത്തിയിട്ടുണ്ടായിരിക്കണം! ശാസ്ത്രങ്ങൾ ഒരാൾ 'നിരീക്ഷണപരീക്ഷണങ്ങളെക്കൊണ്ടു് അഭിവൃദ്ധിപ്പെടുത്തി നിറുത്തിയിരിക്കുന്ന ദിക്കിൽനിന്നു്, പിന്നീടു വരുന്ന ആൾ തുടൎന്നു പ്രവൎത്തിച്ചു് അധികം അഭിവൃദ്ധിപ്പെടുത്തുന്നു. ഒരു കെട്ടിടം പണിയുന്നതുപോലെതന്നെ ഒരാൾ അസ്ഥിവാരമിടുന്നു; അദ്ദേഹത്തിന്നു ശേഷംവരുന്ന ആൾ ചുവരിന്നു ചില കല്ലുവെക്കുന്നു; പിന്നീടുള്ള ആൾ, അതിനെ തുടൎന്നു പ്രവൎത്തിക്കുന്നു; എന്നാൽ ആവശ്യമില്ലെന്നോ തെററായിവച്ചതാണെന്നോ കാണുന്ന കല്ലുകൾ പറിച്ചു നീക്കിയെന്നും വരാം. ഇങ്ങിനെ പൊളിച്ചു നീക്കിയും ഉയൎത്തിക്കെട്ടിയും കെട്ടിടം പൂൎത്തിയാക്കാൻ തലമുറ തലമുറയായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കവികൾ ഇങ്ങിനെ ചെയ്യാൻ അശക്തരാകുന്നു. അവർ അന്യോന്യസംബന്ധമില്ലാത്ത ആരാമങ്ങളെ നിൎമ്മിക്കുന്നു. അതിന്നുള്ള സാധനസാമഗ്രികൾ, എട്ടുകാലിക്കു വലയുണ്ടാക്കാൻ നൂലുണ്ടാകുന്നതുപോലെ, സ്വന്തമായി ഉണ്ടാകേണ്ടവയാകയാൽ, അന്യനെ തുടൎന്നു പ്രവൎത്തിക്കാനോ അന്യനെ അനുകരിക്കാനോ നിവൃത്തിയില്ല. അഥവാ അനുകരിപ്പാൻ ശ്രമിച്ചെങ്കിൽ, ഒരാളെ അനുകരിക്കുന്നുവോ അയാളുടെ സാധനസാമഗ്രികളും ഘടനാരീതിയും സ്വാധീനമല്ലായ്കയാൽ അവതാളത്തിൽ കലാശിക്കുകതന്നെ ചെയ്യും. ഇതിനെപ്പററി എനിക്കു കുറെക്കൂടി പറവാനുള്ളതു പിന്നീടാവാം.

കവിക്കു കാലദേശാദിവ്യത്യാസം ഇല്ല. പത്താംനൂററാണ്ടിൽ ജീവിച്ച കവി എഴുതിയ പാഠംതന്നെ അതു കാണ്മാൻ സംഗതിവരാതിരിക്കുന്ന ഇരുപതാം നൂററാണ്ടിലെ കവിയും എഴുതിയെന്നു വരാം. ഇംഗ്ലണ്ടിലെ കവി എഴുതിയ പാഠംതന്നെ ആസ്ത്രേലിയയിലെ കവിയും അന്യോന്യമറിയാതെ എഴുതും. ഭാഷാവ്യത്യാസം ആശയത്തെ ബാധിക്കുന്നില്ല.

അതുകൊണ്ടു്, പ്രാചീനകവികൾ നമ്മുടെ നവീനഭാഷയിലല്ല എഴുതിയിരിക്കുന്നതെന്ന ന്യായത്തിന്മേൽ അവരുടെ കാവ്യങ്ങളെ അനാദരിക്കുന്നതു ഭോഷത്വവും, ആ ഭാഷ മനസ്സിലാക്കാനുള്ള പ്രയാസം ആലോ

ഷിച്ചു് അവയെ വായിക്കാതിരിക്കുന്നതു സാഹിത്യവിഷയത്തിൽ പരിശ്രമിക്കുന്നവർ ചെയ്യുന്ന ക്ഷന്തവ്യമല്ലാത്ത ഒരു അപരാധവും ആകുന്നു. കൊല്ലവർഷം ആറാം നൂററാണ്ടിൽ ജീവിച്ച കണ്ണശ്ശപ്പണിക്കരും, ഏഴാം നൂററാണ്ടിൽ ജീവിച്ച ചെറുശ്ശേരിയും എട്ടും ഒമ്പതും നൂററാണ്ടിന്റെ മധ്യത്തിൽ ജീവിച്ച കോട്ടാരക്കര തമ്പുരാനും തുഞ്ചത്തെഴുത്തച്ഛനും അവരുടർച്ചയായി ജീവിച്ച കോട്ടയത്തു കേരളവർമ്മ തമ്പുരാനും, ഇന്നത്തെ കവികളും ഒരേ പരാശക്തിയാൽ പ്രേരിതരായി ഒരേ സത്യത്തെത്തന്നെയാണു ലോകത്തെ പഠിപ്പിക്കുന്നതു്. എന്നാൽ അതാതു കാലത്തെ ശാസ്ത്രജ്ഞന്മാരാൽ സ്ഥാപിക്കപ്പെട്ട പ്രമാണങ്ങളും അവർ കണ്ടുപിടിച്ച യന്ത്രങ്ങളും അതാതു കാലത്തെ പരിഷ്കാരസ്ഥിതിയും കവിയുടെ പരിസരവും ഉപയോഗം നിമിത്തം ഭാഷയിൽ പ്രവേശനം ലഭിച്ച വാക്കുകളുടെ സംഖ്യയും അനുസരിച്ചു കവിതാരീതിക്കും ഉപമാദി അലങ്കാരവിശേഷങ്ങൾക്കും വ്യത്യാസം വരുന്നതാണു്. മഹാകവികളുടെ ആശയമാകട്ടെ സരസ്വതീദേവിയാൽ നയിക്കപ്പെടുന്നതാണു്. അതിനു കാലദേശവ്യത്യാസം ഉണ്ടാവാൻ പാടില്ലതന്നെ.

അന്നു ദീപമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇന്നു വിദ്യുദ്ദീപവും ഉണ്ടു്. അശ്വവേഗമായാൽ അന്നു അതിവേഗമായി. ഇന്നു പുകവണ്ടിയും മോട്ടോർ വണ്ടിയും അതിനെ അതിശയിക്കുന്നു. എന്നാൽ അന്നത്തെ അശ്വം വായുവേഗത്തിൽ ഓടിയെങ്കിൽ ഇന്നത്തെ മോട്ടോറും വായുവേഗത്തിൽ ഓടുന്നു. പ്രകൃതിയിൽ നിന്നെടുക്കുന്ന ഉപമാനങ്ങൾക്കുള്ള സുസ്ഥിരത പ്രകൃതിരഹസ്യങ്ങളെ കണ്ടറിഞ്ഞു, മനുഷ്യൻ ഉണ്ടാക്കിയ യന്ത്രാദികളെ അടിസ്ഥാനമാക്കിയുള്ള ഉപമാനങ്ങൾക്കു സിദ്ധിക്കുന്നില്ലെന്നു നമ്മൾ ഓർമ്മിക്കണം. ഇന്നത്തെ മോട്ടോർകാറും വിമാനവും നാളെ മറെറാന്നാക്കിത്തീർക്കാൻ മനുഷ്യപ്രയത്നം കൊണ്ടു സാധിക്കും. പൂത്തുനില്ക്കുന്ന രാജമല്ലിയും ഇന്ദുവിൻ ഏകരശ്മിയും അന്നും ഇന്നും എന്നും ഒന്നുതന്നെയാണു്. അതുകൊണ്ടു വിശേഷിച്ചും ശാസ്ത്രജ്ഞന്മാരുടെ കൈ കടന്നും പരിഷ്കാരത്തിന്റെ കളങ്കം പുരണ്ടും പ്രകൃതിദേവി അലങ്കോലപ്പെടുന്നതിനു മുമ്പു് അവളെ കണ്ടാനന്ദിക്കുവാൻ ഭാഗ്യം സിദ്ധിച്ച മഹാകവികൾ എഴുതിയ ചിത്രങ്ങൾ, നമ്മെ ആ സുവർണ്ണകാലത്തേക്കു നയിച്ചു് ആനന്ദഭരിതരാക്കാതെ ഇരിക്കയില്ല. അതുകൊണ്ടു പഴയ കവികളുടെ പഴയ കൃതികൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിനാൽ, മനസ്സിനു് ഒരു പ്രത്യേക നിർവൃതി അനുഭവമാകുന്നു.

ഭാഷാജ്ഞാനത്തിലുണ്ടാകേണ്ടുന്ന അഭിവൃദ്ധിക്കു പഴയ വാക്കുകളും പഴയ ശൈലികളും അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അതിനെപ്പററി വിവരിക്കേണ്ടുന്ന ആവശ്യവുമില്ല. അക്കിയും അഗ്നിയും ഒന്നാണെന്നും അഗ്നിയുള്ളപ്പോൾ അക്കി

ആവശ്യമില്ലെന്നും അറിയണമെങ്കിൽ, അഗ്നി മാത്രം അറിഞ്ഞാൽ പോരാ, അക്കിയും അറിയേണം.

പഴയ കാവ്യങ്ങളെ ഒരിക്കലും അഗണ്യമാക്കരുതെന്നാണ പ്രഥമമായും പ്രധാനമായും എനിക്കിന്നു പറവാനുള്ളതു്. പഴയ കാവ്യങ്ങൾ അന്വേഷിച്ചു കണ്ടുപിടിച്ചു പരസ്യപ്പെടുത്തേണ്ടതു് അത്യാവശ്യമാണെന്നു സാഹിത്യ നേതാക്കൾ പറഞ്ഞു തുടങ്ങീട്ടു കാലം വളരെയായി. ശ്രീമാൻ ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ "മദ്ധ്യകാല മലയാള മാതൃകകൾ" പരസ്യം ചെയ്തതു ഞാൻ കണ്ടിട്ടുണ്ടു്. മതിരാശി സർവ്വകലാശാലക്കാർ ആ പുസ്തകങ്ങൾ തന്നെ പരസ്യം ചെയ്വാൻ പരിശ്രമിച്ചതും ചില പ്രതികൾ അച്ചടിച്ചതും ഞാൻ അറിയും. അവയുടെ ഇപ്പോഴത്തെ ഗതിയെന്താണെന്നു ഞാൻ അറികയില്ല. ഈ വക കാര്യങ്ങളിൽ സർവ്വകലാശാലക്കാരെ ഉത്സാഹിപ്പിക്കാൻ, അവരോട് അടുത്തു പെരുമാറുന്ന മലയാളികൾ വളരെ ഉണ്ടെങ്കിലും, മലയാളഭാഷക്കാർ ഇല്ലെന്നാണ വന്നിരിക്കുന്നതു്. സർക്കാരുദ്യോഗമായ വലിയൊരു ധുരം വഹിച്ചു ചുമലു നോവുന്നതിലിടക്കു കാവ്യരചന മുതലായ സാഹിത്യപരിശ്രമം കൂടിച്ചെയ്തു വലയുന്ന പരമേശ്വരയ്യർ അവർകൾ സാഹിത്യധുരന്ധരൻ കൂടിയാണെങ്കിലും അദ്ദേഹത്തിന്നു് അവശേഷം വിശ്രമം കൊടുക്കാതെ, ഭാഷാകൃഷിസ്ഥലത്തിൽ പാഴായിക്കിടക്കുന്ന ഭാഗം കൂടി ഉഴുതു മറിച്ചിടേണ്ടതിന്നു പുതിയ ഒരു കരിയും നുകവും അദ്ദേഹത്തിന്റെ ചുമലിൽത്തന്നെവച്ചു കെട്ടികൊടുക്കുന്നതു വലിയ കഷ്ടമാണ്. ആ ഭാരം മുഴുവൻ സാഹിത്യപരിഷത്തു തന്നെ ഏറ്റെടുക്കേണ്ടതാണ്. അതിലേക്കുള്ള പ്രഥമമായ മാർഗ്ഗം പഴയ ഗ്രന്ഥങ്ങളുടെ പ്രദർശനം തന്നെയാണ്. അതിന്നു സമ്മാനം കൊടുക്കുന്ന ഏർപ്പാടു കൂടിഉണ്ടായാൽ അതിഭംഗിയായി.

ഓരോ പഴയ തറവാടുകളിലെയും പ്രഭുകുടുംബത്തിലെയും ഗ്രന്ഥപ്പുരകൾ പരിശോധിച്ചാൽ പഴയ ഗ്രന്ഥങ്ങൾ പലതും കണ്ടുകിട്ടാതിരിക്കയില്ല. ചിറക്കൽ വലിയ തമ്പുരാൻ അവർകൾ കുറെ കൊല്ലം മുമ്പു്, അവിടത്തെ ഗ്രന്ഥപ്പുരയിൽനിന്നു്, "ചെറുശ്ശേരിയുടെ കഷണങ്ങളില്ലാത്ത എരുശ്ശേരി" കണ്ടെടുത്തു് അച്ചടിച്ചു പരസ്യം ചെയ്തു. അതെ, "ചെറുശ്ശേരി ഭാരത"ത്തെപ്പററിത്തന്നെയായിരിക്കണം അന്നത്തെ വിദ്വാന്മാർ "ചെറുശ്ശേരിയുടെ എരുശ്ശേരിയിൽ കഷണങ്ങൾ ഇല്ല" എന്നു പരിഹാസമായി പറഞ്ഞതെന്നാണ് എനിക്കു തോന്നുന്നതു്. കഷണങ്ങളുള്ള എരുശ്ശേരി അവർക്കു വിളമ്പി കൊടുക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി പിന്നീടുണ്ടാക്കിയ കാവ്യമായിരിക്കണം കൃഷ്ണഗാഥ. അല്ലാതെ കൃഷ്ണഗാഥ അന്നത്തെ കേരളസാഹിത്യവിഭവത്തിൽ പാൽപായസത്തോടല്ലാതെ എരുശ്ശേരിയോട് ഉപമിക്കാൻ, കവിയുടെ നാമധേയത്തിലും ആ വാക്കിലും ഉള്ള ചില വർണ്ണസാമ്യം ചില രസികന്മാരെ പക്ഷെ പ്രേരിപ്പിച്ചാലും

അതിൽ കഷണമില്ലെന്നു വിദ്വാന്മാർ ആരും അഭിപ്രായപ്പെടുകയില്ല. അതിരിക്കട്ടെ. ഒരിക്കലും അച്ചടിക്കാതെയിരിക്കുകയൊ, ഒരിക്കൽ അച്ചിൽ പതിഞ്ഞ ശേഷം പുനർജ്ജന്മത്തിന്നു സംഗതിവരാതെ ഗതികെട്ട് ഉഴലുകയൊ, ചെയ്യുന്ന ഗ്രന്ഥങ്ങളെ പരതിപ്പിടിച്ച്, സാഹിത്യപരിഷത്തിനെ ഏല്പിക്കേണ്ടുന്ന ഭാരം എല്ലാവൎക്കും ഉണ്ട്.

ഗുണ്ടർട്ടു പണ്ഡിതർ ഗദ്യത്തിലുള്ള ഒരു പ്രാചീനവൈദ്യശാസ്ത്രത്തെയും ഗദ്യത്തിലുള്ള ശങ്കരാചാര്യചരിത്രത്തെയുംപററി പറയുന്നു. "കേരളനാടക"മെന്നും "കോലത്തിരി കേരളനാടക"മെന്നും രണ്ടു പുസ്തകത്തെപ്പററിയും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. "സഹ്യാരോഹണകല്യാണം" എന്നൊരു പുസ്തകത്തിൽനിന്നു ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ ചില വാക്കുകൾ ഉദ്ധരിച്ചിരിക്കുന്നു. അദ്ദേഹം പറയുന്ന പയ്യന്നൂർ പാട്ടിന്റെ പേരും അതിലെ കഥയും പ്രസിദ്ധമാണല്ലൊ. അതിനെപ്പററി ഗുണ്ടർട്ടു പണ്ഡിതർ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "ഇതു ഞാൻ കണ്ടിട്ടുള്ള മലയാളകവിതകളെ എല്ലാറ്റിനേക്കാൾ പുരാതനമായിട്ടുള്ളതാകുന്നു. ഭാഷ വാക്കപുഷ്ടിയുള്ളതായും ഗാംഭീൎയ്യമുള്ളതായും ഇരിക്കുന്നു. അതിനാൽ ഇതു സംസ്കൃതത്തിൽനിന്നും നിരൎത്ഥമായിട്ടുള്ള അവ്യയങ്ങളുടെ കൂട്ടം മലയാളഭാഷയിൽ ചേൎന്ന് ആ ഭാഷയുടെ ശക്തിയെ കുറക്കുന്നതിന്നു മുമ്പ് ഉണ്ടായിട്ടുള്ള കവിതയാണെന്നു സ്പഷ്ടമാകുന്നു. ഈ ഗ്രന്ഥം രാമചരിതത്തിന്നു മുമ്പു കൊല്ലം മൂന്നാം ശതവൎഷത്തിൽ ഉണ്ടായതായി വിചാരിക്കാമെന്നു ഗോവിന്ദപ്പിള്ളയും സമ്മതിക്കുന്നു.

രാമചരിത്രത്തിന്റെ കാലം തുടങ്ങി മലയാളഭാഷ ക്രമേണ തമിഴിന്റെ പിടിയിൽനിന്നു വിട്ടതും സംസ്കൃതത്തിന്ന് അടിമയായിത്തീൎന്നതും കണ്ടറിവാൻ കൌതുകമുള്ള കാഴ്ചയാണ്.

അരചർകോനെ മെന്മേലെവരും തുയർ പിടിത്തീവണ്ണം
പുരികുഴലാളെ നണ്ണിപ്പോക്കുമതല്ലകാലം
ഇരിപതുകരംകൾ തങ്കും ഇലംക വേന്തനെ ഒരിക്കാൽ
കരുതുക കളകചോകം, കൈക്കൊൾകകൊപമിപ്പോൾ

എന്നാണ് രാമചരിതത്തിലെ ഭാഷാരീതി. കണ്ണശ്ശപ്പണിക്കരുടെ കാലമായപ്പോൾ ഭാഷ ഇങ്ങിനെ മാറി.

വൻപൊടുമുൻപൊരുനാളിതിലെയൊരു
വാരിജലൊചനയോടുമിരാവണ-
നംബരമേ പോകിന്നതുകണ്ടേ-
നന്തരമില്ലവളേതവഭാൎയ്യാ-
സമ്പ്രതിഞാനറിവുറേറനനുപമ
സൌമിത്രേ ഹാ രാമാ എന്നൊ
ടുമ്പമൊടവളെററഴുതാളതു

ത്തുമ്പുനമുക്കറിവാൻനരവീര
ആനവല്ലത്തരവാനസിതന്നുടെ
ആഭരണങ്ങൾപൊതിഞ്ഞുടനിട്ടാൾ
ഞാനിവിടെമമവാനരപുംഗവർ
നാൽവരുമായ്മരുവിന്നതുകാലം
ദീനമൊഴിന്നവകൈക്കൊണ്ടേൻഞാൻ
നൃപതനയന്മാരെപ്പുനരിന്നിനി-
യാനവകണ്ടുമറിഞ്ഞതുമുള്ളാമുട-
നായസുരൻകൊട്ടുപോയയവളെന്നോ
എന്നകപീന്ദ്രനൊടാഭരണങ്ങളെ
ഏറ്റവിരന്നുവരുത്തുകയെന്നാൻ
അന്നുകുമാരനിരാമനനന്തര
മവയിവയെന്നുകൊടുത്താനവനും
വെന്നിമികും കൌസല്യാസുതനതി
വേദനയോടതുകണ്ടേറഴുതാൻ
ഇൻപിരിഞ്ഞീറൊമ്പതനിങ്ങളും
എന്നോട്ടപ്പാലവൾതന്നോടെന്നോ.

ഈ ഭാഗത്തെത്തന്നെ തുഞ്ചത്തെഴുത്തച്ഛൻ പരിഭാഷ ചെയ്തതു നോക്കുക:—

മന്ത്രികൾ നാലുപേരും ഞാനുമായ ച-
ലാന്തെവസിക്കുന്നകാലമൊരുദിനം,
പുഷ്കരനേത്രയാമൊരുതരുണിയെ
പുഷ്കരമാർഗ്ഗേണകൊണ്ടുപോയാനൊരു
രക്ഷോവരനതുനേരമസ്സുന്ദരി
രക്ഷിപ്പതിന്നാരുമില്ലാഞ്ഞുദീനയായ്
രാമരാമേതിമുറയിട്ടുന്നോൾതവ
ഭാമിനിതന്നെയവളെന്നതോർത്തു
ഉത്തമയാമവൾഞങ്ങളെപ്പർവ്വതേ-
ന്ദ്രാഗ്രമാമെങ്ങുകണ്ടനേരംപരവശാൽ
ഉത്തരീയത്തിൽപൊതിഞ്ഞാഭരണങ്ങ-
ളദ്രീശവരോപരിനിക്ഷേപണംചെയ്താൾ
ഞാനതുകണ്ടിങ്ങെടുത്തുസൂക്ഷിച്ചുവെ-
ച്ചേനതുകാണേണമെങ്കിലോകണ്ടാലും
ജാനകീദേവിതന്നാഭരണങ്ങളോ
മാനവവീര ഭവാനറിയാമല്ലോ
എന്നുപറഞ്ഞതെടുത്തുകൊണ്ടുവന്നു

മന്നവൻതൻതിരുമുമ്പിൽവെച്ചീടിനാൻ
അംഭോജനേത്രനെടുത്തുനോക്കുന്നേരം
കണ്ണുനീർതന്നെകുശലംവിചാരിച്ചു
എന്നെക്കണക്കെപിരിഞ്ഞിതൊനിങ്ങളും
തന്വംഗിയാകിയവൈദേഹിയോടയ്യൊ

* * *

പ്രാകൃതന്മാരാംപുരുഷന്മാരെപ്പോലെ
ലോകൈകനാഥൻകരഞ്ഞുതുടങ്ങിനാൻ

എഴുത്തച്ഛന്റെ കവിതാരീതി കണ്ണശ്ശപ്പണിക്കരുടെ രീതിയിൽനിന്നു മേലുദ്ധരിച്ചവിധത്തിൽ മാത്രമെ ഭേദപ്പെട്ടിരുന്നുള്ളുവെങ്കിൽ കേരളഭാഷ അതിമനോഹരമായ ഒരു സ്വതന്ത്രഭാഷയായി പ്രശോഭിക്കുമായിരുന്നു.

ഇന്നുപിരിഞ്ഞീരോബതനിങ്ങളും
എന്നേപ്പോലവർതന്നോട്?

എന്നുള്ളതിനെ എഴുത്തച്ഛൻ,

എന്നെക്കണക്കെപിരിഞ്ഞിതോനിങ്ങളും
തന്വംഗിയാകിയവൈദേഹിയോടയ്യോ

എന്നു് എഴുതിയതു നോക്കുക. ഹാ! എത്ര മനോഹരം? എത്ര ആനന്ദകരം. പക്ഷെ അദ്ദേഹംതന്നെ,

തവസചിവനഹമിഹതഥാവിധനല്ലഹോ
ദാസോസ്മികോസലേന്ദ്രസ്യരാമസ്യഞാൻ

എന്നിങ്ങിനെ എഴുതിയതിനെ നിർഭാഗ്യവശാൽ പിന്നീടുള്ളവർ അനുകരിച്ചു "മണിപ്രവാളം" എന്ന പുതിയ ഒരു രീതിയെ സ്ഥിരപ്പെടുത്തി. മണിപ്രവാളത്തെ ഞാൻ അപലപിക്കുന്നില്ല. സംസ്കൃതപ്രത്യയങ്ങളോടുകൂടി സംസ്കൃതവാക്കുകളെ ഉപയോഗിച്ചു, നമ്മുടെ മാതൃഭാഷയുടെ പ്രത്യേകതയേയും സ്വാതന്ത്ര്യത്തേയും നശിപ്പിക്കുന്നതു കഷ്ടമാണെന്നേ പറയുന്നുള്ളു. എഴുത്തച്ഛന്റെ കാലം കഴിഞ്ഞു വളരെ ചെല്ലുന്നതിനുമുമ്പുതന്നെ ധീരനായ ഒരു കവി മാതൃഭാഷയുടെ പ്രത്യേകതയെ നിലനിറുത്തിക്കൊണ്ടു വാല്മീകിരാമായണം പരിഭാഷചെയ്തു.

തിരുവിതാംകൂർ രാജ്യം വാണിരുന്ന ഉമയമ്മറാണിയെ എട്ടുവീട്ടിൽപിള്ളമാരുടെ ഉപദ്രവത്തിൽനിന്നു രക്ഷിപ്പാൻ മാത്രമല്ല, കേരളഭാഷയെ സംസ്കൃതത്തിന്റെ ദാസ്യത്തിൽനിന്നു രക്ഷിപ്പാനും വടക്കെ മലയാളത്തിലെ കോട്ടയം രാജാവായിരുന്ന കേരളവർമ്മതമ്പുരാൻ പരിശ്രമിച്ചിരുന്നു. ഞാൻ മേലെ ഉദ്ധരിച്ച ഭാഗം ആ മഹാകവി എങ്ങിനെയാണു് എഴുതിയതെന്നു് അറിയുന്നതു രസകരമായിരിക്കും.

രാമയെക്കണ്ടുരാവണൻകയ്യിൽഞാൻ

ദൂരമാകാശമാൎഗ്ഗത്തിൽപോകുമ്പോൾ
ഞങ്ങളഞ്ചുപേരെക്കണ്ടു ജാനകി
ഇങ്ങെറിഞ്ഞാളങ്ങുത്തരീയാദികൾ
അതു ഞാനുമെടുത്തുവെച്ചീടിനേൻ
മതിമോഹത്തോടെന്നവൻ ചൊന്നപ്പോൾ
അതു കാണട്ടെയെന്നാൻ രഘുപതി
ഇതു കാൺകെന്നാഭരണങ്ങളും
മൃദുവായുള്ളൊരുത്തരീയത്തേയും
ദൂതമൎക്കജൻ കാഴ്ചവെച്ചീടിനാൻ
കപിവീരവരൻ വെച്ചു കണ്ടപ്പോൾ
അതിദീനനായ് രോദിച്ചു രാഘവൻ
അവനിതന്നിൽ വീണു ഹാ സീതയെ-
ന്നവനിപതിയും മയങ്ങീടിനാൻ.

ഈ രീതിയിലായിരുന്നു നമ്മളുടെ ഭാഷ വളൎന്നുവന്നതെങ്കിൽ, അധികം കവികളും അധികം കാവ്യങ്ങളും കേരളത്തിൽ ഉണ്ടാകുമായിരുന്നു. മലയാളകാവ്യങ്ങൾ ഉണ്ടാക്കാൻ സംസ്കൃതവ്യാകരണത്തിൽ ധാരാളം പരിജ്ഞാനം വേണമെന്നുള്ള ബോധം വാസനയുള്ള പല മലയാളകവികളേയും അതിന്നായി ഉദ്യമിക്കുന്നതിൽ അധൈൎയ്യപ്പെടുത്തിയിരിക്കണം എന്നുള്ളതിന്നു സംശയമില്ല. കേരളപാണിനി പറഞ്ഞതുപോലെ, സംസ്കൃതപണ്ഡിതന്മാരിലും അവൈയാകരണന്മാരായവൎക്കു മനസ്സിലാക്കാൻ എളുപ്പമില്ലാത്ത രീതിയിൽ

മുധാഭവിക്കാത്തദൃഷ്ട്യന്തവീൎയ്യം
ദധാനയെന്നോൎക്കുഭ്രമിക്കുഭ്രമത്യൈഃ
ബുധാഗ്ര്യ, ഭോ, കണ്ഠപഗൎഭസ്ഥിതോഷ-
ബ്ബു, ധാംഗമിം എന്നപോലാത്മപുത്രിം

എന്നും മററും ഉള്ള പദ്യങ്ങൾ കാണുമ്പോൾ കാവ്യരചനക്കായി ചേനയെടുക്കാൻ ആൎക്കാണു ധൈൎയ്യം വരിക. എന്നുമാത്രമല്ല, അതുകൊണ്ടുണ്ടായ അനൎത്ഥങ്ങൾ നോക്കുക. സംസ്കൃതവിഭക്തിപ്രത്യയങ്ങൾ ശുദ്ധദ്രാവിഡപദങ്ങളിലും ചിലർ ചേൎത്തു, "കുട്ടീനാം രോദനം" മുതലായ പ്രയോഗങ്ങൾ വെളിപ്പെട്ടുതുടങ്ങി.

അതിന്നൊപ്പം ചേൎക്കാൻ സചകരധൂത
ഭണ്ഡംകൊടയതെ.

എന്നു കണ്ടപ്പോൾ, അതു കേരളകാളിദാസൻ രചിച്ചതാകയാൽ "കൊടയതെ" എന്നുള്ളതു വല്ല സംസ്കൃതക്രിയയും ആയിരിക്കും എന്നു അന്ധാളിച്ചു ശ്ലോകം അച്ചടിക്കാൻ നിവൃത്തിയില്ലാതെ കുഴങ്ങിയ ചിലരെ ഞാൻ അറിയും. നേരേ മറിച്ചു്,

പൈ വന്നിട്ടങ്ങിനെ നക്കമക്കപെട
ഗോപാലൻെറ കാൽ

കണ്ടപ്പോൾ, "പൈ" എന്ന പട്ടഭാഷ കാവ്യത്തിൽ ഉപയോഗിക്കുകയി ല്ലെന്നും അതിൻെറ അത്ഥം വേറെ വല്ലതുമായിരിക്കും എന്നും സംശയിച്ച ചിലരും ഉണ്ട്.

കേരളഭാഷയെ സംസ്കൃതത്തിൻെറ അടിമയാക്കുവാൻ താൻ അറി ഞ്ഞോ അറിയാതെയോ ചെയ്ത പരിശ്രമത്തിൽനിന്നു കേരളകാളിദാസനെ കേരളപാണിനി പിടിച്ചു നിറുത്തിയിരുന്നില്ലെങ്കിൽ ഭാഷക്ക് ഇന്നുണ്ടാക മായിരുന്ന ഗതി എന്താകുമായിരുന്നുവെന്ന് ഏകദേശം ഊഹിക്കാം.

പദ്യകാവ്യംമാത്രമല്ല ഗദ്യകാവ്യവും സംസ്കൃതമയമാക്കുവാൻ "അക് ബർ" എന്ന ആഖ്യായിക ഗതാനുഗതികന്മാരെ പ്രേരിപ്പിച്ചു. സാഹിത്യസാ മ്രാജ്യത്തിലെ ചക്രവത്തിയായി പ്രശോഭിച്ച കേരളവമ്മ വലിയ കോയി ത്തമ്പുരാനെ മററുള്ളവർ അനുകരിപ്പാൻ ശ്രമിക്കുന്നതിൽ എന്താണ് അ ത്ഭുതം? എന്നുമാത്രമല്ല, ലളിതഭാഷയിൽ അത്ഥപുഷ്ടിയോടുകൂടി എഴുതി ഫലിപ്പിക്കുന്നതിനെക്കാൾ പ്രയാസം കുറഞ്ഞതു ഘടഘടായമാനമായ സം സ്കൃതപ്രയോഗംകൊണ്ടു വായനക്കാരെ ഭ്രമിപ്പിക്കുന്ന വിദ്യയായിരുന്നതി നാൽ പണ്ഡിതന്മാർ ഗദ്യപ്രബന്ധത്തിലും സംസ്കൃതം വളരെ കുത്തിച്ചെലു ത്തിത്തുടങ്ങി. സംസ്കൃതപദപ്രയോഗത്തിൻെറ ആധിക്യമനുസരിച്ചു പ്രബ ന്ധകത്താക്കളുടെ പാണ്ഡിത്യത്തെപ്പററിയുള്ള മതിപ്പും വദ്ധിക്കുമെന്നുള്ള ഒരു തെററിദ്ധാരണയും ഉണ്ടായി. ഭാഷാമമ്മജ്ഞന്മാരല്ലാത്തവർ അങ്ങിനെ അനാവശ്യമായി സംസ്കൃതപദങ്ങൾ ഉപയോഗിച്ചു പുസ്തകങ്ങളും ഗ്രന്ഥ ങ്ങളും രചിക്കുന്നതു ക്ഷമിക്കാം. എന്നാൽ "മാത്താണ്ഡവമ്മ" എന്ന ആ ഖ്യായിക എഴുതിയ പേനതന്നെ ഉപയോഗിച്ചു രചിച്ച "ധമ്മരാജ" മു തലായ ഗ്രന്ഥങ്ങളും ഗീവ്വാണമയമാക്കിയതാണു കഷ്ടം. മാത്താണ്ഡവമ്മ നാലഞ്ചുപ്രാവശ്യം സന്തോഷപൂവ്വം വായിച്ചു രസിച്ച എനിക്കു ധമ്മരാജ നിലെ രണ്ട് അദ്ധ്യായങ്ങളിലധികം വായിപ്പാൻ സാധിച്ചിരുന്നില്ലെന്നുള്ള പരമാത്ഥം അറിഞ്ഞാൽ അവയുടെ കത്താവായ മഹാകവി സ്വന്തം വാ സനക്ക് അനുകൂലിച്ച ഭാഷാരീതിയെ ഉപേക്ഷിച്ചു മറെറാരു രീതിയെ അ നുസരിച്ചതിനാൽ എന്നെപ്പോലുള്ള അനേകായിരം കേരളീയരോട് അ ദ്ദേഹം കാണിച്ച കാഠിന്യം ഇത്രയാണെന്നു മനസ്സിലാക്കാം.

ജമ്മൻ മിഷ്യനറിമാരും അവരെ അനുസരിച്ചു ചില ഇന്ത്യൻ ക്രി സ്ത്യാനികളും ഗദ്യരചനയിൽ ഒരു യൂറോപ്യൻരീതിയെയാണ് അനുസരി ച്ചതു്. അതിന്നു ഇപ്പഴും ജമ്മൻമലയാളമെന്നും പാതിരിമലയാളമെന്നും പറയുന്നു. കാൽ നൂററാണ്ടിൽ അധികം മലയാളഭാഷ വളരെ ശുഷ്കാന്തി യോടുകൂടി പഠിച്ച്, ഭാഷക്ക് ഒരു വ്യാകരണവും അതിവിശേഷമായ ഒരു നിഘണ്ടുവും ഉണ്ടാക്കി ദാനംചെയ്ത ഗുണ്ടർട്ടുപണ്ഡിതർ, അദ്ദേഹത്തി

ന്റെ കാലത്തു സൎവ്വസമ്മതമായ ഒരു ഗദ്യരീതി നടപ്പിലില്ലാതിരുന്നതിനാൽ തനിക്കു നല്ലതാണെന്നു തോന്നിയ ഒരു പുതിയ രീതിയിൽ എഴുതിയതിനെപ്പററി യാതൊന്നും ആക്ഷേപിക്കാനില്ല. അദ്ദേഹത്തെ മററു യൂറോപ്യൻ മിഷ്യനറിമാർ അനുകരിച്ചതിലും തെററില്ല. എന്നാൽ ഹിന്തുക്കളിൽനിന്നു മതപരിവൎത്തനം ചെയ്ത ക്രിസ്ത്യാനികളായ പണ്ഡിതന്മാർപോലും ആ രീതിയിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്തതിലാണ് അത്ഭുതം. ഈ ഒരു ദോഷം അധികം ബാധിച്ചതു മലബാറിലും വിശേഷിച്ചു വടക്കെ മലയാളത്തിലും ആകുന്നു. അറുപതുകൊല്ലം മുമ്പ് അങ്ങിനെയുള്ള ഒരു വിദ്വാൻ എഴുതിയ വാക്യം കേൾക്കുക:—

"ഇങ്ങിനെ മലയാളവിദ്യ വില കുറഞ്ഞു മലയാളവിദ്വാന്മാരും ചുരുങ്ങിയതിനാലും വ്യാകരണം സാധാരണ അവകാശം ആകയാലും ബാസൽ ജൎമ്മൻ മിശ്യോനിലെ മുഖ്യനായ ജെൎമ്മൻ ഗുണ്ടൎത്തു പണ്ഡിതർ ഇരുപത്തഞ്ചിൽ ചില്വാനം കൊല്ലം അദ്ധ്വാനിച്ചു ഈ ഭാഷാവ്യാകരണത്തെ ചമച്ചതു്."

ഭാഗ്യവശാൽ ഈ രീതിക്കു നില്ക്കക്കള്ളിയില്ലെന്നു് കാലതാമസം കൂടാതെ തെളിഞ്ഞു. പാതിരിമലയാളം എന്നുള്ള അതിന്റെ പരിഹാസപ്പേർതന്നെ അതിനു കാരണമായിത്തീൎന്നു. എന്നാൽ ജൎമ്മൻ പോയി ഇംഗ്ലീഷു വന്നു. ഇംഗ്ലീഷു പഠിച്ചു് ഉയൎന്നതരം പരീക്ഷകൾ ജയിച്ച ചില വിദ്വാന്മാൎക്കു് ഇംഗ്ലീഷിലല്ലാതെ വിചാരിപ്പാൻ സാധിക്കുകയില്ലെന്നായി. വിചാരമനുസരിച്ചു ഭാഷയും ഇംഗ്ലീഷുശൈലിയിലായി.

ഒരു ഭാഷയിലുള്ള പ്രയോഗത്തെ വാക്കിന്നു വാക്കായി മറെറാരു ഭാഷയിൽ പരിഭാഷ ചെയ്താൽ പരിഹാസത്തിന്നിടയായിത്തീരുന്നുണ്ടെങ്കിൽ ആ പ്രയോഗമാണ് ആ ഭാഷയിലെ ശൈലി, എന്നു ഒരു വിദ്വാൻ ശൈലിയെ നിൎവ്വചിച്ചിരിക്കുന്നു. "അതു മറന്നുപോയി" എന്നതു മലയാളത്തിലെ ശൈലിയാണ്. അതിനെ ഇംഗ്ലീഷിൽ It forgot and went എന്നു പരിഭാഷ ചെയ്താലുള്ള ഫലം പരിഹാസമല്ലാതെ മറെറന്താണ്? എന്നാൽ ഇംഗ്ലീഷിൽനിന്നു ചിലർ, "അവൻ പൂച്ചക്കുട്ടിയെ സഞ്ചിയിൽനിന്നു പുറത്താക്കി;" "നീയല്ലെ പന്തിനെ ചലിപ്പിച്ചു തുടങ്ങിയതു്?" "തെംസുനദിക്കു തീ കൊടുത്തു" എന്നിങ്ങിനെ എഴുതി അച്ചടിച്ചു പരസ്യം ചെയ്തു കണ്ടിട്ടുണ്ടു്. വല്ല പുഴക്കും തീ കൊടുത്തേ കഴിയുയെങ്കിൽ നമ്മൾക്കു ഭാരതപ്പുഴയും മററും ഉള്ളപ്പോൾ എന്തിന്നു് ഇത്ര ബുദ്ധിമുട്ടി കപ്പൽസഞ്ചാരം ചെയ്തു ഇംഗ്ലാണ്ടിൽ പോയി തെംസുനദിയെ തെണ്ടിപ്പിടിക്കുന്നു? വലിയ കോയിത്തമ്പുരാൻ എഴുതിയ "എന്റെ മൃഗയാസ്മരണകൾ" എന്ന ഉപന്യാസത്തിൽ "സിംഹഭാഗം" എന്നൊരു വാക്കു കാണാം. ആ വാക്ക് അവിടെ വളരെ സന്ദൎഭോചിതമായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഇംഗ്ലീഷിലുള്ള അതിന്റെ പൎയ്യായത്തിൽ സൂചിക്കുന്ന കഥ അറിഞ്ഞുകൂടാത്തവ

ക്ക് അതിന്റെ അർത്ഥമാവുകയില്ല. ഭഗീരഥപ്രയത്നം മുതലായ വാക്കുകളിലെന്നപോലെ ഇംഗ്ലീഷിൽ അനവധി വാക്കുകളിലും വാചകങ്ങളിലും ഓരോ കഥാസൂചന അടങ്ങിയിരിക്കും. ആ വക കഥകൾ പ്രചാരത്തിൽ വന്നശേഷമാണ്, ആ വക വാക്കുകൾ പ്രചരിക്കുന്നത്. Lion's Share എന്നതിന്റെ പരിഭാഷയായ "സിംഹഭാഗം" എന്നതിലും ഈസോപ്പിന്റെ സാരോപദേശത്തിലെ ഒരു കഥയുടെ സൂചനയാണ് ഉള്ളത്. ആ വക വാക്കുകളും വാചകങ്ങളും അപ്പടി മലയാളത്തിൽ പരിഭാഷ ചെയ്തു ഉപയോഗിക്കുന്നതിനാൽ അനുഭവമാകുന്ന പരിഹാസത്തെ ഭാഷാഭിമാനികൾ ഭയപ്പെടേണ്ടതാണ്.

സംസ്കൃതവാക്കുകൾ മലയാളത്തിൽ ഉപയോഗിക്കുന്ന കാര്യത്തിലാണ മറെറാരു തർക്കമുള്ളത്. ഇതിനെപ്പററി സാഹിത്യസാഹ്യകർത്താവ് ഇങ്ങിനെ പറയുന്നു:— "സംസ്കൃതവ്യാകരണത്തിൽ ഉത്സർഗ്ഗം അപവാദം പ്രതിപ്രസവം അതിനും അപവാദം എന്ന് അവസാനിക്കാതെ നീണ്ടുപോകുന്ന വ്യത്യസ്തങ്ങളെ എല്ലാം ഗ്രന്ഥസഹായം കൂടാതെ പരിച്ഛേദിച്ചു പറവാൻ മഹാപണ്ഡിതന്മാർക്കുപോലും അസാദ്ധ്യമാണ്. പ്രക്രിയാസർവ്വസ്വം എന്ന ഒരു വ്യാകരണഗ്രന്ഥം ചമച്ച നാരായണഭട്ടതിരിക്കുതന്നെ സ്വന്ത കൃതികളിൽ പല അശുദ്ധപ്രയോഗങ്ങളും വന്നുപോയിട്ടുണ്ട്. ഇങ്ങിനെയുള്ള ഒരു ഭാഷയിൽനിന്നു കടം വാങ്ങാൻ പോകുന്ന പാവപ്പെട്ട മലയാളി പദങ്ങളെ ശുദ്ധി പരീക്ഷിച്ചു വേണം സ്വീകരിപ്പാൻ എന്നു ശഠിക്കുന്നതു കുറെ സാഹസമാകുന്നു. നല്ല വൈയാകരണന്മാർ മാത്രമേ സംസ്കൃതത്തിൽനിന്നു പദമെടുക്കാൻ പോകേണ്ടു എന്നുവക്കുന്നതായാൽ അങ്ങിനെയുള്ളവരുടെ സംഖ്യ വളരെ ചുരുങ്ങും; ആവശ്യം നടക്കുകയില്ലെന്നും വരും. അതിനാൽ ഭാഷയിൽ ഉപയോഗിക്കുന്ന സംസ്കൃതത്തിനു വലിയ ശുദ്ധിനിർബ്ബന്ധം ഒന്നും വേണ്ടെന്നുവക്കുന്നതുതന്നെ കൊള്ളാം. ഈവിധം ചില സ്വാതന്ത്ര്യങ്ങൾ അനുവദിച്ചാലെ ഭാഷക്കു പുഷ്ടിവരാൻ എളുപ്പമുള്ളു. മൃതഭാഷകളിലുള്ള നിർബ്ബന്ധമൊന്നും ജീവൽഭാഷയിൽ ചെല്ലുകയില്ല. വൃദ്ധയായ ഗൈർവ്വാണിക്കു വളർച്ച നിലച്ചു; കൈരളി ഇന്നും പ്രായപൂർത്തിവരാത്ത യുവതിയാണ്. സംസ്കൃതത്തിലും ഒരു കാലത്തു അവ്യവസ്ഥകൾ ഉണ്ടായിരുന്നതായി ആർഷപ്രയോഗങ്ങളിലും മററും നാം കാണുന്നില്ലയോ? അതിനാൽ സംസ്കൃതത്തിന് ആർഷപ്രയോഗങ്ങളിൽ കാണുന്നതുപോലുള്ള അശുദ്ധി ഭാഷയിൽ സഹ്യമാണ്. സംസ്കൃതക്കാരൻ ശരിവച്ചില്ലെങ്കിലും ഒരു സംസ്കൃതപ്രയോഗം ഭാഷയുടെ ആവശ്യത്തിനും നിയമങ്ങൾക്കും യോജിച്ചാൽ അതു ഗ്രാഹ്യംതന്നെ."

സ്കൂളുകളിലും കോളേജുകളിലും പാഠപുസ്തകമാക്കിയ സാഹിത്യസാഹ്യത്തിൽ, കേരളഭാഷയുടെ മർമ്മം കണ്ടറിഞ്ഞ സഹൃദയനും ഇംഗ്ലീഷും സംസ്കൃതവും നല്ലവണ്ണം പഠിച്ചറിഞ്ഞ മഹാപണ്ഡിതനും ആയ രാജരാ

ജനങ്ങൾ ഇങ്ങിനെ ഖണ്ഡിതമായി അഭിപ്രായപ്പെട്ടു കഴിഞ്ഞ ശേഷം ഇതിനെപ്പററിയുള്ള തക്കം അവസാനിച്ചുവെന്നു വിചാരിച്ചിരുന്നു. ഇല്ല, ഈ തക്കം ഇനിയും അവസാനിച്ചിട്ടില്ല. ഇതിനെപ്പററി വടക്കെ മലയാളത്തിലെ ഒരു പണ്ഡിതൻ ഭയങ്കരമായ ഒരു പോരാട്ടത്തിന്നു് ഒരുക്കങ്ങൾ ചെയ്തുവരുന്നതായി അറിയുന്നു. പണ്ഡിതന്മാർ പുതുതായി സംസ്കൃതത്തിൽനിന്നു് എടുത്തു മലയാളത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ ശുദ്ധം മാറാതെ എടുക്കാൻ അവർ സൂക്ഷിക്കുന്നതു നല്ലതുതന്നെ. അവയൊക്കെ ആ നിലയിൽ ഭാഷയിൽ പിന്നെ പ്രചരിച്ചുകൊള്ളും. എന്നാൽ വളരെക്കാലമായി ഭാഷയിൽ കടന്നുകൂടി ഭാഷയുടെ സ്വന്തം സ്വത്തായിത്തീൎന്ന പദങ്ങൾപോലും സംസ്കൃതത്തിലുള്ള അവയുടെ പൂൎവ്വരൂപത്തിലെ ഉപയോഗിക്കാവൂ എന്നു ശഠിക്കുന്നവർ, ഭാഷയുടെ കഴുത്തു ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നവരാണു്. ക്ഷണനം, ലേഖനം എന്നിവയൊക്കെ തെററാണെന്നും അവയൊക്കെ ഭേദപ്പെടുത്തണമെന്നും ആണു ചിലർ പറയുന്നതു്. നമ്മളുടെ "അഹോവൃത്തി"ക്കുതന്നെ അവർ ദോഷം കാണുന്നു. ആവക വാക്കുകളൊന്നും സംസ്കൃതരൂപത്തിലല്ലെങ്കിൽ, അവയൊന്നും സംസ്കൃതപദങ്ങളല്ലെന്നും കരുതിയാൽ ബുദ്ധിമുട്ടു തീൎന്നുവല്ലോ. വളൎന്നുകൊണ്ടുവരുന്ന ഭാഷയിൽ മററു പല ഭാഷകളിൽനിന്നും വാക്കുകൾ വന്നു ചേരാതെ ഇരിക്കയില്ല. ഇന്ത്യയിലെ പല ഭാഷകളേയും താരതമ്യപ്പെടുത്തി പഠിച്ച മഹാപണ്ഡിതന്മാർ പറയുന്നതു വിശ്വസിക്കാമെങ്കിൽ, സംസ്കൃതത്തിൽ ദ്രാവിഡഭാഷയിൽനിന്നു വാക്കുകൾ എടുത്തു ചേൎത്തിട്ടുണ്ടെന്നു സമ്മതിക്കേണ്ടിവരും. ഗുണ്ടർട്ടു പണ്ഡിതരുടെ നിഘണ്ടുവിന്റെ പ്രസാധകൻ ഇങ്ങിനെ പറയുന്നു:—

"പ്രഥമദൃഷ്ടിയിൽ സംസ്കൃതത്തിൽനിന്നു് ഉത്ഭവിച്ചവയാണെന്നു തോന്നുമെങ്കിലും സൂക്ഷിച്ചു പരിശോധിച്ചതിൽ സംസ്കൃതരൂപമായിത്തീൎന്ന ദ്രാവിഡപദങ്ങളാണെന്നു വന്നുകൂടിയ അനേകം പദങ്ങളുണ്ടു്." ഈ നിഘണ്ടുവിന്റെ കൎത്താവു് ഒരു ജൎമ്മൻപത്രത്തിൽ എഴുതിയ ഉപന്യാസത്തിൽ, കേയൂരം, പുത്രൻ, മകുടം, വിരളം എന്നിങ്ങിനെയുള്ള വളരെ പദങ്ങളെ ഉദാഹരണമായി എടുത്തു കാണിച്ചിട്ടുണ്ടു്. (റവറണ്ടു് ഫാദർ കിററൽ 1872 ആഗസ്തു മാസത്തിലെ "ഇൻഡ്യൻ ആൻറിക്വറി" എന്ന പത്രഗ്രന്ഥത്തിൽ എഴുതിയ ഉപന്യാസം 235-ാം ഭാഗം നോക്കുക.) ചില വാക്കുകളോ അവയുടെ ധാതുക്കളോ സംസ്കൃതത്തിലും ദ്രാവിഡഭാഷയിലും ഒരുപോലെയുള്ളതായും അതുകൊണ്ടു് ഒന്നു മറെറാന്നിൽനിന്നു് എടുത്തതാണെന്നു വിചാരിക്കേണ്ടതില്ലെന്നും അദ്ദേഹം പറയുന്നു. ശുദ്ധ ദ്രാവിഡപദങ്ങളാണെന്നു കരുതിയിരുന്ന ചില വാക്കുകൾ അന്യഭാഷകളിൽനിന്നു കടന്നുകൂടിയവയാണെന്നും പിന്നീടു തീൎച്ചപ്പെട്ടിരിക്കുന്നു.

ഡാക്ടർ ഗുണ്ടർട്ടു മേൽപ്രകാരം ഉദാഹരണമായി എടുത്തു കാണിച്ചു

വാക്കുകളുടെ ചരിത്രം ബഹുരസകരമായിരിക്കുന്നു. "കേയൂരം" എന്നതിനെ "കയ്യിന്റെ ശിരസ്സിൽ കൂടിച്ചേരുന്നതു (യു. മിശ്രണെ)", എന്നാണല്ലൊ പാരമേശ്വരിയിൽ വ്യാഖ്യാനിച്ചിരിക്കുന്നതു്. ഗുണ്ടർട്ട പണ്ഡിതർ, ഈ പദം "കൈ-ഉരുക", എന്നതിൽനിന്നു് ഉണ്ടായതായി പറയുന്നു. "കടന്നു പിടികൂടുന്നതു മർക്കടം" എന്നു പാരമേശ്വരിയും, "മറി കടക്ക" എന്നതിൽനിന്നാണു മർക്കടം എന്ന വാക്കുണ്ടായതെന്നു ഗുണ്ടർട്ടും അഭിപ്രായപ്പെടുന്നു. ആദാനം ചെയ്യപ്പെടാത്തതു വിരളം (വി. രാ. ആദാനെ) എന്നാണു്, വിരളപദത്തെ പാരമേശ്വരി വ്യാഖ്യാനിച്ചതു്. ഗുണ്ടർട്ടിന്റെ രസകരമായ വ്യാഖ്യാനം, വിരളം എന്നതു വേർപെട്ടു നിൽക്കുന്ന എന്ന അർത്ഥത്തിൽ വിരൽ എന്ന വാക്കിൽനിന്നു് ഉണ്ടായതെന്നാണു്.

ഇതിനെപ്പററി ഒരു അഭിപ്രായം പറയുവാനുള്ള പാണ്ഡിത്യമോ, ആ നിലയിൽ അതിന്നായി ശ്രമിക്കാനുള്ള ഔദ്ധത്യമോ എനിക്കില്ല. ഒരു കാര്യം തീർച്ചയാണു്. ആര്യന്മാർ തെക്കെ ഇന്ത്യയിൽ വന്നു ദ്രാവിഡരുമായി ഇടപെട്ടപ്പോൾ, സംസ്കൃതത്തിൽനിന്നു പദങ്ങൾ ദ്രാവിഡഭാഷയിലും, ദ്രാവിഡഭാഷയിൽനിന്നു പദങ്ങൾ സംസ്കൃതത്തിലും എടുത്തു് ഉപയോഗിക്കേണ്ടുന്ന ആവശ്യം ഉണ്ടായിരുന്നുവെന്നും ആ പദങ്ങൾ അതാതു ഭാഷയുടെ സ്വന്തം സ്വത്തായിത്തീർന്നുവെന്നും ഉള്ളതു നിശ്ചയമായും സംഭവിക്കാൻ പാടുള്ളതാണു്. ദ്രാവിഡഭാഷകളെ താരതമ്യപ്പെടുത്തി പഠിച്ച പണ്ഡിതന്മാരൊക്കെ ഇതിന്നു് അനുകൂലമായി അഭിപ്രായപ്പെടുന്നുണ്ടു്. ദ്രാവിഡഭാഷയിൽനിന്നെന്നല്ല ഏതു ഭാഷയിൽനിന്നും സംസ്കൃതത്തിൽ പദങ്ങൾ ചെന്നിട്ടുണ്ടെങ്കിൽ ആവക പദങ്ങൾക്കു സംസ്കൃതധാതു കല്പിച്ചു് അവയെ വ്യാഖ്യാനിക്കാൻ യാതൊരു പ്രയാസവും ഇല്ലെന്നു സംസ്കൃതപണ്ഡിതന്മാരൊക്കെ സമ്മതിക്കും. അർത്ഥമില്ലാത്ത ഏതൊരു വാക്കു പറഞ്ഞാലും അതിന്നു ധാതുവും അർത്ഥവും കണ്ടുപിടിക്കാൻ വൈയാകരണന്മാരായ സംസ്കൃതപണ്ഡിതന്മാൎക്കു് സാധിക്കുമെന്നു കേരളവർമ്മ കോയിത്തമ്പുരാൻ വൈക്കര മൂസ്സതവർകളോടു സൂചിപ്പിച്ചു് ഒരിക്കൽ പറഞ്ഞതായി ഓർമ്മിക്കുന്നു.

ഈ സംഗതി ഞാൻ ഇവിടെ എടുത്തുപറഞ്ഞതു മറെറാന്നുകൊണ്ടുമല്ല; ഏതു ഭാഷയിലും അന്യഭാഷകളിൽനിന്നു ധാരാളം പദങ്ങൾ കടന്നുകൂടും. കുറെ കാലം കഴിഞ്ഞാൽ ആ പദങ്ങൾ സ്വന്തം സ്വത്താണെന്നു ധരിച്ചുപോകത്തക്ക രൂപം അതിന്നുണ്ടാകയും ചെയ്യും. മലയാളഭാഷയിൽ, ഇങ്ങിനെ ഇംഗ്ലീഷ്, ഹിബ്രു., പേർസ്യൻ, അറബി, മുതലായ അനേകം വിദേശഭാഷകളിൽനിന്നു കടന്നുകൂടിയ വാക്കുകൾ, തിരിച്ചറിവാൻ പാടില്ലാത്തവിധത്തിൽ ഉള്ള രൂപം കൈക്കൊണ്ടിരിക്കുന്നു. ഇതിന്നുള്ള രസകരമായ ഒരു ഉദാഹരണമാണു "മുഖതാവിൽ" എന്ന പദം. ഇതു മുഖം എന്ന സംസ്കൃതവാക്കിൽനിന്നുണ്ടായതാണെന്നു വിശ്വസിക്കപ്പെട്ടിരി

ക്കുന്നുവെങ്കിലും, "മുക്ക്തപാബിൽ" എന്ന അറബിവാക്കിന്റെ മലയാളരൂപമാണെന്നാണു ഗുണ്ടർട്ടു പറയുന്നതു്. സംസ്കൃതത്തിൽനിന്നുതന്നെ, പ്രാരബ്ധം, പപ്ലൻ, എന്നിങ്ങിനെ എത്ര വാക്കുകൾ മലയാളത്തിൽ അർത്ഥം കേവലം ഭേദപ്പെട്ട നിലയിൽ വന്നുചേർന്നിട്ടുണ്ടു്. ലേഖനം, ക്ഷണനം, അധോവൃത്തി, മുതലായവയും മലയാളരൂപം കൈക്കൊണ്ട സംസ്കൃതവാക്കുകളാണു്. അവയൊക്കെ അനേകായിരം പ്രാവശ്യം പ്രബന്ധങ്ങളിലും ഗ്രന്ഥങ്ങളിലും ഉപയോഗിച്ചു് അവക്കു ഭാഷയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞതിനുശേഷം, അവയെ ശുദ്ധിചെയ്തു് എടുക്കണം എന്നു പറയുന്നതു വെറുംഭ്രാന്താണു്.

എഴുതിയും സംസാരിച്ചും ഭാഷയിൽ നടപ്പായിത്തീർന്ന പ്രയോഗങ്ങളെ കണ്ടറിഞ്ഞു ക്രമപ്പെടുത്തി, അവയെ വ്യവസ്ഥപ്പെടുത്തുന്ന നിയമങ്ങൾ നിർമ്മിക്കുകയാണു വ്യാകരണകർത്താക്കളുടെ മുറയെന്നും, വല്ലതും ചില നിയമങ്ങൾ ഉണ്ടാക്കി അവക്കനുസരിച്ചു വാക്കുകളും വാക്യങ്ങളും ഉപയോഗിച്ചുകൊള്ളണമെന്നു നിർബ്ബന്ധിക്കാൻ അവക്കു് അധികാരമില്ലെന്നും ആരെയും ഓർമ്മപ്പെടുത്തേണ്ടുന്ന ആവശ്യമില്ലല്ലൊ. അതുകൊണ്ടു ഭാഷയിൽ പ്രവേശിച്ച പഴകിയ സംസ്കൃതവാക്കുകൾ, അവയ്ക്കു് ഇപ്പോൾ ഉള്ള രൂപത്തിൽത്തന്നെ ഉപയോഗിച്ചുകൊൾവാനും മേലാൽ പണ്ഡിതന്മാർ എടുത്തുചേർക്കുന്ന വാക്കുകൾക്കു മാത്രം സംസ്കൃതശുദ്ധി പരിപാലിക്കാൻ ശ്രമിച്ചാൽ മതിയെന്നും, "പരിഷത്തു്" ഒരു വിധി കല്പിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

നമ്മുടെ കവികളെപ്പററിയും വിശേഷിച്ചു് ഇന്നു ജീവിക്കുന്ന കവികളെപ്പററിയും വല്ലതും പറയേണ്ടുന്ന ആവശ്യം എനിക്കില്ല. പക്ഷെ യുവകവികളോടു് ഉപദേശരൂപേണ ഒരു കാര്യം പറവാനുണ്ടു്.

കാവ്യരചനയിൽ മററുള്ളവരെ അനുകരിക്കുവാൻ ശ്രമിക്കുന്നതു വളരെ സൂക്ഷിച്ചുവേണ്ടതാണു്. യഥാർത്ഥമായ കവിതാവാസന ഒരാൾക്കു് ഉണ്ടെങ്കിൽ അതിനനുസരിച്ച മനസ്സാക്ഷിയെ വഞ്ചിക്കാതെ കാവ്യം രചിച്ചുകൊള്ളണം. കാവ്യം മറെറല്ലാസംഗതികൊണ്ടും സ്വീകാര്യമാണെങ്കിൽ അവയിലുള്ള അബദ്ധങ്ങൾ സഹൃദയന്മാർ ക്ഷമിച്ചുകൊള്ളും. എന്നുമാത്രമല്ല, കാവ്യം അധികമധികം നന്നായിത്തീരുന്നതനുസരിച്ചു അതിലെ അബദ്ധപ്രയോഗങ്ങൾ ചന്ദ്രനിലെ കളങ്കംപോലെ ഭൂഷണമായും വരും. വൈയാകരണന്മാർ ആവക അബദ്ധങ്ങളെ വ്യത്യസ്തകോടിയിൽ ചേർത്തു ബഹുമാനിക്കുകയും ചെയ്യും. പൂർവ്വന്മാർ പ്രയോഗിച്ചതാകയാൽ അവയ്ക്കു പിന്നീടു് അനന്തിരവന്മാർ സാധുത്വം കല്പിച്ചുവെന്നും വരാം. കാളിദാസപ്രഭൃതികൾ എത്ര തെററുകൾ വരുത്തി? ഷേക്സ്പീയരുടെ അബദ്ധപ്രയോഗങ്ങളെ സാധുവാക്കാൻ ഒരു പ്രത്യേകവ്യാകരണംതന്നെ ഉണ്ടായി. ചന്തുമേനവന്റെ ചില പ്രയോഗങ്ങളെപ്പററി രാജരാജവർമ്മ, "ചന്തു

മേനവന്റെ" ധൂളധൂളായമാനമായ വാഗ്ധാടിയിൽ ഇതെന്നല്ല, ഇതിലധികം വ്യത്യസ്ത പ്രയോഗങ്ങളും നിലാവിൽ കളങ്കമാലിന്യമെന്നപോലെ തെളിയുകയില്ല," എന്നു പറഞ്ഞിരിക്കുന്നതു നോക്കുക.

കാവ്യവും കാവ്യരീതിയും അതിലെ ഭാഷാരീതിയും സ്വന്തം വാസനാഗതിയെ ഗണിക്കാതെ മനസ്സാക്ഷിയെ വഞ്ചിച്ച്, അന്യരെ അനുകരിച്ചുള്ളവയാകുമ്പോൾ അവയെ ആരും ബഹുമാനിക്കുവാൻ തോന്നുകയില്ല. അതിലെ അബദ്ധങ്ങൾ മുഴച്ചുനില്ക്കും. അതിന്റെ രഹസ്യമെന്താണെന്നു ഞാൻ പറയാം. കാവ്യരചനയെന്നല്ല, കലാശില്പകളെല്ലാംതന്നെ, പ്രത്യേകമായ ഈശ്വരാനുഗ്രഹം മനുഷ്യഹൃദയം വഴിയായി പ്രത്യക്ഷപ്പെടുന്നതാകുന്നു. അതിനു നാം സരസ്വതീകടാക്ഷം എന്നുതന്നെ പറയുക. സരസ്വതീകടാക്ഷം, അതിനു ഭാഗ്യം സിദ്ധിച്ചവരുടെ ഉള്ളിലുള്ള ശക്തിക്കനുസരിച്ച രീതിയിലും ഭാഷയിലും പ്രത്യക്ഷപ്പെടുന്നു. അങ്ങിനെ ചെയ്യുമ്പോൾ അതിന് അകൃത്രിമമായ ഗുണം ഉണ്ടാകുന്നു. ആ മാർഗ്ഗത്തിൽത്തന്നെ പ്രവർത്തിച്ചുകൊണ്ടുപോയാലേ അതിന് ഉൽക്കർഷം സിദ്ധിക്കുകയുള്ളു. അതിലിടക്ക മററുള്ളവരുടെ പ്രയോഗരീതിയൊ മററൊ കണ്ടു ഭ്രമിച്ചും അവർക്ക് സാഹിത്യലോകത്തിൽ ഉള്ള ബഹുമതി കണ്ടു കൊതിച്ചും അവരെ അനുകരിക്കുവാൻ ശ്രമിക്കുമ്പോൾ, പിടിച്ചതിനെയുംവെച്ചു പറക്കുന്നതിന്റെ പിന്നാലെ ഓടി പിടിച്ചതുംപോയി പറന്നതും കിട്ടിയില്ല, എന്നപോലുള്ള അനുഭവം നേരിടും. ഉണ്ടായ സരസ്വതീകടാക്ഷംപോലും വഴിപിഴച്ചു നഷ്ടമായിപ്പോകും.

പദ്യരചനയിൽ ഏർപ്പെട്ട് ഒരുവിധം കാവ്യങ്ങൾ ഉണ്ടാക്കി സരസ്വതീകടാക്ഷമുള്ളവരാണെന്നും ക്രമേണ നന്നാകുമെന്നും മററുള്ളവർ മനസ്സിലാക്കിക്കൊണ്ടുവരുന്നതിലിടക്ക് അങ്ങിനെയുള്ള ചിലർ ടാഗോറിന്റെ കാവ്യങ്ങൾ കണ്ടു ഭ്രമിച്ച് ആ രീതിയിൽ പദ്യങ്ങൾ പുറത്തു തള്ളിവിടുന്നതു കാണുമ്പോൾ, എന്റെ ഭഗവാനെ, എന്റെ സരസ്വതീദേവി, മൺമറഞ്ഞ കുഞ്ചൻ, തുഞ്ചൻ മുതലായ മഹാകവികളെ, നിങ്ങളെല്ലാവരുംകൂടി, സ്വന്തം കവിതാവാസനയെ ഹനനംചെയ്തു വഴിമാറി, ഭാഷാദ്രോഹവും പരദ്രോഹവും ചെയ്യുന്ന ഈ യുവാക്കളുടെ മനസ്സിനെ നന്നാക്കേണമെ എന്നു പ്രാർത്ഥിച്ചുപോകുന്നു.

ടാഗോറിനെ അനുകരിച്ചുണ്ടാക്കിയ ഒരു കവിത കേട്ടോളു.

നിത്യനായക ഹൃദയാങ്കണത്തിങ്കൽനിന്നു
വിസ്തൃതതരം മഹാശോഭയാപൊന്തിവന്നു
ധാത്രിയിൽമുഴക്കുന്നലാവണ്യശോഭയേററു
നിത്യവുംപാടീടുനീ പാടീടുകിളിക്കുഞ്ഞെ

പൊക്കണംതൂക്കിക്കൊണ്ടുപോകുന്നവഴിപോക്കൻ
ഇക്കണ്ടജനത്തിനുള്ളാനന്ദംപറവതൊ
വെള്ളക്കല്ലിന്മേലൊരുപാമരംകുത്തിയതി-
ന്നുള്ളിലെചിത്രപ്പൂവുകാണുന്നതില്ലയല്ലൊ
ഞാനമീയാകാശത്തിൽപറന്നുപൊന്തിയെത്തി
മാനത്തിൽമാനക്കേടുകീഴിലുള്ളവൎക്കല്ലൊ
ഇങ്ങിനെയെന്നുംകാത്തുകൊള്ളുവാൻജഗല്പതി
സംഗതിവരുത്തേണംതീൎക്കേണംമാലിന്യങ്ങൾ

ഇതെന്തൊരു ഭ്രാന്താണ്, എന്നു ചോദിപ്പനല്ലയൊ നിങ്ങൾക്കു തോന്നുന്നതു്? ഈ പദ്യത്തിന്റെ തലവാചകം, "നിത്യവുംപാടീടുനീ പാടീടുകിളിക്കുഞ്ഞെ" എന്നാണു്.

ഇങ്ങിനെയുള്ള കാവ്യങ്ങൾ നമ്മുടെ ചില പത്രങ്ങളും പത്രഗ്രന്ഥങ്ങളും പരസ്യം ചെയ്തു കാണുമ്പോൾ മൺമറഞ്ഞ മഹാകവികളുടെയും വിദ്വാന്മാരുടെയും ഭസ്മാവശിഷ്ടങ്ങൾ ശവകുടീരങ്ങളിൽ കിടന്നു വിറക്കുന്നുണ്ടാവില്ലെ? അതൊ ഇരിക്കട്ടെ. ഇവയൊക്കെ ടാഗോറിന്റെ അനുകരണമാണെന്നു പറയുന്നതു് ആ മഹാകവിയെ സവിശേഷം അവമാനിക്കുകയല്ലയൊ? അധ്യാത്മവിഷയത്തിൽ പരിപാവനമായ പരിഷ്കാരം സിദ്ധിച്ചു, യഥാൎത്ഥകേതനായി ഭാഷാദേവി സ്വയം വശ്യയായിതീൎന്ന പണ്ഡിതനായി കാവ്യനിൎമ്മാണവിദ്യയുടെ മറുകര കണ്ടറിഞ്ഞ ലോകപ്രസിദ്ധനായ ടാഗോർ എവിടെ! സാഹിത്യമഹാസമുദ്രത്തിന്റെ കരയിൽ കുത്തിയിരുന്നു പൂഴിച്ചോറുണ്ടാക്കി കളിച്ചുകൊണ്ടു മഹാകവിത്വം സ്വപ്നം കാണുന്ന ഈ യുവകവികൾ എവിടെ? അങ്ങിനെയുള്ള മഹാകവിയെ ഇങ്ങിനെയുള്ള യുവാക്കൾ അനുകരിച്ച് അവമാനിച്ചതു് ഇന്ത്യാരാജ്യത്തെ നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്ന കാലത്തായിരുന്നുവെങ്കിൽ ബങ്കാളത്തിലെ രാജാവു കേരളത്തിലെ രാജാവോടു വലിയൊരു യുദ്ധത്തിന്നു് ഒരുങ്ങിപ്പുറപ്പെടുവാൻ അതുതന്നെ മതിയായ കാരണമാകുമായിരുന്നില്ലെ?

അനുകരണം ചിലപ്പോൾ പരിഹാസകരമായി കലാശിക്കുമെന്നുള്ളതിന്നു് ഒരു കഥ പറയാം. ഒരിക്കൽ ഒരു ദേശത്തു പ്രമാണിയായ ഒരാളുടെ അമ്മ മരിച്ചു. അതുനിമിത്തം അദ്ദേഹം അതിയായി വ്യസനിച്ചുകൊണ്ടിരിക്കെ, സമീപവാസികളിൽ ചിലർ ചെന്നു പല സാന്ത്വനങ്ങളും പറയുന്ന കൂട്ടത്തിൽ വാഗ്മിയായ ഒരാൾ അടുത്തു ചെന്നു്, "നിങ്ങൾ ഇങ്ങിനെ വ്യസനിക്കരുതു്, നിങ്ങൾക്കു മാത്രമല്ല വലിയൊരു നഷ്ടമുണ്ടായിട്ടുള്ളതു്, നിങ്ങളുടെ അമ്മ ഈ ദേശത്തുള്ളവൎക്കൊക്കെ ഒരു അമ്മയായിരുന്നു" എന്നു പറഞ്ഞു. ഇതുകേട്ടു് അയാൾക്കു വളരെ ആശ്വാസം ഉണ്ടായി. ഇതൊക്കെ കണ്ടും കേട്ടും നിന്നിരുന്ന ഒരു യുവാവിന്നു്, ഇങ്ങിനെയാണു്, ഈ വിധം വ്യസനിക്കുന്നവരെ ആശ്വസിപ്പിക്കേണ്ടതെന്നു മനസ്സിലാകുക

യും താൻ മേലാൽ ഇതിനെ അനുകരിച്ചു പ്രവൎത്തിക്കുമെന്നു തീൎച്ചയാക്കുകയും ചെയ്തു. കുറെദിവസം കഴിഞ്ഞപ്പോൾ ആ ദേശത്തു്, മറെറാരു സ്ത്രീ മരിച്ചു; നമ്മുടെ യുവാവു് അവിടെ ചെന്നു വ്യസനിച്ചുകൊണ്ടിരിക്കുന്ന മനുഷ്യനോടു്, "നിങ്ങൾ വ്യസനിക്കരുതു്. നിങ്ങൾക്കു മാത്രമല്ല, ഈ നഷ്ടം സംഭവിച്ചിട്ടുള്ളതു്. നിങ്ങളുടെ ഭാൎയ്യ ഈ ദേശത്തുള്ളവരുടെയൊക്കെ ഭാൎയ്യയായിരുന്നു." എന്നു പറഞ്ഞു.

ഇതാണു് അനുകരണത്തിന്റെ ഒരു ഫലം. ഞാൻ ആരേയും ഭഗ്നോത്സാഹികളാക്കാൻ വിചാരിച്ചിട്ടില്ല. അവരവരുടെ വാസനക്കും ജ്ഞാനത്തിന്നും ലോകപരിചയത്തിന്നും അനുസരിച്ചു്, തനിയെ വരുന്ന പദ്യങ്ങളെ രേഖപ്പെടുത്തുവിൻ. മഹാകവികളെ ബഹുമാനിക്കുവിൻ. അനുകരണം ബഹുമാനത്തിന്നു തുടൎച്ചയായി, തനിയെ അറിയാതെ വന്നു ചേരേണ്ടതാണു്, എന്നു നമ്മളുടെ യുവകവികളെ ഉപദേശിക്കുവാൻ മാത്രമേ ഞാൻ വിചാരിച്ചിട്ടുള്ളു.

മററുള്ളതെല്ലാംകൊതിച്ചാൽവരുത്താം
മുററുംകവിത്വംലഭിക്കാവതല്ലാ.

സാഹിത്യപരിഷത്തിന്റെ മേലന്വേഷണത്തിൽ ഒരു വിമൎശകസംഘം ഏൎപ്പെടുത്തേണ്ടതു് അത്യാവശ്യമാണെന്നാണു് എന്റെ അഭിപ്രായം. ഭാഷയിൽ അത്യാവശ്യമായ ഗ്രന്ഥങ്ങളെ ഉണ്ടാക്കാൻ വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കയും അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്ന പുസ്തകങ്ങളെപ്പററി നിഷ്പക്ഷമായ അഭിപ്രായം പറയുകയും, അച്ചടിക്കാൻ തയ്യാറായിട്ടുള്ളവ അയച്ചുകിട്ടിയാൽ അവയെപ്പററി വേണ്ടുന്ന ഉപദേശം കൊടുക്കുകയും ചെയ്യാനുള്ള ഭാരം ഈ സംഘം കയ്യേല്ക്കണം.

നമ്മൾക്കു ഗ്രന്ഥദാരിദ്ര്യം നീങ്ങിക്കൊണ്ടുവരുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. എന്നിരുന്നാലും ഭാഷയുടെ ആവശ്യം കണ്ടറിഞ്ഞും അതിന്റെ അഭിവൃദ്ധിയെ പുരസ്കരിച്ചും ഗ്രന്ഥങ്ങൾ രചിപ്പാനുള്ള വ്യവസ്ഥ ഉണ്ടായിട്ടില്ല. പദ്യരചനയിൽ ഏൎപ്പെട്ടിരിക്കുന്ന മഹാകവികളുടെ സംഖ്യ നമ്മളുടെ ആവശ്യത്തിന്നനുസരിച്ചുണ്ടു്. ശാസ്ത്രഗ്രന്ഥങ്ങളും ദേശചരിത്രങ്ങളും ജീവചരിത്രങ്ങളും എഴുതുവാൻ പ്രാപ്തരായ ഗദ്യകാരന്മാരാണു കുറെ ആവശ്യം. ചരിത്രസംബന്ധമായ ആഖ്യായികകൾ എഴുതുവാൻ ചില മാന്യന്മാർ ശ്രമിച്ചുകാണുന്നതിൽ അത്യന്തം സന്തോഷിക്കുന്നു. ചെറുകഥകൾ ഭാഷയിൽ എത്രതന്നെ എഴുതി പരസ്യപ്പെടുത്തിയാലും അധികമായിപ്പോകുന്നതല്ല. ഇംഗ്ലീഷുസാഹിത്യത്തിൽ ചെറുകഥകൾക്കും ഒരു പ്രത്യേക നിലയും വിലയും ഉണ്ടു്. ശാസ്ത്രസംബന്ധമായി വല്ല പുതിയ തത്വങ്ങളും കണ്ടുപിടിക്കുകയോ വല്ല പുതിയ യന്ത്രങ്ങളും നിൎമ്മിക്കുകയോ, വല്ല കലഹമോ യുദ്ധമോ ബഹളമോ ഉണ്ടാകയോ, വല്ല പുതിയ ആചാരങ്ങളോ സമ്പ്രദായമോ നാട്ടിൽ വരികയോ മാത്രമല്ല,

ളുടെ അററം വസ്ത്രാഡംബരത്തിലോ, മുടി വെട്ടിച്ചുരുക്കുന്നതിലോ, സ്ത്രീകൾ വല്ല പുതിയ നടപ്പും ഉണ്ടാക്കുകയോ ചെയ്താലും, അവയെ വിവരിച്ചും പരിഹസിച്ചും അവയുടെ യഥാർത്ഥസ്ഥിതി ജനങ്ങൾക്കു മനസ്സിലാക്കാൻ ഉപയുക്തങ്ങളായ ചെറുകഥകൾ ഇംഗ്ലീഷുഭാഷയിൽ എഴുതാൻ വിദ്വാന്മാർ എപ്പോഴും ഒരുക്കമുണ്ടെന്നു കാണാം. അവയെ പത്രഗ്രന്ഥകാർ വളരെ ബഹുമാനിച്ചു മാന്യസ്ഥാനങ്ങളിൽ പരസ്യം ചെയ്യുന്നു. പ്രസിദ്ധപ്പെട്ടവയും പ്രചാരമേറിയവയും ആയ ഇംഗ്ലീഷ് പത്രഗ്രന്ഥങ്ങളിലെ വിഷയാനുക്രമണിക നോക്കിയാൽ അവയിൽ അധികവും ചെറുകഥകളാണെന്നു കാണാം. അവനിമിത്തം ജനങ്ങളുടെ അറിവു വർദ്ധിക്കുകയും അവർക്കു സന്മാർഗ്ഗബോധം ഉണ്ടാകുകയും ചെയ്യാൻ എളുപ്പമാകുന്നു. നമ്മളുടെ ഇടയിലുള്ള ജന്മികുടിയാൻ വഴക്കിനെപ്പററിയും ജാതിമാത്സര്യത്തെപ്പററിയും ഓരോ സമുദായത്തിലുള്ള ആചാരദോഷങ്ങളെപ്പററിയും ദീർഘമായ വലിയ പ്രബന്ധങ്ങൾ എഴുതുന്നതിനേക്കാൾ ഏററവും പ്രയോജനകരമായിരിക്കുക അവയെക്കുറിച്ചു രസകരങ്ങളായ ചെറുകഥകളും വലിയ നോവലുകൾതന്നെയും പ്രസിദ്ധം ചെയ്യുന്നതുകൊണ്ടായിരിക്കും. വിദേശികൾ അതിനെയും പരിഷ്കരിച്ചു നാടകങ്ങൾ ഉണ്ടാക്കി അഭിനയിക്കുകയും "സിനിമ" വഴിയായി പ്രദർശിപ്പിക്കുകയും ചെയ്യുന്നു. നമ്മൾ ചെറുകഥകളും നോവലുകളുംപോലും ആ ഉദ്ദേശത്തോടുകൂടി ഉണ്ടാക്കിവരാത്തതു നമ്മളുടെ പരിഷ്കാരക്കുറവിനെയാണു പ്രത്യക്ഷപ്പെടുത്തുന്നതു്. ചന്തുമേനോൻ ഇന്ദുലേഖ എഴുതിയതു് സമുദായത്തിലെ ഒരു ആചാരദോഷത്തെ പ്രത്യക്ഷപ്പെടുത്തുവാനുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു. അതുകൊണ്ടു നിശ്ചയമായും വലിയ ഫലം ഉണ്ടായിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. ഇന്നുള്ള ഇന്ദുലേഖാപുസ്തകം മുഴുവൻ വിലകൊടുത്തു വാങ്ങിച്ചു ദഹിപ്പിച്ചു ഭസ്മം അറബിക്കടലിൽ കലക്കിക്കളയണം എന്നു പറയുന്നവർപോലും, അവരുടെ സമുദായത്തിലുള്ള ദുഷിച്ച ആചാരങ്ങളെപ്പററിയുള്ള ബോധം ആദ്യം ഹൃദയത്തിൽ പതിച്ചു അവിടെകിടന്നു മുളച്ചുവളരാൻ ഇടവരുത്തിയതു് ഇന്ദുലേഖയാണെന്നു ഗാഢമായി ആലോചിച്ചാൽ സമ്മതിക്കേണ്ടിവരും. ഇന്ദുലേഖ ചുട്ട, ഭസ്മം അറബിക്കടലിൽ കലക്കുകയല്ല വേണ്ടതു്, ഭസ്മം നല്ല വെള്ളത്തിൽ കലക്കിക്കുടിക്കുകയാണു വേണ്ടതു്. വെണ്മണിനമ്പൂതിരിയുടെ പൂരപ്രബന്ധത്തെ ഇന്നു പല പരിഷ്കാരികളും നിന്ദിക്കുന്നുണ്ടെങ്കിലും, അതുനിമിത്തം സാന്മാർഗ്ഗികമായ ഒരു ബോധം സമുദായത്തിന്റെ ഇടയിൽ ജനിച്ചിരുന്നില്ലയോ എന്നും അതുവഴിയായി ഗുണകരമായ ഒരു മാററം വന്നിട്ടില്ലയോ എന്നും തീർത്തു പറയേണ്ടതു നിങ്ങളാണു്. ദുരാചാരങ്ങളെപ്പററി ലജ്ജിക്കത്തക്കവിധത്തിൽ കഥകളും കാവ്യങ്ങളും രചിച്ചു പരസ്യപ്പെടുത്തുന്നതുകൊണ്ടുള്ള ഫലം അവർണ്ണനീയമാകുന്നു. വെണ്മണിനമ്പൂതിരിയെപ്പററി ഞാൻ അന്വേഷിച്ചതിൽ അറിഞ്ഞതു്, അദ്ദേഹം

തന്റെ കാവ്യങ്ങളിൽ കാണുമ്പോലുള്ള യാതൊരുവിധം ചീത്ത നടവടികളും ഇല്ലാത്ത മാന്യനും സാധുപ്രകൃതിക്കാരനും സാത്വികനും ആയ ഒരു ബ്രാഹ്മണനായിരുന്നുവെന്നാണ്. അദ്ദേഹം പൂരപ്രബന്ധം ഉണ്ടാക്കിയതു് ഈശ്വരനാൽ പ്രേരിതനായിട്ടാണെന്നാണ് എന്റെ വിശ്വാസം. സ്ത്രീവിഷയമായും മററും ഉള്ള ചീത്ത നടവടികളേയും അതുകൊണ്ടുള്ള ദോഷങ്ങളേയുംപററി പ്രായം തികയാറാവുന്ന കുട്ടികളെ പറഞ്ഞുധരിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടുകൊണ്ടുവരുന്ന ഈ കാലത്തു് ആ വക നടവടികളെ അവയുടെ നഗ്നരൂപത്തിൽ പ്രത്യക്ഷപ്പെടുത്തുന്ന കഥകളും കാവ്യങ്ങളും അനാവശ്യമാണെന്നു് ആരും പറകയില്ല. പക്ഷെ അവയുടെ ഉദ്ദേശം നല്ലതായിരിക്കുകയും അവയെ എഴുതുന്ന സമ്പ്രദായം വായനക്കാരെ സന്മാർഗ്ഗത്തിലേക്കു തിരിക്കുന്നവിധത്തിലായിരിക്കുകയും വേണം. അവ സഭ്യേതരമാണെന്നു പറയുന്നുണ്ടെങ്കിൽ സഭയിൽ വായിക്കേണ്ടാ എന്നുവെക്കണം. ഞാൻ ഇങ്ങിനെ പറഞ്ഞതുകൊണ്ടു കേവലം ആഭാസമായ കാര്യങ്ങളെ പച്ചയിൽ വിവരിക്കുന്ന പുസ്തകങ്ങളുടെ കർത്താക്കളെ ഞാൻ പ്രോത്സാഹിപ്പിക്കുകയാണെന്നു് ആരും കരുതുകയില്ലെന്നു വിശ്വസിക്കുന്നു. ദുരാചാരങ്ങളെ കൊണ്ടാടുന്നവയല്ല, ദുരാചാരങ്ങളെപ്പററി ലജ്ജിപ്പിക്കുന്നവയായിരിക്കണം അത്തരം പുസ്തകങ്ങൾ.

ശാസ്ത്രഗ്രന്ഥങ്ങൾ അധികം ഉണ്ടാകാത്തതു സർവ്വസമ്മതമായ സാങ്കേതികശബ്ദങ്ങൾ ഇല്ലാത്തതിനാലാണല്ലോ. നല്ല നിഘണ്ടു ഉണ്ടാവാൻ വളരെ പണം വേണം; വളരെ പരിശ്രമിക്കണം. ഡാക്ടർ ഗുണ്ടർട്ട് തന്റെ നിഘണ്ടു ഉണ്ടാക്കാൻ ചെയ്ത അദ്ധ്വാനം കണ്ടറിഞ്ഞവർ പറഞ്ഞിട്ടു ഞാൻ അറിഞ്ഞിട്ടുണ്ടു്. പുതുശ്ശേരി ഗുരുനാഥന്മാരെയും വേറെ വിദ്വാന്മാരെയും അദ്ദേഹം ശമ്പളംകൊടുത്തു നിറുത്തിയിരുന്നു. അർദ്ധചന്ദ്രാകാരമായ വലിയൊരു മേശക്കുചുററും അവർ ഇരുന്നു് ഓരോരുത്തർ ഓരോ ഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരുന്നതും ഓരോ വാക്കുകളും അവയടങ്ങിയ വാക്യങ്ങളും രേഖപ്പെടുത്തിപ്പോന്നിരുന്നതും, മദ്ധ്യത്തിൽ ഗുണ്ടർട്ടുപണ്ഡിതർ ഇരുന്നു്, ഓരോന്നു പറഞ്ഞും എഴുതിയുംകൊണ്ടിരുന്നതും കണ്ടിരുന്ന വൃദ്ധന്മാർ അല്പകൊല്ലം മുമ്പുകൂടി ജീവിച്ചിരുന്നു. ഗുണ്ടർട്ട്, കൊല്ലന്റേയും തട്ടാന്റേയും ആശാരിയുടെയും മററും പ്രവൃത്തിസ്ഥലങ്ങളിൽ പോയി ഓരൊ ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും പേരുകൾ ചോദിച്ചു കുറിച്ചുകൊണ്ടുപോകും. ഇതിന്നായി തളിപ്പറമ്പു പാലക്കാട്, കോഴിക്കോട്, മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു പാർത്തിട്ടുണ്ടായിരുന്നു. വൈകുന്നേരം ഉലാവാൻ പോകുമ്പോൾ, അദ്ദേഹത്തിന്റെ കൈയിൽ പല ചെടികളും ഇലകളും പുല്ലുകളും മരുന്നുകളും ഉണ്ടായിരിക്കും. വഴിക്കൽ കാണുന്നവരോടൊക്കെ അവയുടെ പേർ വിവരം ചോദിച്ചറിയും. ഇങ്ങിനെയൊ

കെ ഇരുപത്തഞ്ചുകൊല്ലം അധ്വാനിച്ചതിന്റെ ഫലമായി ഉണ്ടായ ഈ നിഘണ്ടു പരിഷ്കരിക്കുവാൻ കാനറാമിഷ്യൻ അച്ചുക്കൂടക്കാർ ഒരു മാന്യനെ ഏല്പിച്ചതായി അറിയുന്നു. ഒരാളല്ല, അങ്ങിനത്തെ ഇരുപതാളു ശ്രമിച്ചാൽ അല്പ കൊല്ലത്തിനിടയിൽ സാധിക്കാത്ത ഈ പ്രവൃത്തി ആ മാന്യൻ ഏറ്റെടുത്തതിലാണു് അത്ഭുതം.

നല്ല ഒരു നിഘണ്ടു ഉണ്ടാക്കാൻ ധാരാളം പണം ആവശ്യമാകുന്നു. മതിരാശി ഗവർമ്മേണ്ടിൽനിന്നു തമിഴനിഘണ്ടു ഉണ്ടാക്കാൻ വളരെ പണം ചിലവഴിക്കുന്നതു് ആലോചിച്ചാൽ മലയാളനിഘണ്ടുവിനു ഗണ്യമായ സഹായം ചെയ്വാൻ അവർ ഒരുങ്ങാതെ ഇരിക്കുകയില്ലെന്നാണു് എന്റെ വിശ്വാസം. മലയാളരാജ്യത്തു് ഒന്നല്ല, രണ്ടല്ല, നാലു ഗവർമ്മേണ്ടുണ്ടു്. ചെറിയൊരു നഗരത്തെ ഭരിക്കുന്ന ഗവർമ്മേണ്ടാണെങ്കിലും പരന്ത്രീസു ഗവർമ്മേണ്ടും ഇക്കാര്യത്തിൽ ആവശ്യപ്പെട്ടാൽ ധനസഹായം ചെയ്യാതെയിരിക്കുകയില്ല. തിരുവിതാംകൂർ സർക്കാരോ കൊച്ചിസ്സർക്കാരോ വിചാരിച്ചാൽ മാത്രം ഒരു നിഘണ്ടു ഉണ്ടാക്കാൻ ദ്രവ്യസഹായം ചെയ്വാൻ സാധിക്കും. അങ്ങിനെയിരിക്കെ ആ രണ്ടു സർക്കാരും ബ്രിട്ടീഷു ഗവർമ്മേണ്ടും പരന്ത്രീസ്സുഗവർമ്മേണ്ടുംകൂടി ആലോചിച്ചാൽ ആർക്കും വലിയ ഭാരമില്ലാതെ ഇതു സാധിക്കുന്നതാണു്. അതിലേക്കായി പരിശ്രമിക്കേണ്ടുന്ന ഉത്തരവാദിത്വം സാഹിത്യപരിഷത്തു് കാലതാമസം കൂടാതെ കയ്യേല്ക്കേണ്ടതു് അത്യാവശ്യമാകുന്നു.

നിഘണ്ടു ഉണ്ടാകുന്നതോടുകൂടി സാങ്കേതികശബ്ദങ്ങളുടേയും വർണ്ണവിന്യാസത്തിന്റേയും കുഴപ്പം ശമിക്കും. പദാന്തമായ അരയുകാരത്തെ കുറിക്കുന്നതിന്നു് ഇനിയും സർവ്വസമ്മതമായ ഒരു ഏർപ്പാടു് ഉണ്ടായിക്കഴിഞ്ഞിട്ടില്ല. "മീത്തൽ തൊട്ടു കുറിക്കുന്നതു വടക്കേ ചില ദിക്കിലും തുളുനാട്ടിലും" പണ്ടു പണ്ടേ നടപ്പായിരുന്നുവെന്നാണു ഗുണ്ടർട്ടു പറയുന്നതു്. ഉകാരം മുഴുവൻ എഴുതി അരയുകാര ഉച്ചാരണം കാണിപ്പാൻ മീത്തൽ തൊട്ടു കുറിക്കുന്നതാണു ശരിയെന്നു പറഞ്ഞ കേരളപാണിനി അദ്ദേഹത്തിന്റെ വ്യാകരണത്തിൽപോലും അതിനെ ശരിയായി ഉപയോഗിച്ചു കാണുന്നില്ല. തമിഴിലെ ഐകാരക്കുറുക്കത്തോടു് ഒത്തുവരുന്ന താലവ്യാകാരത്തിലുള്ള യകാരശബ്ദത്തെ കുറിക്കുവാൻ ഗുണ്ടർട്ടും അതിന്നു മുമ്പുള്ളവരും അതിന്നു പിന്നിൽ പുള്ളിയിട്ടു, "തലെക്കു" "പറെഞ്ഞു" എന്നിങ്ങിനെ എഴുതി യകാരശബ്ദം ഇരട്ടിച്ച പ്രത്യയകകാരത്തിന്നു മുമ്പു താലവ്യസ്വരത്തിൽ മാത്രമേ വരികയുള്ളൂവെന്നു വിധിക്കുകയും അതിനെ സൂചിപ്പിക്കുവാൻ "തലയ്ക്കു" എന്ന യകാരംതന്നെ പൂർണ്ണമായി എഴുതുവാൻ ആവശ്യപ്പെടുകയും ആണു കേരളപാണിനി ചെയ്തതു്. ഇതിനെയാണു് ഇപ്പോൾ പലരും അനുസരിക്കുന്നതു്. ഇപ്പോൾ യകാരത്തെ വ്യവസ്ഥയില്ലാതെ ഇകാരത്തിന്നു ശേഷവും എഴുതിക്കാണുന്നു. "അറയ്ക്കു" മുതലായവയിലെ

ഇരട്ടിച്ച കകാരപ്രത്യയത്തിന്നു മുമ്പു മാത്രമല്ല, "തറെച്ചു" മുതലായവയിലെ ഭൂതകാലപ്രത്യയത്തിന്നു മുമ്പും താലവ്യസ്വരത്തിൽ യകാരം വരുന്നുണ്ടൊ എന്നു നല്ലവണ്ണം ഉച്ചരിച്ചുനോക്കി തീൎച്ചയാക്കുവിൻ. അങ്ങിനെയുണ്ടെങ്കിൽ താലവ്യസ്വരമടങ്ങിയ വൎണ്ണത്തിൽ മുമ്പിൽ പുള്ളിയിട്ട് അതിനെ സൂചിപ്പിക്കുകയല്ലെ സൌകൎയ്യം എന്നു വിദ്വാന്മാർ തീൎച്ചയാക്കേണ്ടതാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ നല്ല ഒരു നിഘണ്ടു ഉണ്ടായാൽ ഈ വക കുഴപ്പങ്ങളൊക്കെ തന്നിയെ ശമിച്ചുകൊള്ളും.

നമ്മുടെ വ്യാകരണം ഓരോ വിദ്വാന്മാർ മാറി മാറി ഉണ്ടാക്കുന്നതനുസരിച്ച് അതിലെ സാങ്കേതികശബ്ദങ്ങളും മാറി വരുന്നതു വലിയ കുഴപ്പത്തിന്നും അവ്യവസ്ഥതക്കും ഇടവരുത്തുന്നു. ഗുണ്ടർട്ടിന്റെ പേരുകൾ മിക്കതും രാജരാജവൎമ്മ മാററി, ശേഷഗിരിപ്രഭു രണ്ടിനേയും കൂട്ടിക്കലൎത്തി. എല്ലാം പാഠപുസ്തകം തന്നെ. ഒരു സ്കൂളിൽ നിന്നു ക്രിയയും പഠിച്ചു മറെറാരു സ്കൂളിൽ ചെല്ലുമ്പോൾ അവിടെ കൃതിയായി. ആകപ്പാടെ വിദ്യാൎത്ഥികൾ വളരെ കുഴങ്ങുന്നു.

ഇവയെല്ലാമൊക്കെ ഒരു വ്യവസ്ഥ വരുത്താനും നല്ല ഒരു മലയാള നിഘണ്ടു ഉണ്ടാക്കാൻ വേണ്ടതു പരിശ്രമിക്കാനും, പഴയ കാവ്യങ്ങൾ കണ്ടുപിടിച്ചു പരസ്യം ചെയ്യാനും ഒരു വിമൎശകസംഘം ഏൎപ്പെടുത്തി നല്ലതും ചീത്തയും തിരിച്ചറിവാൻ ഇടവരുത്താനും കവികളേയും ഗ്രന്ഥകാരന്മാരെയും പ്രോത്സാഹിപ്പിപ്പാനും സാഹിത്യ പരിഷത്തു വേണ്ടുന്നതു ഉത്സാഹിക്കുമെന്നു വിശ്വസിക്കുകയും പരിഷത്തിന്റെ എല്ലാവിധ അഭിവൃദ്ധിക്കുംവേണ്ടി ഞാൻ സൎവ്വനിയന്താവായ ഈശ്വരനോടു പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

## ഭാഷാവിഷയകമായി ഒരു വാക്ക്*

(സി. പി. അച്യുതമേനോൻ ബി. എ)

മാന്യമഹാജനങ്ങളെ,

സ്വാഗതസംഘാദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു ആവശ്യപ്പെട്ടപ്രകാരം ഞാൻ ഈ സ്ഥാനം അംഗീകരിച്ചതു വളരെ വൈമനസ്യത്തോടും അപ്രഗത്ഭതയോടുംകൂടിയാണ്. ഒരു കാലത്തു ഞാൻ മലയാളസാഹിത്യവിഷയത്തിൽ പരിശ്രമിച്ചിട്ടില്ലെന്നില്ല. ആ പരിശ്രമം തീരെ നിഷ്ഫലമായിരുന്നു എന്നും പറവാൻ പാടില്ല. എന്നാൽ ആ കാലം കഴിഞ്ഞിട്ട് ഇപ്പോൾ മുപ്പതു സംവത്സരത്തോളമായിരിക്കുന്നു. ഈ ദീൎഘകാലം മുഴുവൻ

* വിദ്യാവിനോദിനി പത്രാധിപരായിരുന്നും മററും സുപ്രസിദ്ധനായ സി. പി. അച്യുതമേനവൻ അവർകളുടെ അദ്ധ്യക്ഷപ്രസംഗം.

സാഹിത്യരംഗത്തിൽ ഞാൻ ഒരു പാരിഷദന്റെ നിലയിലല്ലാതെ നടന്റെ നിലയിൽ പ്രവേശിക്കുക ഉണ്ടായിട്ടില്ല. ഈ സ്ഥിതിക്കും ഈ സ്ഥാനത്തിന്ന് എന്നേക്കാൾ എത്രയോ അധികം അർഹതയുള്ള പല മഹാന്മാരും നമ്മുടെ കൂട്ടത്തിൽ ഉള്ളതുകൊണ്ടുമാണ് എനിക്ക് ഈ കാൎയ്യത്തിൽ വൈമനസ്യവും അവിശ്വാസവും നേരിട്ടിട്ടുള്ളതു്. എന്നാൽ ദീർഘപരിശീലനംകൊണ്ടു രാജശാസന അനുസരിക്ക എന്നുള്ളതു് എനിക്കു സഹജമെന്നപോലെ ആയി തീർന്നിട്ടുള്ളതിനാൽ തിരുമനസ്സിലെ കല്പന അനുസരിച്ച് ഈ സ്ഥാനം ഞാൻ കയ്യേററതാണ്.

ഈ സമസ്തകേരളസാഹിത്യപരിഷത്തിന്റെ ആവശ്യകതയെ കുറിച്ചോ അതിന്റെ പ്രവൎത്തകന്മാരുടെ ഉദ്യമത്തിന്റെ അഭിനന്ദനീയതയെ കുറിച്ചോ അഭിപ്രായഭേദമുണ്ടാകുമെന്നു തോന്നുന്നില്ല. കൊല്ലത്തിൽ ഒരിക്കലെങ്കിലും ഓരോ പ്രധാന സ്ഥലത്തുവച്ച് ഇങ്ങിനെ ഒരു സമ്മേളനോത്സവം കൊണ്ടാടുന്നതു സാഹിത്യവിഷയത്തിൽ രതിക്കുന്നവൎക്കു പ്രോത്സാഹകാരണമാകുമെന്നുള്ളതു നിസ്സംശയംതന്നെ. കേരളത്തിൽ പല ഭാഗത്തുള്ള വിദ്വാന്മാരും ഗ്രന്ഥകാരന്മാരും ഒരു സ്ഥലത്തു കൂടുന്നതിനാലുണ്ടാകുന്ന അന്യോന്യസമ്പൎക്കവും പരിചയവും ഗുണപ്രദമാകാതെ തരമില്ല. എന്നാൽ ഈ വർഷോത്സവംകൊണ്ടു മാത്രം നമുക്കു തൃപ്തിപ്പെടാമെന്നു തോന്നുന്നില്ല. നിത്യനിദാനവും മാസവിശേഷവുംകൂടി ആവശ്യമാണ്. ബങ്കാളത്തെ സാഹിത്യപരിഷത്തുപോലെ ഇതും ഒരു സ്ഥിരസമാജമാക്കുകയും പ്രധാന പ്രദേശങ്ങളിലെല്ലാം ശാഖകൾ ഏൎപ്പെടുത്തുകയും കാൎയ്യനിൎവ്വഹണത്തിന്ന് ഒരു സ്ഥിരമായ നിൎവ്വാഹകസംഘവും ഉപസംഘങ്ങളും ഏൎപ്പെടുത്തുകയും എല്ലാ ശാഖകളുംകൂടി വാൎഷികസമ്മേളനം നടത്തുകയും ചെയ്താൽ മാത്രമേ ഇതിന്നു പൂൎണ്ണഫലപ്രാപ്തി ഉണ്ടാവു എന്നാണ് എനിക്കു തോന്നുന്നതു്. ബങ്കാളത്തെ പരിഷത്തുകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങൾ കേവലം അമേയമാണെന്നുതന്നെ പറയണം. ബങ്കാളഭാഷയും സാഹിത്യവും എല്ലാപ്രകാരത്തിലും ഇൻഡ്യയിലുള്ള മററല്ലാ ഭാഷകളേയും സാഹിത്യങ്ങളേയും എത്രയോ അതിശയിക്കുന്നുണ്ടെന്നുള്ളതു സൎവ്വസമ്മതമാണ്. ഇതിന്നുള്ള പ്രധാന കാരണം വംഗസാഹിത്യപരിഷത്തിന്റെ അശ്രാന്തപരിശ്രമമാണെന്നാകുന്നു ഞാൻ ധരിച്ചിട്ടുള്ളതു്. അങ്ങിനെ ഒരു പരിഷത്താണു നമുക്കു വേണ്ടതു്. അതിന്റെ രൂപവൽകരണത്തിന്നുവേണ്ടി ഉത്സാഹശീലവും യോഗ്യതയുമുള്ള ഭാഷാഭിമാനികൾ പരിശ്രമിക്കുമെന്നു ഞാൻ ഹൃദയപൂൎവ്വമായി വിശ്വസിക്കുന്നു.

മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും ഇപ്പോഴത്തെ സ്ഥിതിയേയും അതുകളുടെ ഭാവിയേയും കുറിച്ചു പ്രതിപാദിക്കുന്നതിന്നു വേണ്ട ജ്ഞാനവും അനുഭവവും എനിക്കില്ലാത്തതിനാൽ ഞാൻ അതിന്നു തുനിയുന്നില്ല. അതിന്നുവേണ്ട യോഗ്യതയും സ്വാനുഭവവുമുള്ള മററു മഹാന്മാർ

ഈ വിഷയത്തെ കുറിച്ചു കൂലങ്കഷമായി ഇതിന്നു മുമ്പിൽ പ്രസംഗിച്ചിട്ടുണ്ടു്. ഇനി പ്രസംഗിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. എനിക്കു് ഈ സംഗതിയെ കുറിച്ചു് ഒരു വാക്കു മാത്രമേ പറവാനുള്ളു. നമ്മുടെ മാതൃഭാഷക്കു സർവ്വതോമുഖമായ അഭിവൃദ്ധി ഉണ്ടാകേണമെങ്കിൽ ഈ കാര്യത്തിൽ ഗവർമ്മേണ്ടിന്റെ നയം വളരെ ഭേദപ്പെടേണ്ടിയിരിക്കുന്നു. മലയാളഭാഷയുടെ പ്രചാരവും പ്രാബല്യവും ക്രമേണ കുറഞ്ഞു വരണമെന്നാണു് ഉദ്ദേശമെന്നു തോന്നുമാറാണു ഗവർമ്മേണ്ടിന്റെ പ്രവൃത്തി. ഏകദേശം മുപ്പതുകൊല്ലം മുമ്പുവരയ്ക്കും തിരുവിതാംകൂറിലും കൊച്ചിയിലും രാജ്യഭരണസംബന്ധമായ എഴുത്തുകുത്തുകൾ നൂററിൽ എണ്ണൂറു വീതവും മലയാളത്തിലായിരുന്നു. അതു ക്രമേണ ഭേദപ്പെടുത്തി ഇപ്പോൾ വില്ലേജ് ഉദ്യോഗസ്ഥന്മാർക്കും പൊല്ലീസ്സ കൺസ്റ്റബൾമാർക്കുംകൂടിയുള്ള കല്പനകളും ഇംഗ്ലീഷിലായിരിക്കുന്നു. രാജ്യകാര്യങ്ങൾപോലെ ജനങ്ങളുടെ മർമ്മത്തിൽ തട്ടുന്നതായി മറെറാന്നുമില്ല. ഈ കാര്യങ്ങൾ നടത്തുന്നതു ബഹുജനങ്ങൾക്കു മനസ്സിലാകാത്ത ഭാഷയിലായിരിക്കണമെന്ന ഏർപ്പാടു് അസംബന്ധവും സ്വഭാവവിരുദ്ധവുമാണെന്നു പറയേണമെന്നുണ്ടോ. ഒരുവനെ തൂക്കിക്കൊല്ലുവാൻ തീർച്ചയാക്കി ഉച്ചരിക്കുന്ന വിധിപോലും അവനറിയാത്ത ഭാഷയിലായിരിക്കേണമെന്നുള്ള നടപ്പിനേക്കാൾ അക്രമമായി മറെറന്താണുള്ളതു്. ഈ രണ്ടു സംസ്ഥാനങ്ങളിലേയും നിയമസഭകളിൽ പ്രസംഗങ്ങൾ മലയാളത്തിലായിരിക്കണമെന്നും മലയാളം അറിയാത്ത വല്ല സഭാംഗവുമുണ്ടെങ്കിൽ അയാൾക്കു് ഇംഗ്ലീഷിൽ പ്രസംഗിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നതിന്നു പകരം പ്രസംഗങ്ങൾ ഇംഗ്ലീഷിലായിരിക്കണമെന്നും ഇംഗ്ലീഷറിയാത്തവർക്കു മലയാളത്തിൽ സംസാരിക്കാമെന്നുമാണു നിശ്ചയം. ഈ വക കീഴ്മേലായ വ്യവസ്ഥകളുടെ ഫലമായി നമ്മുടെ കൂട്ടത്തിൽ പഠിപ്പുള്ളവർക്കു സ്വഭാഷയിൽ അനാദരമുണ്ടാകുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ? മലയാളം എഴുതുകയും സംസാരിക്കുകയും ചെയ്യുന്നതിലുള്ളതിനേക്കാൾ ഇംഗ്ലീഷ് എഴുതുകയും സംസാരിക്കുകയും ചെയ്യുന്നതിലുള്ള നൈപുണ്യമാണു് അധികം അഭിമാനകരമായി നമ്മളിൽ മിക്കവരും വിചാരിക്കുന്നതു്. എന്നുതന്നെയല്ല, ചിലർ സ്വഭാഷയിൽ പാണ്ഡിത്യമില്ലെന്നു് അഭിമാനിക്കകൂടി ചെയ്യുന്നുണ്ടു്.

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സ്വഭാഷക്കു കല്പിച്ചിരിക്കുന്ന അപ്രധാനത്വവും മലയാളഭാഷയുടെ അഭിവൃദ്ധിക്കു് ഒരു വലിയ പ്രതിബന്ധമായി തീർന്നിട്ടുണ്ടു്. വിദ്യാഭ്യാസം മാതൃഭാഷവഴിക്കായിരിക്കുമെന്ന സംഗതിയെ കുറിച്ചു തൽകാലം ഞാൻ ശഠിക്കുന്നില്ല. നവീനസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ആരംഭത്തിൽതന്നെ അങ്ങിനെ ചെയ്തിരുന്നു എങ്കിൽ മാതൃഭാഷയെ കുറിച്ചു നമുക്കു് ഇപ്പോഴുള്ള ക്ലേശത്തിന്നു് അവകാശമുണ്ടാകയില്ലായിരുന്നു. അതിരിക്കട്ടെ. വിദ്യാഭ്യാസവിഷയത്തിൽ

സ്വഭാഷക്കു് ഒരു മാന്യസ്ഥാനം കല്പിക്കണമെന്നേ ഞാൻ നിൎബ്ബന്ധിക്കുന്നുള്ളു. ഇപ്പോൾ ഉപരിപരീക്ഷകൾക്കു സ്വഭാഷ തീരെ ആവശ്യമില്ലെന്നായി തീൎന്നിരിക്കുന്നു. അതു് ഒരു ഐച്ഛികവിഷയമായി സ്വീകരിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ വിദ്യാഭ്യാസത്തിന്റെ ആദിമദ്ധ്യമകാലങ്ങളിൽ അധികാരികൾ ഈ വിഷയത്തിൽ കാണിക്കുന്ന അനാസ്ഥനിമിത്തം സ്വഭാഷയെ ഐച്ഛികവിഷയമായി അംഗീകരിപ്പാൻ വിദ്യാൎത്ഥികൾ സന്നദ്ധരാകുന്നില്ല. ബി. എ. ക്ലാസ്സുകളിൽ സംസ്കൃതവും മലയാളവും പഠിപ്പിക്കുന്നവൎക്കും ലോവർസെക്കണ്ടറി ക്ലാസ്സുകളിൽ ഇംഗ്ലീഷു പഠിപ്പിക്കുന്നവൎക്കും ശമ്പളം ഒന്നാണെന്നുള്ള ഏകസംഗതിതന്നെ അധികൃതന്മാൎക്കു് ഈ വിഷയത്തിലുള്ള അനാസ്ഥക്കു പൂൎണ്ണമായ സാക്ഷിയാണല്ലോ. ഇപ്പോഴത്തെ സമ്പ്രദായത്തിൽ സൎവ്വകലാശാല സ്വഭാഷാഭിവൃദ്ധിക്കു പറയത്തക്ക സഹായമാകുമെന്നു തോന്നുന്നില്ല.

ഈ വക സംഗതികൾ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികൾ ഗൌരവമായി ആലോചിക്കേണ്ടതാണെന്നു പറയുന്നതിൽ ഞാൻ ഒട്ടുംതന്നെ സംശയിക്കുന്നില്ല. ഒരു ഭാഷാപരിഷ്കരണകമ്മററി ഏൎപ്പെടുത്തി അതിന്നു് അല്പം ധനസഹായം ചെയ്തു കൊടുത്താൽ അവരുടെ കൃത്യം നിൎവ്വഹിച്ചു എന്നാണു് ഇപ്പോഴത്തെ സങ്കല്പം. അതു ശരിയാണെന്നു തോന്നുന്നില്ല. വീട്ടുകാൎയ്യങ്ങൾക്കു സ്വഭാഷയും നാട്ടുകാൎയ്യങ്ങൾക്കു് അന്യഭാഷയും എന്നു വകപ്പു തിരിച്ചിരിക്കുന്നിടത്തോളം കാലം നമ്മുടെ ഭാഷക്കു് നാം ആഗ്രഹിക്കുന്ന അഭിവൃദ്ധിയോ ഉന്നതിയോ ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മാന്യമഹാജനങ്ങളേ, എനിക്കു തൽകാലം ഇതിലധികമൊന്നും പറവാനില്ല. അതുകൊണ്ടു പരിപാടിയിലുള്ള മറ്റെല്ലാ കാൎയ്യങ്ങളും നിൎവ്വഹിക്കുന്ന സമയം കുറഞ്ഞു പോയതുകൊണ്ടു അൎഹനല്ലെങ്കിലും എന്നെ ഈ മാന്യസ്ഥാനത്തേക്കു് ആരോഹണം ചെയ്ത പരിഷൽപ്രവൎത്തകന്മാരോടു ഹൃദയപൂൎവ്വമായി നന്ദിപറഞ്ഞു ഞാൻ ഈ ചുരുങ്ങിയ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

---

## അദ്ധ്യക്ഷപ്രസംഗം.

(എം. രാജരാജവൎമ്മ എം. എ. ബി. എൽ.)

---

ശ്രീരസ്തു.

വിദ്വന്മണികളേ!

കവിസാമ്രാജ്യത്തിലെ ഉത്തമപൌരന്മാരും പൌരസ്ത്രീകളുമായ നിങ്ങൾക്കു വന്ദനം. കാകൻ അരയന്നം ചമഞ്ഞതാലുള്ള കഥയെന്തെന്നു് ഒരു പ്രത്യക്ഷപ്രദൎശനം ഇന്നു നിങ്ങൾക്കു സുലഭമാണു്.

* ദ്വിതീയകേരളസാഹിത്യപരിഷത്തിൽ വായിച്ചതു്.

കവിതാസാമ്രാജ്യധുരന്ധരാണാം
മദ്ധ്യേകഥംകാരമഹം വിധാതും
ശക്നോമി സാഹായ്യമിഹേതി ചേത-
സ്സംകോചമാപ്നോതിപരം മദീയം.

ഭാഷാമഹാസമുദ്രത്തിൽ ഒരു കരപിടിക്കാൻ പ്രസംഗത്തോണിയിൽ കയറി തുഴയുന്ന എനിക്കു സഹൃദയരായ നിങ്ങളുടെ സൌഹാർദ്ദദീപമൊന്നുകൊണ്ടു മാത്രമല്ലാതെ നേർവഴി കാണാൻ സാധിക്കയില്ല, നിശ്ചയം. ആ ഉജ്ജ്വലപ്രകാശത്തെ ലാക്കാക്കി സഞ്ചരിച്ച് അഭയസ്ഥാനത്തെ പ്രാപിക്കാനുള്ള ചില സരണികളെ നിർദ്ദേശിക്കാനത്രെ എന്റെ പരിശ്രമം. സാഹസികരായി ചിലർ പുറപ്പെട്ടെങ്കിലല്ലാതെ ഏതു സംഗതിക്കും കൌതുകവും, തദ്വാരാ സ്ഥിരോദ്യമവും, സാധനസംപൂർത്തിയും വരുന്നതല്ലെന്നു പാശ്ചാത്യ വൈമാനികന്മാർ ഇന്നു നമ്മെ പ്രത്യക്ഷത്തിൽ കാണിച്ചുതരുന്നുണ്ടല്ലോ. തുനിഞ്ഞുപുറപ്പെടുന്നവരെപ്പററി എത്രതന്നെ പുച്ഛം തോന്നിയാലും, അങ്ങനെ ചിലരുണ്ടായില്ലെങ്കിൽ ലോകഗതി വിലക്ഷണയായി തീരുമായിരുന്നു എന്നു സമ്മതിച്ചേതീരൂ. അതുകൊണ്ടു് എന്റെ ഈ സാഹസത്തിൽ നിങ്ങൾക്ക് അനുകമ്പയുണ്ടാകുമെന്നുള്ള വിശ്വാസത്തോടുകൂടി മുന്നോട്ടു കടന്നുകൊള്ളുന്നു.

ഭാസ് മഹാകവിയുടെ—അല്ലല്ല, തെററിപ്പോയി; അജ്ഞാതനാമധേയ ഏതോ കേരളകവിയുടെ എന്നാവും ചിലർ പറയുന്നതു—സ്ഥാപനകളെപ്പോലെ, ചുരുങ്ങിയ തോതിൽ പൂർവ്വരംഗം നടത്തി നാടകത്തിലേക്കു ചാടാൻ അത്ര എളുപ്പമല്ല. മലയാളത്തിൽ ചില മുന്നരങ്ങുകളും കലാശങ്ങളും കൂടാതെ തിരപ്പുറപ്പാടായാൽ പന്തിയാവില്ല. ഭാഷയുടെ ഭാവിശ്രേയോമാർഗ്ഗമാണ് ഇന്നത്തേക്കു നിശ്ചയിച്ചിരിക്കുന്ന കഥ. അതു് അരങ്ങേറുന്നതിനു കേളികൊട്ടും മററും കൂടാതെ പാടില്ല. അതിനുള്ള മേളം നമുക്കു കൂട്ടാം.

ചെണ്ടപ്പുറത്തു് കോലിട്ടാൽ ഉടനെ ഓടിഎത്തുന്ന ഒരു കൂട്ടരുണ്ടു്: അവരെ സമാധാനപ്പെടുത്തി അരങ്ങത്തു മിണ്ടാതെ ഇരുത്തിയെങ്കിൽ മാത്രമേ കളി മുറയ്ക്കു നടക്കയുള്ളു. ഭാഷയുടെ ഭാവിശ്രേയസ്സിനെ കുറിച്ചു ചിന്തിക്കുന്നതിനു മുമ്പിൽ ഭാഷയുടെ നിലയേയും വിലയേയും പററി അവർ ചോദ്യങ്ങൾ തുടങ്ങുന്നു. ഈ ചോദ്യങ്ങൾ രണ്ടു വിധമാണ്. ഒരുകൂട്ടരുടെ ആകാംക്ഷ ഇപ്രകാരമത്രെ:-നവീനപരിഷ്കാരസാമ്രാജ്യത്തിൽ ഏകീകൃതമായ ജീവിതാദർശത്തിൽ സർവ്വസാമാന്യമായ ഏകഭാഷക്കല്ലാതെ അല്പദേശവ്യാപ്തിയുള്ള ഭാഷയ്ക്കു സ്ഥാനമില്ല. ഭൂലോകത്തിൽ ഇൻഡ്യാമഹാരാജ്യം ഒരു മൂലയാണു്; അതിൽ ഒരു പൊട്ടുമാത്രമത്രേ കേരളം; എന്നിരിക്കുമ്പോൾ, ഇത്ര ചെറിയ ഭൂഭാഗത്തിൽമാത്രം പ്രചരിക്കുന്ന മലയാളഭാഷയ്ക്കു എന്താണ് നില? എന്താണ് വില? മനുഷ്യരുടെ പുരോഗമനബഹളത്തിൽ അല്പകീടങ്ങളെപ്പോലെ ചവുട്ടിമെതിച്ചു ഗതപ്രാണയാകാൻചേ

കുന്ന കേരളഭാഷയെ പുലത്താൻ തുനിയുന്നതു് മൂഢപ്രവൃത്തിയല്ലേ? ഹിമവൽസേതുപൎയ്യന്തമെന്നല്ല, അതിനപ്പുറവും ബഹുമതയായിരുന്ന അതിപ്രൌഢയായ ഗൈൎവ്വാണിയും, അലക്സാൻഡർ ചക്രവർത്തിയുടെ ജൈത്രയാത്രയെ അനുകരിച്ച ഗ്രീക്കും, പാശ്ചാത്യമണ്ഡലങ്ങൾക്കു നീതിജ്ഞതാനോപജ്ഞതയും കവിതാസാമ്രാജ്യവും നേടിക്കൊടുത്ത ലാററിനും ഇന്നു് എവിടെപ്പോയി? ചരിത്രകാരരേയും പുരാണഗവേഷകന്മാരേയും ഭ്രമിപ്പിക്കാനും, പണ്ഡിതമാനികളെ ഡാംഭികരാക്കാനുമല്ലാതെ, ലൌകികകാൎയ്യസാദ്ധ്യത്തിനാകട്ടെ ജനനീന്തന വ്യവഹാരത്തിനാകട്ടെ അവ ഉതകുന്നില്ലല്ലോ. അപ്രതിഹതമായു് പ്രചാരത്തോടുകൂടിയിരുന്ന വമ്പിച്ചഭാഷകൾക്കുപോലും ഈ ദുരദൃഷ്ടം നേരിട്ടതു നോക്കുമ്പോൾ, അല്പപ്രാണയായി സലജ്ജം കുഗ്രാമത്തിൽ നിവസിക്കുന്ന ശോച്യയായ കൈരളിയെ ബഹുമതയാക്കാനുള്ള പരിശ്രമം വ്യൎത്ഥമല്ലേ? പരിഷ്കാരസൂൎയ്യൻ എന്നും വാടാവിളക്കായി വിളങ്ങുന്ന ആംഗലസാമ്രാജ്യപതാകയുടെ മുഖമായ ഇംഗ്ലീഷ്ഭാഷ സൎവ്വാലംകാരഭൂഷിതയായി സകലരേയും ഒന്നുപോലെ വശീകരിച്ചു ജയഭേരി മുഴക്കുമ്പോൾ, പാവപ്പെട്ട കൈരളിയെ വകവെക്കാനാരുള്ളു? ഇതാണു് ഒരു കൂട്ടരുടെ തൎക്കം.

ആംഗലപക്ഷപാതികളെ എതിൎക്കുന്ന സ്വദേശീയരുടെ മതമൊന്നു വേറെയാണു്. ജീവിതാദൎശഭിന്നരായ പാശ്ചാത്യപൌരസ്ത്യരുടെ സൌഹൃദം ദോഷകഷായിതമാകകൊണ്ടു് സ്വകീയവേഷഭൂഷാഭാഷകൾ സുരക്ഷണീയങ്ങളാണെന്നുള്ള മതം, പ്രഥമദൃഷ്ടിയിൽ കൈരളിക്കു് അനുകൂലമാണെന്നു സമ്മതിക്കാമെങ്കിലും, വിദേശച്ചരക്കിനോടു വെറുപ്പുകാണിക്കുന്നവർ സ്വദേശകതയൊന്നേയാവൂ എന്നു മൎക്കടമുഷ്ടി തുടങ്ങുന്നതാണു വിഷമം.

“പരൈഃപരിഭവേപ്രാപ്തേവയം പഞ്ചോത്തരംശതം”

എന്നുള്ള ന്യായമനുസരിച്ചു വിദേശഭാഷാവരോധത്തെ തടുക്കുന്ന മഹാത്മാക്കൾ ദേശീയഭാഷാസ്വീകരണത്തിലും വൈജാത്യത്തെ അനുവദിക്കുന്നില്ല. ഹിന്ദിയോ, ഹിന്ദുസ്ഥാനിയോ, ബങ്കാളിയോ, മഹാരാഷ്ട്രിയോ, ഗുൎജ്ജരിയോ ഒന്നിനെ എല്ലാവരും പൊതുവായി വരിക്കണമെന്നാണു് അവരുടെ ശാഠ്യം. ഈ പാഞ്ചാലീസ്വയംവരത്തിൽ കൈരളിയുടെ സ്ഥാനമെവിടെ? എന്നാലും അകായിൽ കഴിച്ചുകൂട്ടുകയല്ലാതെ, പുറത്തിറങ്ങാൻ അവകാശമില്ലാത്തവകളെ വിലപിടിച്ച പണ്ടങ്ങൾ അണിയിക്കുന്നതു് ആൎക്കു കാണാനാണു്? ഇതാണു് സ്വദേശിവാദസാരം.

ഇരുകൂട്ടരേയും സമാധാനപ്പെടുത്താതെ തരമില്ല. പരസ്പരസ്പൎദ്ധികളായി അങ്കം വെട്ടുന്ന വീരരുടെയിടയിൽ അബലകൾക്കുണ്ടോ നില? ദീനരക്ഷണമാണു് നീതിരഹസ്യമെങ്കിൽ നമുക്കു വളരെ പരിഭ്രമിക്കാനില്ല;

അബലാരക്ഷണോപജ്ഞമായ പൌരുഷം യൂറോപ്യൻനാട്ടുകളിലെന്നപോലെ ഹിന്ദുസ്ഥാനത്തും അസ്തംഗതമായി സാമ്പത്തികസമരത്തിൽ കലാശിച്ചിരിക്കുന്നുവെന്നുള്ളതു കേവലം ഒരു ഉപരിപ്ലവബോധമാണു്.

കാലക്രമേണജഗതഃ പരിവത്തമാനാ
ചക്രാരപങ്‌ക്തിരിവഗച്ഛതി ഭാഗ്യപങ്‌ക്തിഃ"

എന്നുള്ള മഹാകവി വാക്യത്തിനനുസരിക്കുന്ന പരിവത്തനത്തിൽ രൂപഭേദം വരാമെന്നല്ലാതെ നാശം വരുന്നില്ലെന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. മാത്സ്യന്യായമാണു പ്രകൃതിസിദ്ധമെന്നു സിദ്ധാന്തിക്കുന്നതു് അയുക്തമെന്നു ശാസ്ത്രവിശാരദർ സോദാഹരണം വിശദീകരിക്കുന്നുണ്ടു്. അതിനാൽ അബലയാണെങ്കിലും കൈരളിക്കു ലോകസാമ്രാജ്യത്തിൽ ഒരു സ്ഥാനമുണ്ടെന്നും, ബലിഷ്ഠകളായ മററുള്ളവരാൽ നിഹതയാകയില്ലെന്നും നമുക്കു ബോധപ്പെടാം. ഇക്കഴിഞ്ഞ മഹായുദ്ധാനന്തരമുണ്ടായിരിക്കുന്ന സർവ്വരാജ്യസമിതിയുടെ ആദേശങ്ങൾക്കു് അല്പമെങ്കിലും വിലയുണ്ടെങ്കിൽ, ദുർബ്ബല സംരക്ഷണമാണു വൻകൃത്യമെന്നു വരാതെ തരമില്ല. അതുകൊണ്ടു് അബലയായ കൈരളിയ്ക്കു ഹാനിയുണ്ടാവില്ലെന്നു മാത്രമല്ല, പല സഹായങ്ങൾ ലഭിക്കാൻ അവകാശവും അവസരവുമുണ്ടെന്നുകൂടി വരുന്നു. ഈ സഹായലാഭമുണ്ടാകാൻ, ചിലർ ഭ്രമിക്കുന്നതുപോലെ, കൈരളി ക്രിസ്ത്യാനി വേഷം കെട്ടണമെന്നോ, മതം മാറണമെന്നോ ഇല്ല. ആശയപൌഷ്കല്യവും, മഹാമനസ്കതയും, സാഹോദര്യവും തൊട്ടു തിന്നിട്ടുവേണ്ട വരാൻ. സ്വധർമ്മനിഷ്ഠകൊണ്ടു മാത്രമാണു് അവയുണ്ടാകുന്നതു്. മലയാളത്തിനു ശക്തിയേററുന്നതിനു വമ്പിച്ച മററു ഭാഷകൾ ചെയ്യുന്ന ഒത്താശയ്ക്കു തീണ്ടൽ കല്പിക്കുന്നതു വിദഗ്ദ്ധധർമ്മമാകയില്ല. അങ്ങുമിങ്ങും പററാത്ത ചിലർ കാട്ടുന്ന അനുകരണഗോഷ്ഠികളെ വകവയ്ക്കാനുമില്ല.

അന്യരിൽനിന്നുണ്ടാകുന്ന ഉപദ്രവങ്ങളേക്കാൾ എത്രയോ ഭയങ്കരമാണു കുടുംബച്ഛിദ്രം. രാഷ്ട്രീയമായ ഐകമത്യത്തിനുവേണ്ടി ദേശീയഭാഷകളെ ബലികൊടുക്കണമെന്നുള്ള നിർബ്ബന്ധം സ്വീകാര്യമാകാൻ തരമില്ല. നേരേമറിച്ചു്, ഏറിയ കാലമായി പരവശതയെ പ്രാപിച്ചിരിക്കുന്ന ഇൻഡ്യയുടെ തന്റേടം നിലനിറുത്തുന്നതിനു വ്യക്തികളുടെ പൌരുഷത്തെ സംരക്ഷിക്കയല്ലേ നല്ലതെന്നു് ആലോചിക്കാനുള്ളതാണു്. നവീനാത്ഥശാസ്ത്രതത്വങ്ങളിൽ പ്രാധാന്യമേറിയതു്, വ്യക്തിപരമായ വിശിഷ്ടവൈദഗ്ദ്ധ്യത്തിന്റെ ഫലച്ഛായയാകുന്നു. ഓരോരുത്തക്കുമുള്ള പ്രത്യേക വാസനയ്ക്കു് അഭിവൃദ്ധിവരുന്തോറും, അതിൽനിന്നുണ്ടാകുന്ന മാനസോല്ലാസലഹരി വ്യാപിച്ചു സമുദായം മേൽഗതിക്കു് അഭിമുഖമായി തീരുമെന്നു പണ്ഡിതന്മാർ സ്ഥാപിക്കുന്നു. ഏതു സമുദായത്തിലും പണ്ഡിതന്മാർ കുറവും പാമരന്മാർ ധാരാളവുമുണ്ടായിരിക്കുമല്ലോ. രണ്ടാമതു പറഞ്ഞ വർഗ്ഗക്കാരുടെ കൂടുതൽ കുറവുകൊണ്ടാണു സമുദായങ്ങളുടെ പരിഷ്കൃതാവസ്ഥ

യെ അളക്കാറുള്ളതു്. പാശ്ചാത്യസമുദായങ്ങൾക്കുള്ള മെച്ചം പാമരദൌല്ല്യംകൊണ്ടാണെന്നു പറഞ്ഞാൽ ചില വ്യവസായരസികന്മാർ അല്ലെന്നു പറഞ്ഞേക്കാം. പക്ഷെ, പ്രാകൃതജനോന്നമനത്തിനും, സാമുദായികദൃഷ്ട്യാ വ്യവസായവൎദ്ധനയ്ക്കും നാട്ടുഭാഷയുടെ സഹായം ഒഴിച്ചുകൂടന്നതല്ലെന്നു ഏതു രാജ്യചരിത്രവും സാക്ഷീകരിക്കും. ഇക്കാലത്തു തൊഴിലില്ലായ്മയുടെ മൂൎത്തിരൂപമായിട്ടു നാട്ടുഭാഷാവിദ്യാഭ്യാസത്തെ കരുതിപോരുന്നുണ്ടെന്നു് എനിക്കറിയാം. അതു നാട്ടുഭാഷയ്ക്കുള്ള ദോഷമല്ല; അതിനെ വഴിയാംവണ്ണം ആരാധിക്കാത്തതിന്റെ ഫലമാണെന്നു സ്പഷ്ടമാക്കാൻ പ്രയാസമില്ല. ധനത്തെ ദുർവ്യയം ചെയ്താൽ ദാരിദ്ര്യത്തിനു ഹേതുവാകുന്നു; വേണ്ടപോലെ വിനിയോഗിച്ചാൽ ഗുണപ്രദമാകുന്നു. എന്നതുപോലെ തന്നെയാണു ഭാഷാധനത്തെ ദുൎവ്വിനിയോഗം ചെയ്താൽ ദോഷം നേരിടുന്നതു്. അതുകൊണ്ടു സ്വഭാഷാപോഷണം ഐകമത്യത്തിനോ സമുദായോൽകൎഷത്തിനോ ഹാനികരമല്ലെന്നുതന്നെയല്ല, പൊതുക്ഷേമാഭിവൃദ്ധിക്കു് ഉത്തമോപായമാണെന്നുകൂടി ഉറപ്പിച്ചു പറയാവുന്നതാണു്.

ഒരു പരമാദൎശത്തെ ലാക്കാക്കിയല്ലാതെ ഒരു പ്രയത്നവും ലോകത്തിലുണ്ടാകുന്നില്ല. ഓരോരുത്തരുടെയും പ്രവൃത്തിക്കു് എത്രതന്നെ ഭിന്നത തോന്നിയാലും, അതിൽ അന്തർല്ലീനമായി, മണിഗണങ്ങളെ കോൎത്തുചേൎക്കുന്ന ചരടുപോലെ, ഒരു പരമാദൎശത്തിന്റെ അനുസ്യൂതി പ്രത്യക്ഷീഭവിക്കാതിരിക്കയില്ല. ഈ പരമാദൎശം ഓരോ കാലത്തു മാറിവരുന്നുണ്ടു്. അതിന്റെ കഥനത്തെത്തന്നെയാണു നാം ചരിത്രം എന്നുള്ള പേരുകൊണ്ടു നാമകരണം ചെയ്യുന്നതു്. അല്ലാതെ സംഭവങ്ങളുടെ പട്ടികയോ മഹാന്മാരുടെ ജീവചരിത്രത്തെയോ മാത്രമല്ല. ഇവ നിരുപയോഗങ്ങളാണെന്നല്ല അൎത്ഥം. ആദൎശങ്ങളെ മനസ്സിലാക്കുന്നതിനു് അവ ഒഴിച്ചുകൂടുന്നതുമല്ല. മുമ്പുണ്ടായിരുന്നവരുടെ ആദൎശങ്ങളുടെ ഫലപ്രാപ്തിയാണു നാം ഇന്നു കാണുന്നതു്. അതുകൊണ്ടു് അവരുടെ ഉദ്ദേശ്യങ്ങളെ മനസ്സിലാക്കിയാൽ മാത്രമെ ഇന്നത്തെ അവസ്ഥയെക്കുറിച്ചു നമുക്കു പൂൎണ്ണമായ ജ്ഞാനം ലഭിക്കുന്നുള്ളു. ഇന്നത്തെ സ്ഥിതിയെ സൂക്ഷ്മമായി മനസ്സിലാക്കിയെങ്കിൽ മാത്രമല്ലാതെ ഭാവിയെ നമുക്കു ഗണിക്കാൻ സാധ്യവുമാകയില്ല. ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ ഭാഷയ്ക്കുമേൽ വരുവാനുള്ള അഭിവൃദ്ധിയെപ്പററി നിൎദ്ദേശിക്കണമെങ്കിൽ പൂൎവ്വാദൎശങ്ങളെ നല്ലവണ്ണം മനസ്സിലാക്കണം. വാസ്തവത്തിൽ ഭൂതഭവിഷ്യദ്വൎത്തമാനങ്ങൾ തുടൎന്നിരിക്കുന്നതല്ലാതെ പൃഥക്കായി സ്ഥിതിചെയ്യുന്നില്ല. ഇന്നലെ നടന്നതു് ഇന്നു കഴിഞ്ഞതാകുന്നതുപോലെ, നാളെ ഇന്നത്തേതും കഴിഞ്ഞതാകുന്നു. അതുകൊണ്ടു നമ്മുടെ ജ്ഞാനദൃഷ്ടിയെ താൽക്കാലികത്തിൽ മാത്രം ഉറപ്പിക്കുന്നതു് അയുക്തവും ഹാനികരവുമാകുന്നു. കഴിഞ്ഞ കാൎയ്യങ്ങൾ നമ്മെ-ഇന്നത്തെ നിലയിൽ എങ്ങനെ കൊണ്ടുവന്നോ അതിൻവണ്ണം ഇന്നു ചെയ്യുന്നതും ഉദ്ദേശി

ക്കുന്നതുമായ കാൎയ്യമാണു നാളത്തെ സ്ഥിതിയെ നിൎണ്ണയിക്കുന്നതു് എന്നു നാം എല്ലായ്പോഴും ഓൎമ്മിക്കണം.

ഈ തത്വത്തെ നല്ലപോലെ മനസ്സിലാക്കി കൈരളി ഇന്നത്തെ നിലയെ പ്രാപിച്ചതിന്റെ കഥ നമുക്കു അല്പം നോക്കാം. എന്നാൽ പണ്ടേതന്നെ കുഴിച്ചുമൂടിക്കഴിഞ്ഞതിനെ തിരികെ തുരന്നു മാന്തിയെടുക്കുന്നതു ദുഷ്പ്രവൃത്തിയാകുന്നെന്നു ചിലർ ശങ്കിക്കുന്നുണ്ടെങ്കിൽ, കേവലം കൌതുകത്തിനു മാത്രമല്ല, അപ്രകാരം ചെയ്യുന്നതു്, അതിന്റെ ശക്തി നിമിത്തം നമുക്കു് ഇന്നു കാണുന്ന ഗുണങ്ങളെ അറിയാനാകുന്നെന്നു പറഞ്ഞറിയിക്കാൻ ഏറെ പണിവേണ്ട. ഒരു വേളിക്കു വരനെ തിരയുമ്പോൾ അവന്റെ കുടുംബപാരമ്പൎയ്യത്തെ എന്തിനു നാം ആരായുന്നു എന്നു് ആലോചിച്ചാൽ മതി. ജീവചരിത്രങ്ങളിലുള്ള രസത്തിനു മൂലമെന്താണു്? മുമ്പുണ്ടായിരുന്നവരിൽനിന്നു നമുക്കു സിദ്ധിച്ചിരിക്കുന്ന ഗുണങ്ങളെന്തെല്ലാമെന്നു് അറിയുന്നതല്ലേ? ഒരു സംഗതിയെ വ്യാഖ്യാനിക്കയെന്നു പറയുന്നതു മുമ്പു നടന്നവയുമായുള്ള കാൎയ്യകാരണബന്ധത്തെ വൎണ്ണിക്കുന്നതല്ലാതെ മറ്റൊന്നുമല്ല. കഴിഞ്ഞതിനോടുള്ള ആദരം അതുകൊണ്ടാണു നമുക്കു നിലനില്ക്കുന്നതും.

ഭാഷാസാഹിത്യചരിത്രത്തിന്റെ ആദിമഘട്ടത്തിൽ മുഴച്ചുനില്ക്കുന്ന ഒരു ആദൎശം അനുകരണമാകുന്നു. ഇങ്ങനെ വന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ചെന്തമിഴ് തറവാട്ടിൽനിന്നു ഭാഗം പിരിഞ്ഞു കേരളദേശത്തിൽ കുടിയേറിയ മലയാളഭാഷ തായ്ക്കുടുംബത്തിനോടൊപ്പം ചമയണമെന്നു കരുതിയതിൽ എന്താണാശ്ചൎയ്യം? ഭാഗം പിരിഞ്ഞവർ മൂൽതറവാട്ടിനോടൊപ്പം ഐശ്വൎയ്യവും അഭിമാനവുമുണ്ടാകണമെന്നു മോഹിക്കുന്നതു സാധാരണമാണു്. അതുകൊണ്ടു് അക്കാലത്തുണ്ടായ സാഹിത്യം വേഷത്തിലും ഭാഷയിലും വൃത്തത്തിലും തമിഴിനെ അനുകരിക്കതന്നെ ചെയ്തു. പ്രാചീനകല്ലെഴുത്തുകൾ, ചെമ്പേടുകൾ, പാട്ടുകൾ എല്ലാം തമിഴ് ഭാഷയിൽനിന്നു മിക്കവാറും അഭിന്നമായിക്കാണാം. വൃത്തങ്ങളും വാചകങ്ങളും, ലിപികൾപോലും, തമിഴുതന്നെയായിരിക്കുന്നു. മലയാളഭാഷ തമിഴക്ഷരത്തിൽ എഴുതിവന്ന രീതി തെക്കൻ മലയാളത്തിൽ ഇന്നാലെ മാത്രമേ വിട്ടിട്ടുള്ളു. വളരെ നാൾ മലയാളനാടു തമിഴരശന്മാരാൽ ഭരിക്കപ്പെട്ടുവന്നുവെന്നു ചരിത്രപ്രസിദ്ധമാണല്ലോ. അന്നാളിൽ മുതലിച്ച തമിഴ്പ്രവാഹം ഇന്നും നിലകൊണ്ടിട്ടില്ല. ഈ ആധിപത്യവും സമ്പൎക്കവും നിമിത്തം മലയാളത്തിനു് തമിഴ്ച്ചുവ വിട്ടുപോകാൻ വളരെ നാൾ വേണ്ടിവന്നു. ഇന്നത്തെ പച്ചമലയാളത്തിലും കേക, കാകളി മുതലായ വൃത്തവിധാനങ്ങളിലും ആദ്യമുണ്ടായ അനുകരണാദൎശത്തിനു പ്രവൃത്തിയുണ്ടു്. പക്ഷേ, മുമ്പുണ്ടായിരുന്നതിനും ഇപ്പോഴുള്ളതിനും തമ്മിൽ അന്തരമുണ്ടു്. കിടാങ്ങൾ മറ്റുള്ളവർ കാണിക്കുന്നതു അനുകരിക്കുന്നുണ്ടു്. അനുകരണംകൊണ്ടുള്ള

ണ് അവർ പഠിക്കുന്നതും. പ്രായമായാലും നാം അനുകരണം വിടുന്നില്ല. എങ്കിലും ആ അനുകരണം ബാലന്മാരുടേതുപോലെയാണോ? ഈ ഭേദം നമ്മുടെ ഇപ്പോഴത്തെ അനുകരണത്തിനു വന്നിട്ടുണ്ട്.

അനുകരണഭ്രമം ഏറെ നാൾ നിലനില്ക്കയില്ല. കുരങ്ങത്തം മനുഷ്യനു ചേരുന്നതല്ലെന്നു അചിരേണ ബോധമുണ്ടാകുന്നു. കുട്ടികൾപോലും ആദ്യം കാണുന്നതു കാട്ടുകയും പറഞ്ഞതു പറകയും ചെയ്തു കുറെ കഴിയുമ്പോൾ തന്നെത്താൻ ചിലതു കാണിച്ചുതുടങ്ങുന്നു. സ്വാതന്ത്ര്യഘട്ടം ക്രമേണ ഉദിക്കുന്നു. മുൻപഠിച്ച ചേഷ്ടകളെ തന്നെ സമയോചിതമായി ഭേദിപ്പിച്ചു പുതുപ്പിക്കുന്നു. കേരളസാഹിത്യത്തിനും ഇങ്ങനെ ഒരു സ്വാതന്ത്ര്യമുണ്ടായി. തമിഴ്നാട്ടിന്റെ ഛായ വിട്ടു മലയാളരാജ്യത്തിന്റെ സ്ഥിതിഗതികളെ ആശ്രയിച്ചു സാഹിത്യങ്ങൾ ഉണ്ടായിത്തുടങ്ങി. തൊട്ടതിനെല്ലാം പാട്ടുകളുണ്ടായി. കളിയായാലും കാര്യമായാലും പാട്ട് അതിനോടൊത്തു ചേരും. വിത്തുവിതപ്പുപാട്ട്, കൊയ്ത്തുപാട്ട്, അരിവരുത്താൻപാട്ട്, ഊഞ്ഞാൽപാട്ട്, കോലടിപ്പാട്ടു, വാതിൽതുറപ്പാട്ട്, എന്നുവേണ്ട തൊട്ടതിനും പിടിച്ചതിനുമെല്ലാം പാട്ടുപാടിത്തുടങ്ങി. ഇതിലെല്ലാം സാഹിത്യമുണ്ടോ എന്നു ചോദിച്ചാൽ ഉണ്ടെന്നുതന്നെ പറയേണ്ടിവരും. പ്രകൃതിയുടെ രസാത്മകമായ വാചാപ്രതിഫലമാണു സാഹിത്യമെങ്കിൽ ഈ വക പാട്ടുകളിൽ കാവ്യത്വമുണ്ടെന്നു വിജ്ഞന്മാർ സമ്മതിക്കാതിരിക്കയില്ല. കളരിയിൽനിന്നു അഴിച്ചുവിട്ട പിള്ളരുടെ മട്ടിലാണ് ഈ പാട്ടുകളുടെ മട്ടും മോടിയും. ഈ സ്വാതന്ത്ര്യഗതി കൈരളിയെ വളരെ പൊലിപ്പിച്ചു. ഈ പഴയ പാട്ടുകളെ എല്ലാം ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിൽ ഇയ്യിടെ മിസ്റ്റർ ചിറയിൻകീഴ് ഗോവിന്ദപ്പിള്ള പ്രദർശിപ്പിച്ചിട്ടുള്ള ഉത്സാഹം സ്ഥായിയായി വരുന്നതായാൽ ഭാഷയ്ക്കു് അമൂല്യമായ ഒരു നിധി കരസ്ഥമാകും. ഈ സ്വാതന്ത്ര്യഘട്ടത്തിലും അനുകരണത്തിനു പ്രസക്തി ധാരാളമുണ്ടായിരുന്നു. തേവർപാട്ടും കൃഷിപ്പാട്ടും വിട്ടു ക്രമേണ പാട്ടുകൾ ഭാരതം, രാമായണം, യുദ്ധപരാക്രമങ്ങൾ മുതലായ വീര്യവിഷയങ്ങളെ ആശ്രയിച്ചു തുടങ്ങിയപ്പോൾ മട്ടു മാറി. സാഹിത്യത്തിനു ഗൌരവവും കൂടിവന്നു. നാട്യകലയും നിത്യനിദാനതൊഴിൽവിട്ടു പൌരാണികപന്ഥാവിനെ ആശ്രയിച്ചു. അമ്മൻതുള്ളലും, കോലംകളിയും തുമ്പിതുള്ളലും ക്രമേണ യാത്രാംഗത്തിലും, തെയ്യാട്ടത്തിലും കൃഷ്ണനാട്ടത്തിലും പരിണമിച്ചു.

കൈരളിയുടെ മൂന്നാമത്തെ ഘട്ടത്തിൽ പൌരുഷം ആയിരുന്നു പ്രധാനാംശം. ഇതിനു കാരണങ്ങൾ പലതുമുണ്ടായിരുന്നു. ആര്യന്മാർ മുമ്പുതന്നെ കേരളദേശത്തിൽ കടന്നിരുന്നുവെങ്കിലും, ഏറെനാൾ വേണ്ടിവന്നു അവരുടെ പരിഷ്കാരവും ഭാഷയും മലയാളത്തിൽ സ്ഥിരപ്രതിഷ്ഠിതങ്ങളാകാൻ. വമ്പിച്ച ദ്രാവിഡഭാഷ സ്വാധീനയായിരുന്നപ്പോൾ മറ്റൊരു ഭാഷയുടെ ആവശ്യം തീരെയില്ലായിരുന്നു. മലയാളഭാഷ അനുകരണഘട്ട

ത്തെ വിട്ടു സ്വതന്ത്രയായിത്തീൎന്നപ്പോൾ പണ്ടത്തെപ്പോലെ മൂലകുടുംബസ്വത്തിൽ പങ്കുകൊള്ളുവാൻ മടിച്ചുതുടങ്ങി. സഹായാന്തരത്തെ അപേക്ഷിച്ചിരിക്കുമ്പോഴത്രേ മഹാശയയായ ഗൈൎവ്വാണി ഹസ്താവലംബം നൽകിയത്. ഈ അമൂല്യമായ സഹായംനിമിത്തം കൈരളി തെളിഞ്ഞു പഴയ തറവാടിനെ ക്രമേണ വെറുത്തു. ആൎയ്യഭാഷയായ സംസ്കൃതത്തിനു മലയാളത്തിൽ ഒരു പ്രധാനസ്ഥാനവും ലഭിച്ചു. ആൎയ്യഭാഷയ്ക്കുള്ള ഓജസ്സും ശക്തിയും ഒന്നു വേറെയാണ്. അതിൽ കൈരളിയും ഭ്രമിച്ചു. മലയാളവും സംസ്കൃതവും തമ്മിലുണ്ടായ കൂട്ടുകെട്ടിനു മററുസംഗതികളും സഹായിച്ചു. സമുദ്രവസനയായിരുന്ന കേരളം ക്രിസ്ത്വാബ്ദത്തിനു മുമ്പുതന്നെ പല വിദേശീയരുടെ പ്രവേശനത്തിനു പാത്രമായിരുന്നു. ഗ്രീക്കുകാർ, പാരസീകന്മാർ, സുറിയാനികൾ, അറബികൾ, ചീനന്മാർ തുടങ്ങിയവർ കച്ചവടത്തിനായും മററും മലയാളത്തു വന്നിട്ടുള്ളതിനു ലക്ഷ്യം ധാരാളമുണ്ട്. മലയാളികൾ പായ്കെട്ടിയ മരക്കലങ്ങളിൽ (കപ്പലുകളിൽ) സമുദ്രം കടന്നുപോയി കച്ചവടം നടത്തിവരികയും ചെയ്തുവന്നു. അവരുടെ സമ്പൎക്കം മലയാളത്തിന് അസമ്മിശ്രമായ ഗുണത്തെയല്ല നൽകിയത്. അതുപോലെ അശോകമഹാരാജാവിന്റെ കാലംമുതൽ ബുദ്ധമതപ്രഭാഷകന്മാർ തെന്നിന്ത്യയിൽകടന്നു മലയാളത്തിലും ഏറെ നാൾ കുടിപാൎത്തു വിഹാരങ്ങളും ആലയങ്ങളും സ്ഥാപിച്ചിരുന്നതായി അനേകതെളിവുകൾ ഇന്നും കാണുന്നുണ്ട്. വിമതസ്ഥരായ പലരുടേയും സാന്നിധ്യംനിമിത്തം കേരളത്തിന്റെ സ്വാതന്ത്ര്യത്തിനും തന്മയത്വത്തിനും ഹാനിവരാതെയിരിക്കുന്നതിനു തക്ക പൌരുഷം കേരളീയർ സമ്പാദിക്കാൻ തുടങ്ങി. ആയുധാഭ്യാസത്തിനു കളരികൾ സ്ഥാപിച്ചു ചോടും ചവുട്ടും വെട്ടും തടയും മററും പഠിപ്പിക്കാൻ ആശാന്മാരേയും നിയമിച്ച് യുദ്ധപരിശീലനം ആരംഭിച്ചു. പൌരുഷപ്രധാനമായ അങ്കത്തിനു പ്രാധാന്യം വന്നതോടുകൂടി സാഹിത്യത്തിലും ആ പ്രസ്ഥാനം വന്നുകൂടി. വീൎയ്യപ്രകടനത്തിനു സംസ്കൃതഭാഷയും അതിലെ സാഹിത്യങ്ങളും കൈരളിക്കു വേണ്ടുവോളം കെല്പും നൽകി.

മറെറാരു കാരണംകൂടി പറയാനുണ്ട്. ബുദ്ധമതപ്രചാരം അധികമായി, വൈദികമതം ഹിമവൽസേതുപൎയ്യന്തമെന്നല്ല അതിനപ്പുറവും അസ്തപ്രായമായകാലം ചരിത്രപ്രസിദ്ധമാണല്ലോ. ശങ്കരാചാൎയ്യസ്വാമികൾ ദിഗ്വിജയം ചെയ്തു വൈദികമതത്തെ പുനസ്ഥാപനംചെയ്തതും ചരിത്രം ഉൽഘോഷിക്കുന്നുണ്ട്. ആചാൎയ്യസ്വാമികൾ കേരളീയനായിരുന്നിട്ടും അദ്ദേഹം ചെയ്ത സാഹസത്തിന്റെ ഫലത്തിൽ ഇന്നാട്ടുകാർ വിമുഖരായിരുന്നു. ഏറിയനാൾ കഴിഞ്ഞതിനുമേൽ മാത്രമേ നാം അതിനു ആദരിക്കാൻ തുടങ്ങിയുള്ളു. മലയാളത്തിന്റെ പൌരുഷഘട്ടത്തിൽ ജൈനന്മാരുടെ മതപ്രചാരം വൎദ്ധിച്ചപ്പോഴത്രേ ആചാൎയ്യരുടെ ശ്രമത്തെ നാം അഭിമാനിച്ചത്. ഷഡ്ദൎശനങ്ങളുടെ പ്രവേശം മലയാളത്തിൽ സംസ്കൃതഭാഷാഭ്യാസനത്തെ വൎദ്ധിപ്പിച്ചു.

രാമചരിതം, പാതാളരാമായണം, രാമകഥാപ്പാട്ടു, തച്ചോളിപ്പാട്ടു മുതലായ സാഹിത്യങ്ങൾ മലയാളത്തിന്റെ പൌരുഷാദശ്ശത്തെ നിഴലിപ്പിക്കുന്നു. ദ്രാവിഡഭാഷാനുകരണം വിട്ടിട്ടില്ലെങ്കിലും, വിഷയവും വാക്കുകളും ആശയങ്ങളും മിക്കവാറും സംസ്കൃതത്തിൽനിന്നു പകൎത്തിയവയാണെന്നു കാണാം. മലയാളസാഹിത്യത്തിന്റെ സുവൎണ്ണകാലമിതായിരുന്നു എന്നു വേണം പറയാൻ. നവീനമലയാളത്തിന്റെ ആരംഭകാലവുമതു തന്നെ. ബ്രാഹ്മണരിലും രാജാക്കന്മാരിലും മാത്രം വൎത്തിച്ചിരുന്ന വിദ്യാഭ്യാസം നായന്മാരിൽ സംക്രമിച്ചതും അക്കാലത്തായിരുന്നു. യുദ്ധോദ്യമങ്ങളിൽ നായന്മാരുടെ ആനുകൂല്യം ഒഴിച്ചുകൂടാതെ വന്നതോടുകൂടി മേൽജാതിക്കാൎക്കു നായന്മാരുമായി ഒത്തൊരുമയുണ്ടായി. ഈ സാഹചൎയ്യം അവരുടെ ഉന്നതിക്കും നിദാനമായി. അവരുടെ ആദികവനം ഈശ്വരപ്രാൎത്ഥനകളും സങ്കീൎത്തനങ്ങളുമായിരുന്നിരിക്കണം. കണ്ണശ്ശപ്പണിക്കന്മാരുടെ കാലമായപ്പോഴേക്കു് നായന്മാരുടെ പാണ്ഡിത്യം മിക്കവാറും മേൽജാതിക്കാരുടേതിനോടു എതിർ പൊരുതുന്ന മട്ടായി. രാമായണം, ഭാരതം മുതലായ പുരാണങ്ങളും ഭഗവൽഗീത മുതലായ ഗഹനവിഷയങ്ങളും അവരുടെ പാട്ടിനു വിഷയങ്ങളായി. തമിഴുമല്ല സംസ്കൃതവുമല്ല എന്ന രീതിയിൽ ഒരു സ്വാതന്ത്ര്യവൃത്തവും അവർ സൃഷ്ടിച്ചു. ഈ കവിതകളിലെല്ലാം പൌരുഷമായിരുന്നു ജീവൻ. മററുള്ള രസങ്ങൾ അതിനു സഹായമായി നിന്നതേയുള്ളൂ.

ഈ പൌരുഷാദശ്ശം ഏറെനാൾ നിലനിന്നു. നവീനമലയാളത്തിന്റെ കൂടസ്ഥനായ എഴുത്തച്ഛന്റെ കിളിപ്പാട്ടുകാലത്തും അതു് ഊൎജ്ജിതത്തോടെ ഇരുന്നു. ഭക്തിസംവല്കങ്ങളും വേദാന്തസാരസമ്പൂൎണ്ണങ്ങളുമായ ആ മഹാകവിയുടെ കൃതികളിൽവച്ചു ഭാരതത്തിനു് ഒരു മെച്ചം അതുകൊണ്ടു തന്നെയാണു വന്നതു്. നായന്മാർ ക്രമേണ പ്രബലന്മാരും രാജാക്കന്മാരുടെ വലങ്കൈയ്യും ആയി തീൎന്നപ്പോൾ ബ്രാഹ്മണർ യുദ്ധോചിതവീൎയ്യപ്രവൃത്തിയിൽനിന്നു വിരമിച്ചു ശാന്തമാൎഗ്ഗങ്ങളിൽ പ്രവൃത്തിക്കകാരണം ഭാഷാകൃതികളുടെ സ്വരമൊന്നു മാറി. ശൃംഗാരരസസമ്പൂൎണ്ണമായ ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, ഗീതഗോവിന്ദത്തെ അനുസരിച്ചു അഷ്ടപദിയും മററുമുണ്ടായതു കൂടാതെ, ജ്യോതിഷം, വൈദ്യം, തന്ത്രം, തച്ചുശാസ്ത്രം, രാജ്യഭരണപരമായ വ്യവഹാരമാല മുതലായ കൃതികൾ മലയാളബ്രാഹ്മണർ ഉണ്ടാക്കി കൈരളിയെ അനുഗ്രഹിച്ചു.

നാട്യകലയും പൌരുഷാദശ്ശത്തെത്തന്നെയാണു് ആശ്രയിച്ചിരുന്നതു്. ഭാഷയുടെ ബാല്യകാലത്തുണ്ടായിരുന്ന അനുകരണാദശ്ശം വിട്ടു കൌമാരത്തിലുണ്ടായ സ്വാതന്ത്ര്യത്തിൽ, കണ്ടതും കേട്ടതും പ്രവൎത്തിച്ചതുമായവയെപ്പററി പാട്ടും കളിയും നടത്തിവന്നതും അതിനനുസരിച്ചുള്ള അമ്മാനപ്പാട്ടു, കൈകൊട്ടിക്കളി, നന്തുണിപ്പാട്ടു, കോലാട്ടം മുതലായവ ഉണ്ടായതിനെപ്പററിയും മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കേവലം ബാഹ്യചേഷ്ടക

ളെ പ്രമാണമാക്കിവന്ന കൃത്താട്ടങ്ങൾ പോരെന്നു തോന്നി പൌരുഷാദർശകാലത്തു പല രസങ്ങളെക്കൂടി ദ്യോതിപ്പിക്കാൻ തുടങ്ങി. അതായതു്, കേവലം ഇന്ദ്രിയമാത്രനിഷ്ഠമായിരുന്ന നാട്യകല ഉള്ളിൽ കടന്നു മാനസികവികാരങ്ങളെക്കൂടി ആശ്ലേഷിച്ചു. കൃഷ്ണാട്ടത്തിന്റെ ആവിർഭാവം അപ്പോഴത്രെ. വേഷവും നൃത്തവും മാത്രംകൊണ്ടു തൃപ്തിപ്പെടാതെ ഭാവവും കഥയും യോജിപ്പിച്ചു ശ്രീകൃഷ്ണചരിതത്തെ പ്രത്യക്ഷമായി പ്രദർശിപ്പിച്ച കൃഷ്ണാട്ടം കേരളീയരെ എന്തെന്നറിയാതെ മയക്കി. അതിനെ അനുസരിച്ചു കൂടിയാട്ടവുമുണ്ടായി, കഥകളിൽ കലാശിച്ചു. കഥകളിയിൽ താളം, മേളം, നൃത്തം, ഗീതം, വാദ്യം, വേഷം, ഭാവം, മുദ്ര എന്നുള്ളതെല്ലാം ഒന്നിച്ചു ചേർന്നു് ഇന്ദ്രിയങ്ങളേയും, മനസ്സിനേയും ഒരുപോലെ ആഹ്ലാദിപ്പിച്ചതു കൂടാതെ, കവനചാതുരിയും ഭാവപുഷ്ടിയുംകൊണ്ടു ബുദ്ധിയേയും ആനന്ദിപ്പിക്കയാൽ പണ്ഡിതപാമരന്മാരൊന്നുപോലെ രസിച്ചു. മലയാളത്തിന്റെ പൌരുഷാദർശപരിധിയാണു് ആട്ടക്കഥകളുടെ കാലമെന്നു പറയാവുന്നതാണു്. അക്കാലമായപ്പോഴേക്കതന്നെ സംസ്കൃതത്തിന്റെ ആധിപത്യം മുഴുത്തു മലയാളത്തെ വിഴുങ്ങിത്തുടങ്ങി. തന്നിമിത്തം മലയാളസാഹിത്യാദർശത്തിനു മാററവും വന്നു കഴിഞ്ഞു.

പ്രബലന്മാരുമായുള്ള സഖ്യം ദുരുദർക്കമായി ഭവിക്കുമെന്നു് അനുഭവസിദ്ധമാണു്. കയ്യൂക്കുള്ളവൻ കാര്യക്കാരാകുമെന്ന ഹിന്ദുസ്ഥാനത്തിലെ ഇദാനീന്തനാവസ്ഥ പ്രത്യക്ഷീകരിക്കുന്നില്ലേ? സാമുദായികമായും രാഷ്ട്രീയമായും വരാവുന്ന മാററങ്ങൾ ഭാഷയ്ക്കുമുണ്ടാകുമെന്നു സംശയമില്ല. ആദ്യം സ്വാതന്ത്ര്യലാഭത്തിനുവേണ്ടി സഹായത്തിനു വരിച്ച സംസ്കൃതം, മലയാളത്തിന്റെ തന്റേടത്തെ ക്രമേണ കുറച്ചു പരാധീനതയെ വർദ്ധിപ്പിക്കയാണു ചെയ്തതു്. സംസ്കൃതാധീന്യംകൂടി വന്നതോടുകൂടി കൈരളിയ്ക്കുള്ള ആദർശം അതിനോടു സായൂജ്യം കിട്ടണമെന്നായി. ഭജനം മൂക്കുമ്പോൾ സായൂജ്യമാണല്ലോ ഫലം. പണ്ടത്തെ അനുകരണാദർശം മറെറാരു വേഷത്തിൽ കൈരളി സ്വീകരിച്ചു. മലയാളത്തിനു സംസ്കൃതത്തോടുള്ള ഭ്രമം വർദ്ധിച്ചു് മലയാളം സംസ്കൃതമായി. വാക്കുകളും വിഭക്തികളും വൃത്തങ്ങളും വാചകങ്ങളുമെല്ലാം സംസ്കൃതമയം. സംസ്കൃതംകൂടാതെ നാട്ടുഭാഷയിൽ എഴുതുന്നതു് നീചവൃത്തിയായി. സംസ്കൃതാഭ്യാസം മതി; നാട്ടുഭാഷാഭ്യാസം വേണ്ട; എന്നുതന്നെയല്ല, സംസ്കൃതപാണ്ഡിത്യമുണ്ടെങ്കിലല്ലാതെ വൈദുഷ്യമില്ലെന്നുകൂടി ആയിത്തീർന്നു. അക്കാലത്തു മലയാളികളുടെ സാഹിത്യം പച്ചസംസ്കൃതംതന്നെയോ മണിപ്രവാളമെന്ന പുതിയ നാമം കല്പിച്ച ഭാഷയിലോ ആയിത്തീർന്നു. സംസ്കൃതത്തിനോടുള്ള ഏകഭാവത്തെ നമ്പൂരിമാരും ഭട്ടതിരിമാരും സ്വകൃതികളെക്കൊണ്ടു പിൻതാങ്ങി. ലക്ഷ്മീദാസൻ, മേല്പത്തൂർ ഭട്ടതിരി, മാനവിക്രമരാജാവു്, കാക്കശ്ശേരിഭട്ടതിരി എന്നു തുടങ്ങിയ വമ്പന്മാർ സംസ്കൃതത്തിൽ കവനങ്ങൾ ചെയ്യുകയും, ഉദ്

ണ്ഡശാസ്ത്രികൾ മുതലായ പാരദേശിക ശാസ്ത്രിവൎയ്യന്മാർ കുടിയേറിയതും മലയാളത്തിന്റെ തന്മയത്വത്തെ ഹനിച്ചു. ഉയൎന്ന സ്ഥാനത്തിരിക്കുന്ന അധികാരി ചിലപ്പോൾ യജമാനഭാവത്തോടുകൂടി ഒരു പുഞ്ചിരികൊണ്ടും വാക്കുകൊണ്ടും കീഴ്പ്പണിക്കാരെ അനുഗ്രഹിക്കുമ്പോൾ എളിയവൻ വമ്പിച്ചു വശമാകുന്നതിനോടൊപ്പം, സംസ്കൃതമയമായ സാഹിത്യത്തിനിടയിൽ ഒന്നോ രണ്ടോ മലയാളവാക്കു ചേരുമ്പോൾ മണിപ്രവാളം ഒന്നു തെളിഞ്ഞു കൊമ്പത്തു കയറി. ചമ്പുപ്രബന്ധങ്ങളിലും സന്ദേശകാവ്യങ്ങളിലും കൂടാതെ ആട്ടക്കഥകളിലും നോക്കിയാൽ ഇതിനു ദൃഷ്ടാന്തം വളരെ കാണാം. കുററമാണോ ബുദ്ധിമാനായ നെടുങ്ങാടിപോലും കൈരളിയെ "സംസ്കൃതഹിമഗിരിഗളിത"യെന്നു മാറിധരിച്ചുപോയതു്? മലയാളമേതു സംസ്കൃതമേതെന്നുള്ള ഭേദം അറിവാൻ പാടില്ലാത്തവണ്ണം സായൂജ്യം വന്ന കാലത്തും, മലയാളത്തിന്റെ ജന്മസിദ്ധമായ ഹലിതവും, ലാളിത്യവും, സ്വച്ഛതയും നശിക്കാതെ കിടന്നതു നിമിത്തമത്രെ.

"പലായധ്വം പലായധ്വം രേ രേ! ദുഷ്കവികുഞ്ജരാഃ"

എന്നുള്ള വീരവാദത്തോടെ പുറപ്പെട്ടു്,

"ഭാഷാകവിനിവഹോഽയം ദോഷാകരവൽ വിഭാതിഗഗനതലേ
പ്രായേണ വൃത്തഹീനാസ്സ്യുശ്ചോക്തേനിരസ്തഗോപ്രസരാഃ.

എന്നു ഭാഷാകവികളെ പുച്ഛിച്ച ഉദ്ദണ്ഡൻ,

"അരിവമ്പടയും പടയും
പരിചിനൊടിടിനാദമൊക്കെ വെടിയും പൊടിയും
മുകിൽ നടുകൊടിയും കൊടിയും പരിപശ്യ
സുരേന്ദ്രദൃഷ്ടിപൊടിയും പൊടിയും"

എന്നു കേട്ടു സന്തോഷിച്ചു്,

"അധികേരളമഗ്രഗിരഃ
കവയഃ കവയന്തുവയന്തുനതാൻഭ്രണമഃ
പുളകോദ്ഗമകാരിവചഃപ്രസരം
പുനമേവ പുനഃപുനരാസ്തമഹേ".

എന്നു സ്തുതിക്കാനും ഇടവന്നതു്. ഉമിയിൽ കിടക്കുന്ന തീപോലെ മറഞ്ഞുകിടന്ന മലയാളം അക്കാലത്തും ഇടയ്ക്കിടെ ജ്വലിക്കാതിരുന്നില്ല. ബ്രാഹ്മണരും തൽപക്ഷപാതികളും സംസ്കൃതത്തെ ആരാധിച്ചതുപോലെ മററുള്ളവർ ചെയ്തില്ലെന്നുള്ളതുകൊണ്ടു മാത്രമാണു മലയാളം ഒരുവിധം ജീവിച്ചു കിടന്നതു്. രാമാനുജൻ എഴുത്തച്ഛനും പിന്നീടുണ്ടായ എഴുത്തച്ഛന്മാരും മലയാളത്തിന്റെ കള്ളിവിട്ടു പോകാതെ സൂക്ഷിച്ചു. മലയാളത്തിനു മറെറാരു സഹായം കിട്ടി. സംസ്കൃതഗ്രന്ഥങ്ങൾക്കു ഭാഷയിൽ അൎത്ഥം എഴുതുകയെന്നൊരു സമ്പ്രദായം ഇക്കാലത്താണുണ്ടായതു്. പണ്ടു കല്ലെഴുത്തുകളിലും, ചെമ്പേടുകളിലും, രാജശാസനങ്ങളിലും മാത്രമുപയോഗിച്ചുവന്ന

മലയാളഗദ്യത്തിന് ഈ വ്യാഖ്യാനരീതിനിമിത്തം ഒരു പുതിയ ജീവനുണ്ടായി. സംസാരിച്ചുവന്ന ഭാഷയെ ഏതാണ്ടു പുതുക്കി ചില പൊടിപ്പും തൊങ്ങലും കെട്ടി ഒരുവക വാചകസമ്പ്രദായം ചാക്യാർക്കൂത്തുകളിൽ കേട്ടതായിരിക്കണം ഗദ്യത്തിന് ആദർശമായി തീർന്നതു്. ശ്രീമൂലം മലയാളഗ്രന്ഥാവലിയിൽ ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ശ്രീമദ്ഭാഗവതഭാഷാ മുതലായ ഗ്രന്ഥങ്ങൾ നോക്കിയാൽ ഇതിനു പല ദൃഷ്ടാന്തം കാണാം. ചമ്പുക്കളിലെ ഗദ്യങ്ങൾ സംസ്കൃതത്തെ അനുകരിച്ചുണ്ടാക്കിയവയാണെന്നു തർക്കമില്ല. അവയ്ക്കു ഗദ്യമെന്നുതന്നെ പേർ പറയുന്നതു യുക്തമല്ല. ആട്ടക്കഥകളിലെ സംഭാഷണഗാനങ്ങളുടെ ഒരു വകഭേദമെന്നു മാത്രമേ പറഞ്ഞുകൂടു.

(തുടരും)

## മദിച്ച ആന *

(പെട്ടാഴിയം ചെറിയ രാമനെളയതു്)

ഇടഞ്ഞുനില്പുണ്ടൊരു ദന്തി ഭാവിയെ-
ത്തടഞ്ഞുകൊണ്ടെൻ്റെ വഴിക്കു മുമ്പിലായ്,
പടർന്നുകേറീടുമഗാധഭീതിയാൽ
കിടന്നു തുള്ളുന്നു മദീയമാനസം.

ഒരാനയാണായത, തൊന്നു കുത്തിയാൽ
ധരാധരം പോലുമടർന്നു വീണിടും
നിരാശ്രയൻ ഞാൻ പഥി ചെയ്യതെന്തുവാൻ
പരാപരൻ മേ പരമാവലംബനം. ൨

ചൊരുക്കൊലാചിയ്ക്കുന്നിതു മെയ്യിൽനിന്നു, വ-
ന്നറുപ്പതാമോ മമ സന്ധിബന്ധനം
കുരുമ്പനാമിഗ്ഗജമെന്ന പോലിതാ!
കുരുത്തിയുണ്ടെന്നുടെ ഭാവികാൺമു ഞാൻ. ൩

വലിപ്പമേറും ചെവി 'വട്ട'നെ'പ്പിടി-
ച്ചുലച്ചു ധൈര്യം നെടുവാൽ ചുഴററിയും
കലുങ്ങിടാതിക്കരി നോക്കമേതു നോ-
ക്കിലും, ലസിപ്പൂ ദുരവാപവിക്രമം. ൪

അകത്തിരിയ്ക്കും കുളിർ മുത്തുപംക്തി തൻ
പുകഴ്ന്ന കാന്തിത്തികവെന്ന പോലവേ,

* സമസ്തകേരളസാഹിത്യപരിഷത്തിൽ വായിച്ചതു്.

മികച്ച വെൺപുള്ളികളാണ്ട മസ്തകാ
തകത്തിടും സർവ്വവു, മത്ര പോരുമേ. 5
ഒരുഗ്രനോട്ടത്തിലതെന്റെ ജീവിത-
കരുത്തെടുക്കുന്നു, കുടുക്കിലായി ഞാൻ
തെരുന്നനെപ്പോകുമൊരുത്തനഞ്ജസാ
വരും വിപത്തെന്തിതിലും കവിഞ്ഞതായ്. 6
കടും 'പനമ്പട്ട' പൊളിച്ചു വീന്തി വ-
ന്നിടും നെടും തുമ്പി കരീന്ദ്രനാട്ടവേ
വിടുന്ന നിശ്വാസ മരുത്തൊടൊത്തു പോ-
യിടുന്നിതെൻ പ്രാണമരുത്തുമൊപ്പമേ. 7
'വയസ്സനാ'യീട്ടമൊരുത്തനെപ്പിടി-
ച്ചുയർത്ത മൂക്കിട്ടൊരു കുത്തു കുത്തവേ
സ്വയംവരണ്ടുള്ളൊരു ചോരയൊത്ത, നി-
ർദ്ദയന്റെ വൻകൊമ്പിലണിഞ്ഞു കാണമത്തും. 8
വിളിപ്പെട്ടും നിസ്തുലമസ്തകത്തിലും
കളികിണക്കം കലരും നടപ്പിലും
തെളിഞ്ഞ ശൃംഗാരമിരിപ്പു,— ചോരയിൽ
കുളിച്ചു കുംഭീന്ദ്ര! നമോ നമോസ്തു തേ. 9
ഗഭീരമായ് ദിക്കുതട ഭിത്തി പൊട്ടുമാ-
റഭീരു 'ചിന്നംവിളി' ചെയ്തിടട്ടിടെ
സ്വഭീമദേഹത്തെയുടൻ കടഞ്ഞു ത-
ന്നഭീപ്സിതം നേടിയ മട്ടിൽ നില്പയാം. 10
ഉഷാന്ധനീദ്രന്തി, യസൃക്കിലാപ്ലുതാ
വിഷണ്ണ,—മാക്കാരു മടുത്തു ചെല്ലുവാൻ?
നിഷാദിപോലും നിജ കൃത്യമോർത്തഹോ!
വിഷാദിയായ് നില്പു വിദൂരമാന്നിതഃ!! 11
അസംശയം മേ 'കഥ' തീർന്നി, തീക്ഷ്ണജാ
തനജ്ജനപ്രോജ്ഝിതനാം മദോൽക്കടൻ
പ്രസക്തിയെന്തുണ്ടിതിനോക്കിലെന്റെ മേൽ
പ്രസന്നതാലേശ മുദിച്ചു കാണുവാൻ. 12
ജ്വലൽ പ്രകോപൻ കൊലകൊമ്പു വെച്ചുര-
ച്ചുലച്ചൊരശ്വത്ഥമതാ! പതിച്ചു പോയ്
അലക്ഷ്യമായ് ച്ചെന്നതെടുത്തെറിഞ്ഞുകൊ-
ണ്ടലംഘ്യവീര്യൻ വിലസുന്നു വീണ്ടുമേ. 13

കരത്തിനാൽ പൂഴിയെടുത്തണിഞ്ഞു നി-
ർഭയം വിളങ്ങുന്നിതു വാരണോത്തമൻ
ശരത്തിൽ വെങ്കാറണി വന്നു മൂടിടും
സുരമ്യ ഭൂമീധരമെന്ന പോലവേ. 14

ഇടയ്ക്കിതാ! പിന്തിരിയുന്നു;—ഭാഗ്യ!!, മാ-
പ്പടന്ന കാതക്ഷി മറപ്പതാക്കകിൽ
സ്ഫുടം സ്വദേഹസ്ഥിതി കാണ്കിലപ്പൊഴൽ-
ക്കടം തകർത്താകെ മുടിയ്ക്കുമുദ്ധതൻ. 15

ഇതിന്റെ പാർപ്പാനകലത്തു നിന്നു കൊ-
ണ്ടുതിർത്തിടുന്നു പല വീരവാദവും
മതിയ്ക്കു വന്നില്ലൊരു ചഞ്ചലിപ്പു;—മെ-
ന്തതിക്രമം!! ദൃഷ്ടമായിതേററവും 16

ഇതാരു? പുറത്താ, ലൊരു പേടിയെന്നിയെ
നിതാന്ത സന്തോഷമടുത്തിടുന്നവൻ
അതാ!! കുറിയ്ക്കൊന്നെറിയുന്നു, ഹസ്തിയോ
കൃതാരവം കെട്ടിമറിഞ്ഞു വീണു പോയ്. 17

ഉറച്ച പാർത്തട്ട കലുങ്ങി മേൽക്കുമേൽ
വിറച്ചിതെല്ലാവരുമൊന്നു പോലവേ
കുറച്ചിടയ്ക്കുണ്ടു തിരക്കെ? ഹോ! മദം
നിറച്ചുഴം ദന്തി പതിച്ച മാത്രയിൽ. 18

അനന്യസാദ്ധ്യക്രിയയേവമാചരി-
ച്ചനങ്ങിടാതങ്ങിനെ നില്ക്കു മാപ്പുമാൻ
അനന്തമംഗല്യ വചോഭിഷിക്തനായ്
ജനങ്ങളിൽ പ്രീതി വളർത്തി മിന്നിനാൻ. 19

മറിഞ്ഞു വീണുള്ളതൊരാനയാണോ, വ-
ന്നെറിഞ്ഞു വീഴിച്ചതു മർത്ത്യനേകനാം,
എറിഞ്ഞതോ മുണ്ടു ചുരുട്ടിയിട്ടു, മെ-
ന്തറിഞ്ഞു നാം നമ്മുടെ ശാസ്ത്രവൈഭവം. 20

ശതം നമസ്കാര, മഗാധചിന്തയിൽ
സ്വതന്ത്രയാം പൂർവ്വികർ തൻ മനീഷികേ!
മതംഗജത്തിന്നുമൊരുററ ശാസ്ത്രമ-
ന്നതന്ത്രമുണ്ടാക്കി വിളങ്ങിയില്ലി? നീ. 21

# ഭാഷാസാഹിത്യത്തിന്റെ മറുവശം.

(ആർ. ഈശ്വരപിള്ള ബി. എ.)

തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാര്യർ മുതലായവരുടെ കാലംകഴിഞ്ഞതിനുശേഷം ഭാഷയ്ക്കും ഭാഷാസാഹിത്യത്തിനും ഒരു ദീർഘമായ നിശാകാലമായിരുന്നു. വിദ്വാന്മാർ അങ്ങുമിങ്ങുമുണ്ടായിരുന്നെങ്കിലും സാഹിത്യനിർമ്മാണം ഒരു ഗുരുതരമായ കൃത്യമായിരുന്നുവെന്നുള്ള ബോധം അവർക്കുണ്ടായിരുന്നതുകൊണ്ട് അതിന്നായി അധികം ആരും തുനിഞ്ഞിരുന്നില്ല. "നല്ലശിക്ഷകഴിച്ചോർക്കുമില്ല വിശ്വാസമാത്മനി" എന്ന മട്ടിലായിരുന്നു ഇവരുടേയും മനസ്ഥിതി. അപൂർവ്വം വല്ലവരും വല്ലതും എഴുതിയിരുന്നാലും അതിനെ അച്ചടിപ്പിക്കുവാനൊ പ്രസിദ്ധപ്പെടുത്തുവാനൊ അവർക്കു മടിയും ഉണ്ടായിരുന്നു. അതുകൊണ്ട് ഈക്കാലം സാഹിത്യവിഷയത്തിൽ ശൂന്യമായിത്തന്നെ ഇരുന്നു. എന്നാൽ എത്ര ദീർഘമായ രാത്രിക്കും ഒരു അവസാനം ഉണ്ടല്ലോ. മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാനവർകളുടെ സാഹിത്യപരിശ്രമാരംഭത്തോടുകൂടിയാണ് ഈ ദീർഘനിശ അവസാനിച്ചതും ഒരു ശുഭദിനത്തിന്റെ അഹർമ്മുഖം കണ്ടുതുടങ്ങിയതും. നവീനഭാഷാസാഹിത്യത്തിന്റെ അടിസ്ഥാനക്കല്ലിട്ടതു് ഈ മഹാൻതന്നെയാണെന്നുള്ളതും ഒരിക്കലും വിസ്മരിക്കത്തക്കതല്ല. അദ്ദേഹത്തിന്റെ അനതിശയനീയമായ തൂലികതന്നെയാണ് ഭാഷാസാഹിത്യത്തിൽ ഈ പുതിയ പ്രസ്ഥാനത്തിന്റെ ആമുഖം കുറിച്ചതും. എന്നാൽ സാഹിത്യത്തിന്റെ ഇന്നത്തെ പോക്ക് ഏതുവഴിക്കാകുന്നുവെന്നും, വഴിക്കുതന്നെ ആകുന്നുവോ എന്നും നോക്കാനുണ്ട്.

ഒരു കാലത്ത് സാഹിത്യദാരിദ്ര്യംകൊണ്ട് വലഞ്ഞിരുന്ന മലയാളഭാഷയിൽ പല കാരണങ്ങൾകൊണ്ടും ഇപ്പോൾ സാഹിത്യഗ്രന്ഥങ്ങൾ പ്രതിദിനം എന്നപോലെ വർദ്ധിച്ചുവരികയാണെന്നു പത്രങ്ങളിലും മററുമുള്ള പരസ്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ അനല്പമായ പ്രചാരം, മുദ്രാലയങ്ങളുടെ ബാഹുല്യം, തൊഴിലില്ലായ്മയുടെ വർദ്ധന, ധനാർജ്ജനഭ്രമം, കീർത്തി ലഭിക്കുവാനുള്ള മോഹം, അബദ്ധബോധം, അനർഹമായ പ്രശംസ, മുതലായവയാണു ഗ്രന്ഥനിർമ്മിതിയിൽ ഇന്നു നമ്മെ പ്രോത്സാഹിപ്പിക്കുന്ന കാരണങ്ങളിൽ പ്രധാനങ്ങളായിട്ടുള്ളവ. എന്നാൽ ഇപ്രകാരം ഉത്ഭവിക്കുന്ന ഗ്രന്ഥങ്ങൾ എല്ലാം ഭാഷയ്ക്കു സൽസന്താനങ്ങളായിരിക്കാൻ തരമുണ്ടോ എന്നും സംശയമാണ്. സാഹിത്യത്തിന്റെ ഗുണം തൽകർത്താവിന്റെ ബുദ്ധിവികാസം, വിജ്ഞാനം, വാസന, വാഗ്വൈഭവം, അനുഭവജ്ഞാനം മുതലായവകളെയാണ് പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു്. ഇവയൊന്നും ഇല്ലാതേയോ, വല്ലതും ഉണ്ടെങ്കിൽ അതി

ന പക്വതവരുന്നതുവരെ ക്ഷമിച്ചിരിക്കാൻ തരമില്ലാതെയൊ ഇരിക്കുന്ന നിലയിൽ എഴുതപ്പെടുന്ന ഗ്രന്ഥങ്ങൾ സാഹിത്യത്തിന്റെ ഉദ്ദേശ്യസാദ്ധ്യവിഷയത്തിൽ കേവലം നിഷ്ഫലങ്ങളോ അഥവാ വിപരീതഫലജന്യങ്ങളൊ ആയി പരിണമിക്കുവാനാണെളുപ്പം. എന്തെന്നാൽ ഈവക ഗ്രന്ഥങ്ങൾ ഒക്കെയും കല്പവൃക്ഷങ്ങളുടെ ഫലങ്ങളേപ്പോലെ ഉത്ഭവത്തോടുകൂടിത്തന്നെ പക്വങ്ങളാകുന്നവയല്ല. ചിന്താഗൎഭത്തിൽ വളരെക്കാലം കിടന്നു് പ്രതീകവികാസം സിദ്ധിച്ചതിനുശേഷം പുറത്തുവരുന്ന സാഹിത്യം മാത്രമേ ലോകൎക്കു് ആസ്വാദ്യവും ഉപകാരപ്രദവുമായി ഭവിക്കയുള്ളൂ. ഇപ്രകാരമുള്ള ഗ്രന്ഥങ്ങൾ ചുരുക്കമായിട്ടേ ഏതുഭാഷയിലും, പ്രത്യേകിച്ചു്, മലയാളത്തിലും, ഉണ്ടാകാൻ മാൎഗ്ഗമുള്ളൂ. ഇന്നത്തെ ഗ്രന്ഥമെഴുത്തുകാരിൽ അധികം പേരും ഇവയൊന്നും ഗണിച്ചല്ല സാഹിത്യഗ്രന്ഥനിൎമ്മിതിയിൽ പ്രവേശിച്ചിരിക്കുന്നതു്. യഥാൎത്ഥസാഹിത്യത്തിന്റെ സ്വരൂപജ്ഞാനം ലേശം കൂടാതെയും, അവരവരുടെ ബുദ്ധിശക്തിയുടെ അളവെടുക്കാതെയും, അവശ്യം വേണ്ട ജ്ഞാനമെങ്കിലും സമ്പാദിക്കാതെയും, വായനക്കാരുടെ മനസ്ഥിതിയെ ഗണിക്കാതെയും കേവലം ഗ്രന്ഥകൎത്താവെന്നുള്ള പേരു ലഭിക്കാൻ മാത്രമായും ധനത്തിലേക്കു് ഒരു അപാംഗദൃഷ്ടിയോടുകൂടിയുമാണു മിക്കവരും ഇന്നു് ഗ്രന്ഥം എഴുതുവാൻ പുറപ്പെടുന്നതു്. എഴുതിക്കഴിഞ്ഞാൽ പിന്നെ, പത്രങ്ങളിലും മററും പ്രശംസാരൂപമായ പരസ്യം പ്രസിദ്ധപ്പെടുത്തുകയും അഭിപ്രായം എഴുതി വാങ്ങുകയും ചെയ്യാനുള്ള ശ്രമമാണു് പ്രധാനമായി കാണുന്നതു്. ഇന്നു മലയാളഭാഷാസാഹിത്യത്തിൽ സ്ഥാനാൎത്ഥികളായി നില്ക്കുന്ന പുസ്തകങ്ങൾ അധികവും ഇത്തരങ്ങളാണു്. മലയാളഭാഷയിൽ ഗ്രന്ഥം എഴുതുന്നതിനു പാണ്ഡിത്യവും പക്വബുദ്ധിയും ഒന്നും ആവശ്യമില്ലെന്നാണു് ഇവരിൽ പലരുടേയും അബദ്ധമൊ സുബദ്ധമൊ ആയ ബോധം.

മലയാളം സ്വഭാഷ അല്ലാത്തവരും, ഏറക്കുറെ അതു് അബദ്ധമായി സംസാരിക്കുന്നവരുംകൂടി അതിൽ ഗ്രന്ഥം നിൎമ്മിക്കുവാൻ ഇപ്പോൾ തുടങ്ങിയിട്ടുണ്ടു്. എന്നാൽ, നമ്മുടെ ഇടയിൽതന്നെ ഇംഗ്ലീഷിലും സംസ്കൃതത്തിലും പാണ്ഡിത്യം സമ്പാദിച്ചവർ ധാരാളമുണ്ടെങ്കിലും ആ ഭാഷകളിൽ ഗ്രന്ഥമെഴുതുന്നതിനു് ഇവരാരും തുനിഞ്ഞു കാണുന്നില്ല. ഇതു് പക്ഷേ ആ ഭാഷകളിലെ വ്യാകരണനിയമങ്ങളുടെ കാൎക്കശ്യത്തെ ഭയന്നിട്ടോ മററൊ ആയിരിക്കാം. അല്ലെങ്കിൽ, ഇവർ ഈ ഭാഷകളേയുംകൂടി ക്ലേശിപ്പിക്കാതിരിക്കയില്ലായിരുന്നു. മലയാളഭാഷയ്ക്കു വ്യാകരണവും നിയമവും ഒന്നുംതന്നെ വേണ്ടല്ലോ. "സാഹിത്യ"മെന്നും പറഞ്ഞു കൈരളിയുടെ ചുമലിൽ വയ്ക്കുന്നതെല്ലാം അതു ചുമന്നുകൊള്ളുമെന്നാണു നമ്മുടെ മിക്കവരുടേയും വിചാരം. കൈരളി ഇത്രത്തോളം അനാഥയാണോ എന്നാണു സംശയിക്കുന്നതു്. ഭാഷയിൽ ഗ്രന്ഥങ്ങൾ വൎദ്ധിക്കുന്നതു് അഖില

ഷണീയംതന്നെയാണെങ്കിലും അവ ഭാഷയ്ക്കു ഭൂഷണമായിരിക്കുന്നതിനു പകരം കേവലം അതിനു ഭാരമായും വൈരൂപ്യജനകമായും ഇരിക്കുന്നതായാൽ അതു വളരെ പരിതാപകരംതന്നെയാണു്. ഇത്തരത്തിലുള്ള അനേകം ഗ്രന്ഥങ്ങൾ ഇപ്പോൾ മലയാളഭാഷയിൽ ഉണ്ടായിക്കൊണ്ടിരിക്കയാണു്. ഈ വിഷയത്തിൽ യാതൊരു വിധമായ നിയന്ത്രണവും ഇല്ലാതിരിക്കുന്നതിനാൽ ഇപ്രകാരമുള്ള ഗ്രന്ഥനിർമ്മിതി കുറയുവാനോ അഥവാ നിശ്ശേഷം ഇല്ലാതാവാനോ മാർഗ്ഗമില്ലെന്നാണു തോന്നുന്നതു്. ഇപ്പോൾ യഥാർത്ഥസാഹിത്യഗ്രന്ഥങ്ങളേക്കാൾ സംഖ്യയിൽ കവിഞ്ഞു നില്ക്കുന്നതു് ഈ മാതിരിയിലുള്ള ക്ഷുദ്രഗ്രന്ഥങ്ങളാണു്. ഒരു ഭാഷയ്ക്കുള്ള വിലയും സ്ഥാനവും അതിലുള്ള ഉത്തമഗ്രന്ഥങ്ങളുടെ ബാഹുല്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഭാഷയിൽ ഉത്തമഗ്രന്ഥങ്ങൾ കുറഞ്ഞും മറ്റു വിധമുള്ള ഗ്രന്ഥങ്ങൾ നിറഞ്ഞും ഇരിക്കുന്നതായാൽ അന്യദൃഷ്ടിയിൽ ആ ഭാഷയ്ക്കു വലിയ വിലയില്ലാതിരിക്കാനാണു് ഇടയുള്ളതു്. മലയാളഭാഷയ്ക്കു് ഇന്നു ലോകദൃഷ്ടിയിൽ ഒരു മാന്യസ്ഥാനം ലഭിച്ചുവരുന്നതേയുള്ളു. ഇങ്ങനെ ഇരിക്കുന്ന അവസരത്തിൽ അതിനെ ഉന്നതപദത്തിലേയ്ക്കു് ഉയർത്തുന്നതിനു സഹായിക്കയല്ലാതെ സ്വസ്ഥാനത്തുനിന്നും താഴ്ത്തുന്നതായ യാതൊരു പ്രവൃത്തിയും ഭാഷാഭിമാനികൾ ചെയ്തുകൂടാത്തതാകുന്നു. അതുകൊണ്ടു് ഗ്രന്ഥമെഴുത്തിൽ അതിയായ ഭ്രമമുള്ളവരും, ആ വഴിക്കു ധനം സമ്പാദിപ്പാൻ ആകാംക്ഷയുള്ളവരുമായിരിക്കുന്നവരും ഭാഷയുടെ ഗുണത്തെമാത്രം ഉദ്ദേശിച്ചെങ്കിലും അല്പം സ്വൈരാവർജ്ജനം ശീലിക്കുന്നതു് എല്ലാംകൊണ്ടും നന്നായിരിക്കും. പണം കിട്ടുമോ എന്നും, യശസ്സു ലഭിക്കുമോ എന്നും, മാത്രമല്ല ഒരു ഗ്രന്ഥമെഴുത്തുകാരൻ നോക്കേണ്ടതു്. ഈ രണ്ടുദ്ദേശങ്ങളോടുകൂടിമാത്രം എഴുതപ്പെട്ട ഗ്രന്ഥങ്ങളെല്ലാം ലോകർ ഇന്നും വചസാ ശ്ലാഘിക്കയും ശിരസാ പൂജിക്കയും ചെയ്തുവരുന്നതു്. ഭാരതത്തിലെ പ്രസിദ്ധകവിയായ കാളിദാസൻ തന്റെ ഒരു വിശിഷ്ടകാവ്യത്തിന്റെ മുഖവുരയായി എന്താണു പറയുന്നതെന്നു നോക്കുക.

"മന്ദഃ കവിയശഃപ്രാർത്ഥീ ഗമിഷ്യാമ്യുപഹാസ്യതാം"

വാസ്തവം നോക്കിയാൽ പ്രസിദ്ധസാഹിത്യകാരന്മാരും മഹാകവികളും യശസ്സിനേയോ ധനത്തേയോ ലാക്കാക്കിയല്ല ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ളതു്. അങ്ങിനെമാത്രം ചെയ്യുന്നതായാൽ യശസ്സും ധനവും ഒരിക്കലും ലഭിക്കയുമില്ല. "യശസ്സ്" എന്നു പറയുന്നതു സദസദ്വിവേകതിഹേതുക്കളായിരിക്കുന്ന ലോകർ ഏതെങ്കിലും മഹനീയഗുണമുള്ളവർക്കു് സ്വയമേവ നല്കുന്ന ഒരു സമ്മാനമാണു്. അതു് അനാകാംക്ഷിതവും അനപേക്ഷിതവുമായി ലഭിക്കുന്ന ഒരു ബഹുമതിയുമാണു്. അതു് സ്നേഹിതന്മാൎക്കും, അവതാരികഎഴുത്തുകാൎക്കും കൊടുക്കാവുന്നതുമല്ല. കൊടുത്താൽ ഇരിക്കുന്നതുമല്ല. ധനത്തിനുവേണ്ടിമാത്രം എഴുതപ്പെടുന്ന കൃതികളും അതിനെ ആകൎഷിക്കുമെ

ന്നു വിചാരിക്കേണ്ടു. ഭാഗ്യംകൊണ്ടു പാഠ്യപുസ്തകമായിട്ടോ മറേറാ സ്വീകരിക്കപ്പെട്ടാൽ സ്വല്പം വല്ലതും അല്പകാലത്തേക്കു കിട്ടിയെന്നും വരാം; അതും നിശ്ചയമില്ല. ഇത്തരം പുസ്തകങ്ങൾക്ക് വല്ല പ്രശംസയും കിട്ടുന്നുണ്ടെങ്കിൽ അതു പത്രങ്ങളിലുള്ള പരസ്യങ്ങളിലും, പുസ്തകം വായിക്കാതെ അഭിപ്രായമോ അവതാരികയോ എഴുതുന്നവരിലും നിന്നുമാത്രമാണ്. "അത്രയുമായി" എന്നു വിചാരിച്ചു് ഗ്രന്ഥം എഴുതുന്നവരും ഒട്ടും കുറവല്ല. ഏതായാലും ഒരു പുസ്തകമെങ്കിലും എഴുതാതിരിക്കാൻ ചിലക്ക് പ്രയാസമാണ്.

"നോവൽ" എഴുത്തുകാരും "പദ്യ"കൃത്തുകളുമാണ് ഇപ്പോൾ ഭാഷാസാഹിത്യോപവനത്തിൽ സ്വച്ഛന്ദവിഹാരം തുടങ്ങിയിരിക്കുന്നതു്. ഇതാക്കും പ്രയാസംകൂടാതെ ചെയ്യാവുന്ന കാര്യങ്ങളാണെന്നു തോന്നിപ്പോകുന്നു. എല്ലാവരുടേയും മോഹം സാധിക്കാൻ കഴിയുമെങ്കിൽ അതും വേണ്ടതാണല്ലോ. പക്ഷേ ഗ്രന്ഥമെഴുതുന്ന വിഷയത്തിൽ ഇതു വേണമോ എന്നാണു സംശയം. ഇവയിലും നല്ല കൃതികൾ അപൂർവ്വം ചിലവ ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ തരമില്ല. തിരഞ്ഞുനോക്കിയാൽ പക്ഷേ നല്ലവയും കാണാതിരിക്കയില്ല. അപ്രകാരം അല്ലാത്തവ— അവയാണധികം— ഭാഷയ്ക്കു വഹിക്കാൻ പാടില്ലാത്തതായ ഒരു ഭാരം തന്നെ ആയിരിക്കും. പക്ഷേ അന്യർ ചുമക്കുന്ന ഭാരം നമുക്കു ലഘുവായിരിക്കുമല്ലോ. അനിയന്ത്രിതവും, നിരർഗ്ഗളവുമായ ഈവിധമുള്ള ഗ്രന്ഥനിർമ്മാണം ഒരു ഭാഷയ്ക്കും ആശാസ്യമായിരിക്കയില്ല. സാഹിത്യത്തിൻെറ വൈശിഷ്ട്യം ഗ്രന്ഥങ്ങളുടെ സംഖ്യയെ അല്ല അവയുടെ സ്വഭാവഗുണത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. എല്ലാ പരിഷ്കൃതഭാഷകളിലും അവയിലെ സാഹിത്യത്തെ സാമാന്യം ഒരുന്നതസ്ഥാനത്തിൽ തന്നെ വച്ചു് സംരക്ഷിക്കുന്നതിനുവേണ്ട ഏതെങ്കിലും സുസ്ഥിരമായ ഏർപ്പാടുകൾ ഉള്ളതായി കാണുന്നുണ്ടു്. എന്നാൽ മലയാളഭാഷയിൽ ഇപ്രകാരം ഒരു വ്യവസ്ഥ ഇതേവരെ ഉണ്ടായിട്ടുള്ളതായി കാണുന്നുമില്ല. പക്ഷേ അതു പരിഷ്കൃതഘട്ടത്തിൽ ഇനിയും എത്തിയിട്ടില്ലെന്നു പറയുമായിരിക്കാം. എന്നാൽ പല സംഗതികളും നോക്കിയാൽ മലയാളഭാഷ താരതമ്യേന എങ്കിലും ഒരു പരിഷ്കൃതഘട്ടത്തിനെ സമീപിച്ചിട്ടുണ്ടെന്നാണു വിചാരിക്കേണ്ടതു്. അഥവാ പരിഷ്കൃതഘട്ടത്തിലേയ്ക്കുള്ള പ്രയാണത്തിൽതന്നെയും, അതിൻെറ ചാരിത്രരക്ഷയ്ക്കു് ഏതെങ്കിലും ഒരു നിയന്ത്രണശക്തി അത്യാവശ്യമാണ്. ഭാഷാസാഹിത്യത്തെ കാടുകേറാതെ സംരക്ഷിക്കുന്നതിനും പോഷിപ്പിക്കുന്നതിനും സുസ്ഥിരമായ ഒരു സംഘമോ, പരിഷത്തോ ഒന്നും ഇപ്പോൾ ഇല്ലാതാണിരിക്കുന്നതു്. അതുപോലെതന്നെ സാഹിത്യവിഷയത്തിൽ നിർദ്ദാക്ഷിണ്യമായ നിരൂപണം ചെയ്യുന്നതിനു വൈദഗ്ദ്ധ്യം സമ്പാദിച്ചവരോ, അതിനു ചുമതലപ്പെട്ടിട്ടുള്ളവരോ, അതിലേക്കു സന്നദ്ധന്മാരായിട്ടുള്ളവരോ, പ്രത്യേകം മാസിക

കളോ ഒന്നുംതന്നെ ഇപ്പോൾ ഇല്ല. ഇതാണ് ഭാഷാസാഹിത്യത്തിന്റെ ഇന്നത്തെ പ്രധാനന്യൂനത.

ഇന്ന് ഏതുതരം പുസ്തകങ്ങൾ എഴുതിത്തള്ളിയാലും അവയെല്ലാം നിരൂപണഖഡ്ഗധാരയുടെ സ്പർശം തട്ടാതെ സാഹിത്യം എന്ന പേരിലും നിലയിലും ഭാഷതന്നെ ചുമലിൽ വഹിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ദുർവ്വഹമായിരിക്കുന്ന ഭാരത്തിൽനിന്നു കൈരളിയെ മോചിപ്പിച്ചാൽ മാത്രമേ ഭാഷയ്ക്കും സാഹിത്യത്തിനും സ്വച്ഛന്ദമായി വളരുന്നതിനും വികസിക്കുന്നതിനും സൗകര്യം ലഭിക്കയുള്ളൂ. അതുകൊണ്ടു നിർദ്ദാക്ഷിണ്യമായ ഒരു സാഹിത്യനിരൂപണത്തിന് അല്ലെങ്കിൽ ഗ്രന്ഥപരിശോധനയ്ക്കു സുസമ്മതമായ ഒരേർപ്പാട് അത്യാവശ്യമായിട്ടാണിരിക്കുന്നത്. എന്നാൽ ഈ കാര്യം അല്പമായെങ്കിലും നിർവ്വഹിക്കുന്നതിന് ഇപ്പോൾ വല്ല ഏർപ്പാടും ഉണ്ടോ എന്നു ചിന്തിക്കേണ്ടതായിട്ടുണ്ട്. "നിരസ്തപാദപെ ദേശേ, ഏരണ്ഡോപി ദ്രുമായതേ" എന്നപോലെ ഒരുമാതിരി ഗ്രന്ഥനിരൂപണം ഇന്നു നടക്കുന്നില്ലെന്നു ഖണ്ഡിച്ചുപറവാൻ തരമില്ല. പക്ഷേ അത് ഏതുമാതിരിയിലുള്ളതാണെന്ന് അല്പം ആലോചിക്കേണ്ടത് അത്യാവശ്യമാണ്. (൧) എല്ലാ മാസികകളും പത്രങ്ങളും ഇത് അവയുടെ കൃത്യപരിധിയിൽ ഉൾപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ ഇവയ്ക്ക് ഈ വിഷയത്തിൽ പ്രത്യേകവിദഗ്ദ്ധന്മാർ ഇല്ലാതിരിക്കുന്നതിനാലും, ഇത് അവരുടെ പ്രധാനകൃത്യമായി അവർ ഗണിച്ചിട്ടില്ലാത്തതിനാലും ഗ്രന്ഥനിരൂപണം എന്ന പേരിൽ വല്ലതും ചിലതൊക്കെ നടക്കുന്നുണ്ടായിരിക്കാം. ഗ്രന്ഥകാരന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളെ മാസികകൾക്കും പത്രങ്ങൾക്കും അയച്ചുകൊടുക്കുന്നതുതന്നെ നിർദ്ദാക്ഷിണ്യമായ ഒരു നിരൂപണത്തെ കാംക്ഷിച്ചിട്ടല്ലല്ലോ. മിക്കവാറും ഒരു ആനുകൂല്യധുമരമായ അഭിപ്രായത്തെ പ്രതീക്ഷിച്ചുംകൊണ്ടാണെന്നു പറയാതെ കഴികയില്ല. അങ്ങിനെയല്ലെങ്കിൽ ആരുംതന്നെ അവയുടെ അഭിപ്രായം ആവശ്യപ്പെടുകയില്ലല്ലോ. പത്രാധിപന്മാരും, മാസികാധിപന്മാരും ഇത് ഗ്രഹിച്ചിട്ടുള്ളവരാകകൊണ്ട്, ഒരുവിധം ചാഞ്ഞും ചരിഞ്ഞും ചിലതൊക്കെ പറയുന്നതും അസാധാരണമല്ല. ചിലർ സ്തുതിയുംവേണ്ട — ആക്ഷേപവും വേണ്ട എന്നു കരുതി, "ഗ്രന്ഥം കൈപ്പററി — അഭിപ്രായം വഴിയേ" എന്ന് ഒരു കുറിപ്പെഴുതി കാര്യം അവസാനിപ്പിക്കുകയും പതിവുണ്ട്. ആ "വഴിയേ" പിന്നെ പോകയുമില്ല. അപൂർവ്വം ചിലർ സ്നേഹത്തെയോ മററോ ആസ്പദമാക്കി കുറച്ചൊക്കെ പ്രശംസിച്ചു എന്നും വരാം. എന്നാൽ നിരൂപണകലയുടെ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ഗ്രന്ഥനിരൂപണം ചെയ്യുന്നതിന് ആരും ഒരുക്കില്ല. പക്ഷേ ഇതിന് ഇവരെ കുററപ്പെടുത്തീട്ടും ആവശ്യമില്ല. ഒരു ശരിയായ നിരൂപണത്തിന് അധീനമായിരിക്കത്തക്ക പുസ്തകങ്ങൾ അവർക്കു കിട്ടുന്നും ഇല്ലായിരിക്കാം. വ്യത്യസ്തങ്ങൾ അപൂർവ്വമായി ഉണ്ടെന്ന് പറയാതെയും കഴികയില്ല;

എന്നാൽ ഭൂരിഭാഗവും ഗ്രന്ഥനിർമ്മിതിയിൽ നമുക്കുള്ള അതിയായ ഭ്രമത്തിന്റെ അപകടങ്ങളും അനാശാസ്യങ്ങളുമായ ഫലങ്ങളാണെന്നുവേണം വിചാരിക്കാൻ. ഇനി വേറെ ഒരു തരം നിരൂപകന്മാരുമുണ്ട്. ഇതു് അഭിപ്രായപ്രദായകന്മാരാണ്. ഗ്രന്ഥകാരൻ ഒരു കത്തോടുകൂടി തന്റെ കൃതിയെ ചില മാന്യന്മാരുടെ "വിലയേറിയ അഭിപ്രായത്തിനായി" അയയ്ക്കുകയും സാധാരണയാണ്. "വിലയേറിയ അഭിപ്രായം" എന്ന വാക്യഖണ്ഡത്തിൽതന്നെ അല്പം സ്തുതിയെയും കൂടി ഗ്രഹിച്ചിട്ടുണ്ടെന്ന് ആർക്കും മനസ്സിലാകുമല്ലോ. ഈ അഭിപ്രായപ്രദായകൻ നിരൂപണനൈപുണ്യം ഉള്ള ഒരാളായിരിക്കുകയും അത്ര സാധാരണയല്ലല്ലോ. സ്തുതിയും അല്പം കൈപ്പറ്റിപ്പോയല്ലോ. ഗ്രന്ഥകർത്താ സ്നേഹിതനുമായിരിക്കാം; ഇങ്ങനെ ഗത്യന്തരമില്ലാതെ—"പുസ്തകം വളരെ നന്നായിട്ടുണ്ട്"—അല്ലെങ്കിൽ "സമാന്യം നല്ല കവിതയാണ്"—"അടുത്ത പതിപ്പിൽ ഇനിയും നന്നായിരിക്കുമെന്ന് വിശ്വസിക്കുന്നു" "ഗ്രന്ഥകർത്താവ് കാലാന്തരത്തിൽ ഒരുത്തമസാഹിത്യകാരനായി തീരും"എന്നോ മററു വിധത്തിലോ മൂടിപ്പൊതിഞ്ഞിട്ടുള്ള ഒരഭിപ്രായവും ലേഖാമൂലം നല്കുന്നു. ഇതിലും കവിഞ്ഞിട്ടുള്ള ഒരഭിപ്രായം പുറപ്പെടുവിക്കുന്നവരും ഇല്ലാതില്ല. ഇവർക്കു വൈദഗ്ദ്ധ്യം ഉണ്ടെങ്കിൽതന്നെയും യഥാർത്ഥനിരൂപണം സാദ്ധ്യമല്ലാതാണിരിക്കുന്നതു്. ചിലർ ഗ്രന്ഥകാരന് ഒരു ഉയർച്ച നല്കാൻവേണ്ടി "സുപ്രസിദ്ധഗദ്യകാരനായ" എന്ന് ആദ്യമേ ആരംഭിക്കും. ഇതു് ലോകസമ്മതത്തോടെയെന്ന മട്ടിലാണ് പ്രയോഗിക്കുന്നതു്. പിന്നെ ഒരു തർക്കത്തിനും വഴിയുമില്ലല്ലോ. ഗ്രന്ഥകാരനോടു വല്ല രസക്കേടോ മററോ ഉണ്ടെങ്കിൽ ഗ്രന്ഥത്തെ ആപാദചൂഡം ആക്ഷേപിക്കുന്നതും അത്ര അസാധാരണമല്ല. ഇവിടെയും യഥാർത്ഥനിരൂപണം സിദ്ധിക്കുന്നില്ല.

ഇനിയൊന്നുള്ളതു പാഠ്യപുസ്തകസംഘങ്ങളാണ്. തങ്ങളുടെ ഗ്രന്ഥം പാഠ്യപുസ്തകമാക്കിയാൽ ധാരാളം പണം സമ്പാദിക്കാമെന്നുള്ള മോഹമോ, അഥവാ അതിമോഹമോ നിമിത്തം എല്ലാത്തരം പുസ്തകങ്ങളും ഇവരുടെ പരിശോധനയ്ക്കു അയച്ചുകൊടുക്കുമല്ലോ. ഇതിലേയ്ക്കായി മാത്രം പ്രത്യേകം പുസ്തകങ്ങൾ ബദ്ധപ്പെട്ടു് എഴുതി നിശ്ചിതതീയതിക്കു സംഘക്കാർക്ക് അയക്കുന്നതും സാധാരണയാണ്. ഇങ്ങനെ തങ്ങളുടെ നേർക്ക് അവിച്ഛിന്നധാരയായി പ്രവഹിക്കുന്ന സാഹിത്യഗ്രന്ഥങ്ങൾ കൂലംകഷമായി പരിശോധിക്കുന്നതിന് ഈ ചെറിയ സംഘങ്ങൾക്ക് അസാദ്ധ്യമല്ലെങ്കിലും ദുസ്സാദ്ധ്യമാണെന്നുവേണം പറവാൻ. അതുകൊണ്ടു് ഇവരുടെ പരിശോധന ഒട്ടുംതന്നെ നിരൂപണരീതിയിൽ ആയിരിക്കാൻ തരമില്ല. പോരെങ്കിൽ ഇവരുടെ കൃത്യവും കേവലം നിരൂപണമല്ലല്ലോ. വിദ്യാലയങ്ങളിൽ ഉപയോഗപ്പെടുത്താൻ യോഗ്യതയുള്ളവയാണോ എന്നു മാത്രമേ ഇവർക്കു നോട്ടമുള്ളൂ. അതുതന്നെയും പലപ്പോഴും ബദ്ധപ്പാടിലും മററും തെററിപ്പോയെന്നും വന്നേക്കാം. എന്നാൽ ഇവർ അധികം പുസ്തകങ്ങളും തള്ളിക്കളഞ്ഞു എന്നു വരികയില്ല. അവരുടെ കൈകളിൽ വരുന്നവയിൽ ഒരുവിധം തൃപ്തിയുള്ളവയെ വിദ്യാലയങ്ങളിലേയ്ക്കും ശേഷിച്ചവ

യെല്ലാം വായനശാലകളിലേക്കും ഉപയുക്തങ്ങളായി സ്വീകരിക്കപ്പെടുകയാണു പതിവു്. ഇതിനുവേണ്ടുന്ന നിരൂപണം മാത്രമേ അവർ ചെയ്യാൻ നിയുക്തരായിട്ടുള്ളൂ. ഇങ്ങനെ പരിശോധനകഴിഞ്ഞു വിദ്യാലയങ്ങളിലേയ്ക്കു പ്രവേശിക്കുന്നതോ, പ്രവേശിപ്പിക്കുന്നതോ, ആയ പുസ്തകങ്ങളെപ്പററിയും ആക്ഷേപം ഇല്ല തിരിക്കുന്നില്ല' ഇതിന്ന് അംഗങ്ങളെ കുററപ്പെടുത്തീട്ടു് ആവശ്യമില്ല. അവക്കു് ഇത്രമാത്രമെ സാധിക്കയുള്ളൂ. അംഗങ്ങളുടെ പുസ്തകങ്ങളെപ്പററിയും അവർതന്നെ വിലപ്പോൾ അഭിപ്രായം പറയേണ്ടതായും വരും. വിലപ്പോൾ ജാതിയും, മതവും മററും നോക്കിയാണു് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു്. അംഗങ്ങൾ മിക്കവരും വേറെ ജോലിക്കാരുമാണു്. ഇവയെല്ലാംകൊണ്ടും ശരിയായ സാഹിത്യനിരൂപണം ഇവിടെയും ഉണ്ടെന്നു പറവാൻ തരമില്ല' പലകാരണങ്ങൾ കൊണ്ടും ഇവിടെ ഉണ്ടാവാനും തരമില്ല. (തുടരും)

## പ്ലാവിലയും മണ്ണാങ്കട്ടയും *

(കവിതിലകൻ കണ്ടൂർ നാരായണമേനോൻ ബി. എ.)

(മഞ്ജരി)

"എന്നുമോരോന്നു പഠിച്ചു പഠിച്ചു ഞാ-
നൊന്നു മറിയാത്തോനെന്നറിഞ്ഞേൻ"
എന്നൊരു തോഴരോടോതി പുരാ പുക-
ഴാൎന്നോരു സോക്രട്ടീസ്സെന്ന വിദ്വാൻ,
ഇപ്പോഴോ വല്ലതു മല്പമറിഞ്ഞവ-
രപ്പോഴേ സൎവ്വജ്ഞ പീഠമേറും
ദൎപ്പമാൎന്നൂമസാദ്ധ്യം തനിയ്ക്കെന്നു
മൂഢപ്പൂവിലൊത്തു പരം ഞെളിയും
ദൈവമുണ്ടോൎക്കുംമേലെയായെന്നുള്ള
ഭാവമേ ഗൎവ്വാലവർ മറക്കും.
കേൾപ്പീലെ വെട്ടി'യസാദ്ധ്യ'മെന്നാവാക്കു
നെപ്പോളിയൻ തൻ നിഘണ്ടു തന്നിൽ
ആണ്മയിങ്ങേവൎക്കു മാവശ്യമെങ്കിലും
താഴ്മ യതിന്നൊരു ഭൂഷ തന്നെ.
താമ്പാതി ദൈവം താൻ പാതിയെന്നോൎക്കണം
വമ്പാൎന്നുള്ളോരും വിനയമോടെ
അന്യാപദേശമായിത്തത്വമോതീടും
നന്നായൊരു കഥ ഞാൻ കഥിപ്പൻ
കൂട്ടുകെട്ടാൎന്നിതു തമ്മിലൊരു മണ്ണാ-
ങ്കട്ടയുണക്കപ്പിലാവിലയാം
ഉററം തൻമേന്മ നിനച്ചിരുപേൎക്കുമ-
ന്നേററ മൂഢത്തട്ടിലുദിച്ചിരുന്നു.

* സമസ്തകേരളസാഹിത്യപരിഷത്തിൽ വായിച്ചതു.

മൽകുല കൂടസ്ഥനല്ലേ ശരണമായ്
നില്ക്കുന്നു നിത്യം ദ്വിജാളിയ്ക്കെല്ലാം
തക്കത്തിലാക്കും കൊട്ടക്കരുതേ സുധ
തോൽക്കുന്ന ചക്കപ്പഴത്തെ മേന്മേൽ
നിത്യവുമേകുന്നു താപാർത്തരായവ-
നത്യന്ത ശീതളച്ഛായയേയും
ചിത്തരംഗത്തിൽ പ്ലാവിലയ്ക്കുണ്ടു ഗ-
ർവ്വിത്തരമോരോന്നു ചിന്തിച്ചേററം
പാരിൽ വരാതെ പുരുഷാർത്ഥം സാധിച്ചോ-
രാരിങ്ങിരിപ്പൂ ജഗത്തിലോർത്താൽ
മണ്ണിലല്ലാതെ മുളയ്ക്കുമോ മാനുഷ-
ർക്കുണ്ണുവാനുള്ള പദാർത്ഥമൊന്നും
മണ്ണിൻമഹത്വമുരയ്ക്കുവയ്യാർക്കുമേ
വിണ്ണിനുമത്ര വലിപ്പമില്ല.
തിണ്ണന്നിവണ്ണം പലതും കരളിങ്കൽ
നണ്ണി മൺകട്ടയും തള്ളലാർന്നു
കാററു വരുമ്പോൾ മൺകട്ടയെ തന്മീതെ
കേററിയിരുത്തി പിലാവില താൻ
മാരിചൊരികെ മൺകട്ടയെക്കാത്തവൻ
ഏറിയിരിക്കുമതിന്റെ മീതെ
നോക്കുക നമ്മുടെ ബുദ്ധിസാമർത്ഥ്യം നാം
നീക്കുന്നു വായ്ക്കും വിപത്തശേഷം
മോശക്കാരല്ല നാം നമ്മൾക്കസാധിയ്ക്കാ-
മാശിക്കും കാര്യമശേഷമെങ്ങും
ക്ലേശിക്കാതൊട്ടു നാം രണ്ടാളും ചേരുകിൽ
കാശിക്കും പോകാമെന്നോർത്തു തമ്മിൽ
പേശിക്കരളിൽക്കനക്കിൽക്കവിഞ്ഞ ഗ-
ർവ്വേശിക്കൊണ്ടായവർ യാത്രയായി.
മായതൻ ചെപ്പിടി വിദ്യയായിപ്പര-
മായതമായുള്ളുലകിലെങ്ങും
പോയതിൽച്ചേരും വിശേഷങ്ങൾ കാണ്മതി-
ന്നായതിമോദാലവർ നടന്നു
ഏകനാമീശ്വരൻ മായയായ് ചേർന്നിങ്ങ-
നേകവിധമായിക്കാണ്മതല്ലോ
ലോകം മുഴുവൻ—ഒരൊററത്തറവാടാ-
ണാകയാലിക്കാണും നമ്മൾക്കെല്ലാം
ഈശാംശജാതർ നാം സോദരരേവരും
ലേശമതോർക്കാതെ തമ്മിൽത്തമ്മിൽ
ക്ലേശദാഹങ്കാരക്രോധാസൂയാദിയാൽ

ക്ലേശമാക്കീടുന്നു ജീവിതം നാം
ഒററമരത്തിലെ കൊമ്പുകൾ പോലല്ലൊ
മുററുമിന്നുള്ള മതങ്ങളോർത്താൽ
കുററമില്ലൊന്നിനു മേതിന്നും മോക്ഷമാ-
ണററം വഴി വേറെ യെന്നേയുള്ളൂ.
ജാതി തൊഴിലറിയിപ്പാനാണായതി
ലേതിന്നും തീണ്ടൽ മറെറാന്നാലില്ല
ചണ്ഡാലൻ ലോകത്തറവാട്ടിൽ നമ്മൾക്കൊ
രണ്ണനൊ തമ്പിയൊ തന്നെയല്ലേ?
വിപ്രനും ശൂദ്രനും തച്ചൻപറയനു-
മാപ്പറച്ചിപെറേറാരൊന്നിച്ചല്ലേ
തൽപ്പിതൃശ്രേഷ്ഠത്തെയുട്ടിയതക്കഥ
യിപ്പാരിലെങ്ങും പ്രസിദ്ധമല്ലേ?
ഈവണ്ണമോർത്തിങ്ങിണങ്ങിക്കഴിയേണം
ദൈവത്തിൻ മക്കളാം നാമെല്ലാരും
വേണ്ടതീമട്ടുതാനെങ്കിലുമിപ്പോഴാ-
രുണ്ടതുപോലേറെ ശ്ശാന്തിയാകുന്നോർ?
പ്രേമസ്വരൂപനാമീശൻെറ മക്കൾ നാം
പ്രേമമഹത്വമറിഞ്ഞിടാതെ
കാമവും ക്രോധവും ലോഭവും ഭൃത്യരാം
കേമൻ കലിയുടെയടിമകളായ്
കാട്ടുന്ന കൃത്യ കടുപ്പമയ്യൊ തമ്മിൽ
വെട്ടിച്ചാവുന്നു ചതിച്ചിടുന്നു
തെല്ലല്ല സാഹിത്യരംഗത്തിലും തമ്മിൽ
ത്തല്ലല്ലലേററമസൂയയാലെ
ദൂഷണം ചൊല്ലിസ്സുഹൃത്തുക്കളെപ്പാര
മേഷണിക്കാർ പോയ്യുന്നക്കീടുന്നു
ഇത്ഥം കലിക്രൂരത്തരങ്ങളായ പാരിലെ
വൃത്തങ്ങളോരോന്നു നോക്കി നോക്കി
കാററും മഴയുമാം മററലർ നമ്മോടു
തോററുപോയെന്നും തെളിവോടോതി
ഉററാം വളർന്നവർ പോമക യൊരുമിച്ചു
കാററും മഴയു മൊന്നെത്തിയപ്പോൾ
കാററിൽ പറന്നു ചിലാവില, മൺകട്ട
മുററും മഴയിലലിഞ്ഞുപോയി
ഉൾക്കാമ്പിലോർക്കും വിധമാസ്സൂരികയി
ല്ലാക്കയു മേതൊരു ബുദ്ധിമാനും
നോക്കളുകൊണ്ടിദ്ധരാഭംഗം വരായ്വാനായ്
നിഷ്കാമമായ് ചെയ്ക കർമ്മമെല്ലാം.